VOL NO: 06 I ISSUE 51
www.nerpatham.com
mail@nerpatham.com
2022 DECEMBER 17 I ₹10

# നേർപഥം
വാരിക

## അവഗണിക്കപ്പെടുന്ന വൃദ്ധമാതാപിതാക്കൾ

ഭൗതികതയോടുള്ള മനുഷ്യന്റെ ആർത്തി സകല സീമകളും ലംഘിച്ചിരിക്കുന്നു. തിന്നും കുടിച്ചും രമിച്ചും രസിച്ചും ആസക്തിയുടെ പരകോടിയിലേക്ക് കയറിപ്പോവാനാണ് മനുഷ്യരിൽ ഭൂരിഭാഗവും ശ്രമിച്ച് കൊണ്ടിരിക്കുന്നത്. ആസ്വാദനത്തിന്റെ മാർഗത്തിൽ മൂല്യങ്ങൾക്കും അപരവികാരങ്ങൾക്കും അവർ നൽകുന്ന വില പൂജ്യത്തിന് താഴെയാണ്. എവിടെ ചെന്നാണിത് അവസാനിക്കുക, ആരാണിവർക്ക് നേർവഴി കാണിക്കുക?!

# മലയാളികൾ: വളരുന്ന ആസക്തി തളരുന്ന മനഃശക്തി



- || കളിക്കത്തിൽ ഉടയാത്ത മൂല്യങ്ങൾ
- || അല്ലാഹുവിന്റെ പദവി ചാർത്തപ്പെടുന്ന വ്യാജ വലിയ്യുകൾ
- || ശിരോവസ്ത്ര നിരോധനത്തിന് ഭൂരിപക്ഷാധിപത്യ സ്വഭാവം

# അറിവ് തേടി
# അലയേണ്ടതില്ല...
# അറിയേണ്ടതെല്ലാം
# വിരൽ തുമ്പിലുണ്ട്...
# പീസ് റേഡിയോ.....




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

# 0308
## നേർപഥം
വാരിക

2022 ഡിസംബർ 17
1444 ജുമാദുൽ ഊല 22
പുസ്തകം 06 / ലക്കം 51






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10



**മലയാളികൾ:
വളരുന്ന ആസക്തി
തളരുന്ന മനഃശക്തി**
ഉസ്മാൻ പാലക്കാഴി

05
മുഖമൊഴി
അവഗണിക്കപ്പെടുന്ന
വൃദ്ധമാതാപിതാക്കൾ

06
ലേഖനം
രോഗങ്ങൾ
എന്തുകൊണ്ട്?
ഡോ. ടി. കെ യൂസുഫ്

18
ലേഖനം
അല്ലാഹുവിന്റെ പദവി
ചാർത്തപ്പെടുന്ന
വ്യാജ വലിയ്യുകൾ
മൂസ സ്വലാഹി കാര

24
ക്വുർആൻ ദർശനം
അസ്സുഖ്റുഫ്
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

26
ലേഖനം
ശിരോവസ്ത്ര
നിരോധനത്തിന്
ഭൂരിപക്ഷാധിപത്യ സ്വഭാവം
സുഫ്‌യാൻ അബ്ദുസ്സലാം

32
പാരന്റിംഗ്
കളിക്കത്തിൽ
ഉടയാത്ത മൂല്യങ്ങൾ
അശ്റഫ് ഏകരൂൽ

34
കവിത
ശപിക്കരുതേ!
ഹുസ്ന
മലോറം

# ആദർശരംഗത്ത് ദൗത്യനിർവഹണവുമായി വിസ്ഡം ജില്ലാ പ്രതിനിധി സമ്മേളനങ്ങൾക്ക് തുടക്കമായി

കോഴിക്കോട്: പ്രവാചകൻമാർ അഖിലവും പ്രബോധനം ചെയ്ത മഹത്തായ സന്ദേശം ജനമനസ്സുകൾക്ക് പകർന്ന് നൽകാനായി ബഹുമുഖങ്ങളായ പ്രവർത്തന പദ്ധതികളുമായി വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഒരുഭാഗത്ത് ദൈവവിശ്വാസത്തെയും പരലോക ചിന്തയെയും നിരാകരിക്കാനും നിഷേധിക്കാനുമുള്ള കൊണ്ടുപിടിച്ച ശ്രമം നടക്കുന്നു, മറുഭാഗത്ത് ദൈവ വിശ്വാസത്തിന്റെ മറവിൽ ആത്മീയ ചൂഷണങ്ങൾക്ക് പുരോഹിതൻമാർ വലവിരിച്ച് കാത്തിരിക്കുകയാണ്. സമൂഹത്തിലാകട്ടെ അധർമങ്ങളുടെ കുത്തൊഴുക്കാണ് നാം കണ്ടു കൊണ്ടിരിക്കുന്നത്. ധാർമികതയിലേക്കുള്ള തിരിച്ചുവരവാണ് എല്ലാത്തിനുമുള്ള പരിഹാരം. ഈ വിഷയം മുൻനിർത്തിക്കൊണ്ട് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജില്ലകളിൽ സംഘടിപ്പിക്കുന്ന പ്രതിനിധി സമ്മേളനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്.

അരീക്കോട്ടുവച്ച് നടന്ന മലപ്പുറം നോർത്ത് ജില്ല പ്രതിനിധി സമ്മേളനം വിസ്ഡം ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഹാരിസ് ഇബ്നു സലീം, സെക്രട്ടറി ഹുസൈൻ കാവനൂർ, വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് മുഹമ്മദ് അൻവർ, സെക്രട്ടറി ജംഷീർ സ്വലാഹി, അബ്ദുറഹ്മാൻ ചുങ്കത്തറ, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി. മുഹമ്മദ് ഷമീൽ, അബ്ദുൽ അഹദ്, ഷബീബ് മഞ്ചേരി, ഷമീൽ ടി തുടങ്ങിയവർ സംബന്ധിച്ചു.

മലപ്പുറം വെസ്റ്റ് ജില്ല പ്രതിനിധി സമ്മേളനം തലപ്പാറയിൽ വിസ്ഡം സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ് അധ്യക്ഷത വഹിച്ചു. ഫൈസൽ മൗലവി പുതുപ്പറമ്പ്, വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് അർശദ് താനൂർ, സി.വി. അസ്വീൽ, സുഹൈൽ പി.യു, യു. മുഹമ്മദ് മദനി, മുജീബ് ഒട്ടുമ്മൽ എന്നിവർ പങ്കെടുത്തു.

തലശ്ശേരിയിൽ നടന്ന നടന്ന കണ്ണൂർ ജില്ല പ്രതിനിധി സമ്മേളനം വിസ്ഡം സംസ്ഥാന സെക്രട്ടറി കെ. സജ്ജാദ് ഉദ്ഘാടനം ചെയ്തു. സി.പി.സലീം, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് ഹാരിസ് മദനി കായക്കൊടി, ടി.കെ. നിഷാദ് സലഫി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സെക്രട്ടറി ഡോ. ഷഹബാസ് കെ അബ്ബാസ് പങ്കെടുത്തു.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, ആലപ്പുഴ, തൃശൂർ ജില്ല പ്രതിനിധി സമ്മേളനങ്ങൾ ഡിസംബർ 18 ന് നടക്കും. കോഴിക്കോട് സൗത്ത്, കോഴിക്കോട് നോർത്ത്, ഇടുക്കി ജില്ലകളിൽ ഡിസംബർ 25നും പാലക്കാട്, മലപ്പുറം ഈസ്റ്റ്, വയനാട്, കാസറഗോഡ് ജില്ലകളിൽ ജനുവരി 1 നും നടക്കും.

ഡിസംബർ 12ന് താമരശ്ശേരി കോരങ്ങാട് സലഫി നഗറിൽവച്ച് നടന്ന മുജാഹിദ് ആദർശ സമ്മേളനത്തിൽ ഹുസൈൻ സലഫി മുഖ്യപ്രഭാഷണം നടത്തി. വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ്, ഹാരിസ് ഇബ്നു സലീം തുടങ്ങിയവർ പ്രസംഗിച്ചു.

# അവഗണിക്കപ്പെടുന്ന വൃദ്ധമാതാപിതാക്കൾ

'തിരുവനന്തപുരം മെഡിക്കൽ കോളജിൽ സ്വന്തക്കാർ ഉപേക്ഷിച്ച് 42 പേർ'-ഡിസംബർ 10ന് പുറത്തിറങ്ങിയ ഒരു ദിനപത്രത്തിൽ വൻപ്രാധാന്യത്തോടെ കൊടുത്ത വാർത്തയുടെ തലക്കെട്ടാണിത്.

വാർത്തയുടെ ചുരുക്കമിതാണ്: "വീട്ടിലേക്കു കൂട്ടിക്കൊണ്ടു പോകാൻ മക്കൾ വരുമെന്ന പ്രതീക്ഷ അസ്തമിച്ച് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ അനാഥരായി 42 മനുഷ്യർ. വിരമിച്ച സർക്കാർ ഉദ്യോഗസ്ഥരും മുൻ അഭിഭാഷകരും മുതൽ കൂലിത്തൊഴിലാളികൾവരെ ഇക്കൂട്ടത്തിലുണ്ട്. ശരീരം തളർന്നു ശയ്യാവലംബിയായ മുപ്പതുകാരനെയും പ്രായാധിക്യം പാടെ തളർത്തിയ എൺപതുകാരനെയുമെല്ലാം ഇവിടെ കാണാം. മാസങ്ങളുടെ കാത്തിരിപ്പിനൊടുവിലാണ് അവർ ആ യാഥാർഥ്യം തിരിച്ചറിഞ്ഞത്-ഞങ്ങളെ ആർക്കും വേണ്ട! വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും ഔന്നത്യം കൊട്ടിഘോഷിക്കുന്ന കേരളത്തെ നാണിപ്പിക്കും ഇവിടത്തെ കാഴ്ചകൾ. ലോക മനുഷ്യാവകാശ ദിനത്തിൽ ഞെട്ടലോടെ കേൾക്കാൻ ചില കഥകൾ ഇങ്ങനെ:

മക്കൾ 3 പേരുണ്ട്. വളർത്തുമകളെക്കൂടി ചേർത്താൽ നാലായി. തുടയെല്ല് ഒടിഞ്ഞു ശയ്യാവലംബിയായി ആശുപത്രിയിൽ കിടക്കുമ്പോൾ തിരിഞ്ഞുനോക്കാൻ ഒരാൾ പോലും ഉണ്ടായിരുന്നില്ല. ആശുപത്രി വിട്ടാൽ ഇനി എവിടേക്ക് എന്ന ചോദ്യത്തിനും ഈ എഴുപത്തിയാറുകാരന് ഉത്തരമില്ല. പേരും വിലാസവും കൊടുക്കരുതേ എന്ന് അദ്ദേഹം നിറകണ്ണുകളോടെ പറയുന്നു. മക്കളോടുള്ള കരുതൽ അച്ഛൻ മറന്നിട്ടില്ല. ഉള്ള സമ്പാദ്യം വീതിച്ചുകൊടുത്തു മക്കൾക്ക് നിറമുള്ള ജീവിതം നൽകിയ പലരും ഇവിടെയുണ്ട്. സ്വത്തു കണക്കിൽ തർക്കമുണ്ടായി പേരക്കുട്ടിയുടെ ഭർത്താവ് കാലു തല്ലിയൊടിച്ച വേദന പങ്കിടുമ്പോഴും മുത്തച്ഛന്റെ ജാഗ്രത താൻമൂലം ആർക്കും അപമാനം ഉണ്ടാകരുതെന്നാണ്. അഞ്ചുമക്കളുള്ള മറ്റൊരാളും ഇവിടെയുണ്ട്. അതിലൊരാൾ പോലും അച്ഛനെ തേടിയെത്തിയിട്ടില്ല.

ഓർത്തോ വിഭാഗത്തിൽ മാത്രം 18 പേരാണ് ഇത്തരത്തിൽ ബന്ധുക്കൾ ഉപേക്ഷിച്ച നിലയിലുള്ളത്. കുറച്ചുപേരെ ജോലിസ്ഥലത്ത് അപകടം പറ്റി കൊണ്ടുവന്നതാണ്. പരുക്കേറ്റ് വഴിയിൽ കിടക്കുമ്പോൾ ആശുപത്രിയിൽ ആരെങ്കിലും എത്തിച്ചവരുമുണ്ട്. വിലാസം കണ്ടുപിടിച്ച് ആശുപത്രി അധികൃതർ ബന്ധുക്കളെ അറിയിച്ചെങ്കിലും ആരും തിരിഞ്ഞു നോക്കിയിട്ടില്ല. വരാന്തയിൽ പോലും രോഗികൾ നിറഞ്ഞു കഷ്ടപ്പെടുമ്പോൾ, ബന്ധുക്കൾക്കു വേണ്ടാത്തവരുടെ പട്ടികയിൽപ്പെട്ടവരെ എത്ര നാൾ കിടത്തി പരിചരിക്കാൻ കഴിയും? എങ്കിലും 10 നഴ്സിങ് സ്റ്റാഫിനെ ഇവരുടെ മാത്രം പരിചരണത്തിനായി നിയോഗിച്ച് മെഡിക്കൽ കോളജ് ആശുപത്രി അധികൃതർ മാതൃക കാട്ടുകയാണ്. ആഹാരവും എത്തിച്ചു നൽകുന്നു."

വൃദ്ധൻ, വൃദ്ധ എന്നീ പദങ്ങൾ കേൾക്കുമ്പോൾതന്നെ പല യുവതിയുവാക്കളുടെയും നെറ്റി ചുളിയുന്ന കാലമാണിതെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. വൃദ്ധരായ മാതാപിതാക്കൾ പല മക്കൾക്കുമിന്ന് ശാപമാണ്, ഭാരമാണ്, വിഴുപ്പുഭാണ്ഡമാണ്. സ്നേഹമസൃണമായ പെരുമാറ്റവും വാത്സല്യത്തിന്റെ ഊഷ്മള സ്പർശവും അനിവാര്യമായ ഘട്ടത്തിൽ മക്കളിൽനിന്ന് അവഗണനയും പരിഹാസവും മാത്രം ലഭിക്കുന്ന മാതാപിതാക്കളുടെ നെഞ്ചിന്റെയുള്ളിലെ വേദന വിവരണാതീതമാണ്. തന്നെ പെറ്റു വളർത്തിയ മാതാവ്; തനിക്കു വേണ്ടി ആരോഗ്യവും ആയുസ്സും വിനിയോഗിച്ച് തന്നെ ഉന്നതനിലയിലെത്തിച്ച പിതാവ്; അവരെ ചവിട്ടിപ്പുറത്താക്കുന്ന സന്താനം ചെയ്യുന്നത് എന്തുമാത്രം വലിയ പാതകമല്ല!

മാതാപിതാക്കളോടുള്ള കടമകളെ ഇസ്‌ലാം വളരെ ഗൗരവതരമായാണു കാണുന്നത്. വിശുദ്ധ ക്വുർആനും (ഇസ്റാഅ്:17:23,24) പ്രവാചകവചനങ്ങളും ഇതിന്റെ പ്രാധാന്യം ഗൗരവത്തോടെ തന്നെ ഉണർത്തുന്നത് കാണാം. നബി(സ്വ) പറഞ്ഞു: "വാർധക്യം ബാധിച്ച മാതാപിതാക്കളെയോ അവരിൽ ഒരാളെയോ ലഭിച്ചിട്ടും സ്വർഗം നേടാൻ സാധിക്കാത്തവന് നാശം! അവന് നാശം! അവന് നാശം!".(മുസ്‌ലിം).

ലേഖനം



“ഒരു വിശ്വാസിയെ ബാധിക്കുന്ന എന്ത് ദീനവും ദുഃഖവും ദ്രോഹവും; എന്തിനേറെ മുള്ള് തറക്കുന്നത് പോലും-അതിലൂടെ അല്ലാഹു അവന്റെ പാപങ്ങൾ മായ്ച്ചുകളയുന്നു’’ -നബി(സ്വ)

# രോഗങ്ങൾ എന്തുകൊണ്ട്?

ഡോ. ടി. കെ യൂസുഫ്
:9349798262

രോഗങ്ങൾ അല്ലാഹുവിന്റെ പരീക്ഷണമാണ്. ഒരാളുടെ വിശ്വാസത്തിന്റെ ആഴമളക്കുന്നതിനും ദൈവവിധിയിലുള്ള അവന്റെ കാഴ്ചപ്പാട് പരിശോധിക്കുന്നതിനും വേണ്ടി അല്ലാഹു മനുഷ്യരെ പലവിധ രോഗങ്ങൾ കൊണ്ടും പരീക്ഷിച്ചേക്കാം. ആരെങ്കിലും തന്നെ ബാധിക്കുന്ന രോഗങ്ങളെ ക്ഷമാപൂർവം നേരിട്ടാൽ അതുമൂലം അവന് തന്റെ പാപങ്ങളിൽനിന്ന് മുക്തിനേടാനും പരലോകത്തുവച്ച് അല്ലാഹുവിന്റെ പ്രതിഫലം കരസ്ഥമാക്കാനും സാധിക്കും. എന്നാൽ മാറാരോഗങ്ങളുടെ പിടിയിലകപ്പെട്ടവർ വിധിയെ പഴിച്ചും മറ്റുള്ളവരെ പഴിചാരിയും കഴിഞ്ഞുകൂടിയാൽ തങ്ങളുടെ രോഗം ശമിപ്പിക്കാനോ വിധിയെ തിരുത്തിക്കുറിക്കാനോ അവർക്കാവുകയില്ല. തന്നെയുമല്ല, ഈലോകത്ത് അവരുടെ ജീവിതം നരകതുല്യമായിത്തീരുകയും അവർ ദൈവകോപത്തിന് പാത്രമാവുകയും ചെയ്യും.

ആധുനിക വൈദ്യശാസ്ത്രപ്രകാരം ഒരാൾക്ക് രോഗം ബാധിക്കുന്നത് രോഗാണുക്കളുടെ ആക്രമണംകൊണ്ടോ, അമിതഭോജനം മൂലമോ, പോഷകാഹാരത്തിന്റെ അപര്യാപ്തതകൊണ്ടോ അല്ലെങ്കിൽ മറ്റെന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾകൊണ്ടോ ആണ്. എന്നാൽ ഇത്തരം ഭൗതിക കാരണംകൊണ്ട് മാത്രം ഒരാൾ രോഗിയായിത്തീരുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. രോഗാണുക്കളുടെ കൂത്തരംഗായ വൃത്തിഹീനമായ ചുറ്റുപാടുകളിൽ അലഞ്ഞുതിരിഞ്ഞ് ജീവിക്കുന്ന തെരുവുമക്കളിൽ പലരും മെച്ചപ്പെട്ട ആരോഗ്യമുള്ളവരാണ്. അവർ രോഗികളായി മാറാത്തത് എന്തുകൊണ്ട് എന്ന ചോദ്യത്തിന് അവർക്ക് രോഗപ്രതിരോധ ശേഷിയുള്ളതുകൊണ്ട് എന്ന മറുപടിയാണ് വൈദ്യശാസ്ത്രം നൽകുന്നത്. എന്നാൽ എവിടെനിന്നാണ് അവർക്ക് ഈ അസാമാന്യ രോഗപ്രതിരോധശക്തി ലഭിച്ചത് എന്ന് ചോദിച്ചാൽ അതവർക്ക് പാരമ്പര്യമായി കിട്ടിയതാണ് എന്ന ഉത്തരമാണുള്ളത്. അതുപോലെ ഒരാൾ ജനിതക കാരണങ്ങളാൽ രോഗിയായി മാറുന്നതിനെക്കുറിച്ച് ചോദിച്ചാലും ആധുനിക ഭിഷഗ്വരന്മാർക്ക് തൃപ്തികരമായ മറുപടിയൊന്നും പറയാനില്ല, വൈദ്യശാസ്ത്രത്തിലെ തലയിലെഴുത്ത് എന്നു പറഞ്ഞ് അവർ ഒഴിഞ്ഞുമാറുകയാണ് ചെയ്യാറുള്ളത്.

രോഗം വരുമ്പോൾ അത് ബാധിക്കാനുള്ള ഭൗതിക കാരണങ്ങളെക്കുറിച്ച് പലരും ചിന്തിക്കാറുണ്ട്. എന്നാൽ രോഗത്തിനു പിന്നിൽ വല്ല ധാർമിക കാരണവുമുണ്ടോ എന്ന് അധികമാരും ചിന്തിക്കാറില്ല. ഒരാൾ രോഗിയായി മാറുന്നത് ഒരളവോളം അവന്റെതന്നെ കുഴപ്പം കൊണ്ടാണ്. പുകവലി, മദ്യപാനം, വഴിവിട്ട ലൈംഗിക ബന്ധങ്ങൾ എന്നീ കാരണങ്ങൾ കൊണ്ട് ഒരാൾ രോഗിയായിത്തീരുന്നത് അവന്റെ തന്നെ തെറ്റുകൊണ്ടാണല്ലോ. നമ്മുടെ തെറ്റുകൾ രോഗത്തിന് വഴിവയ്ക്കുമെന്നാണ് ചില ക്വുർആൻ സൂക്തങ്ങളും പ്രവാചകവചനങ്ങളും സൂചിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

“നിങ്ങൾക്ക് ഏതൊരു ആപത്ത് ബാധിച്ചിട്ടുണ്ടെങ്കിലും അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടുതന്നെയാണ്. മിക്കതും അവൻ മാപ്പാക്കുകയും ചെയ്യുന്നു” (ശൂറാ:30).

ഇബ്റാഹീം നബി(അ) തന്റെ രക്ഷിതാവിനെ പരിചയപ്പെടുത്തിക്കൊണ്ട് രക്ഷിതാവിന്റെ ഗുണഗണങ്ങൾ പറയുന്നിടത്ത് ഇപ്രകാരം കാണാം:

“അവനാണ് എന്നെ സൃഷ്ടിച്ചത്, അവനാണ് എനിക്ക് മാർഗദർശനം നൽകുന്നത്, അവനാണ് എനിക്ക് ആഹാരം നൽകുകയും കുടിനീർ നൽകുകയും ചെയ്യുന്നത്. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്” (ശുഅറാഅ് 78-80).

സൃഷ്ടിപ്പ് നടത്തുന്നതും മാർഗദർശനം നൽകുന്നതും അന്നപാനീയങ്ങൾ നൽകുന്നതും അല്ലാഹുവാണ് എന്ന് പറയുന്നുണ്ടെങ്കിലും അവനാണ് എനിക്ക് രോഗം നൽ

കുന്നത് എന്ന് പ്രത്യേകം പറയുന്നില്ല എന്നതിനാൽ ഈ ക്വുർആൻ വചനത്തിൽനിന്നും മനുഷ്യനെ ബാധിക്കുന്ന രോഗങ്ങളുടെ കാരണം അവൻ തന്നെയാണ് എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത് എന്ന് ചിലർ വ്യഖ്യാനിച്ചിട്ടുണ്ട്. അല്ലാഹുവാണ് ഏറ്റവും നന്നായി അറിയുന്നവൻ. എല്ലാവരെയും ബാധിക്കുന്ന എല്ലാ രോഗങ്ങളും അങ്ങനെയാകില്ലെങ്കിലും ചിലരെ ബാധിക്കുന്ന ചില രോഗങ്ങളെങ്കിലും അങ്ങനെയാകുമെന്നതിൽ സംശയമില്ല.

പുകവലിക്കാരൻ ക്യാൻസർ രോഗിയാകുന്നതും, മദ്യപാനിക്ക് കരൾ സിറോസിസ് ബാധിക്കുന്നതും, ലൈംഗിക സദാചാരം പാലിക്കാത്തവൻ എയിഡ്സ് എന്ന മഹാമാരിയുടെ പിടിയിലമരുന്നതും അവന്റെതന്നെ ദുഷ്‌ചെയ്തികൊണ്ടാണ് എന്ന് നമുക്ക് വ്യാഖ്യാനിക്കാം. എന്നാൽ ഒരു മനുഷ്യന് എത്ര പാടുപെട്ടാലും പ്രതിരോധിക്കാനാത്ത പാരമ്പര്യ ജനിതക വൈകല്യങ്ങൾ കാരണമായുണ്ടാകുന്ന രോഗങ്ങൾ പിടിപെടുമ്പോൾ ദൈവിക പരീക്ഷണം എന്നല്ലാതെ മറ്റെന്ത് വ്യഖ്യാനം നൽകിയാണ് നമുക്ക് സമാധാനം കണ്ടെത്താൻ കഴിയുക?

രോഗം ഒരു ശാപമല്ല; അത് ഒരു പരീക്ഷണമാണ്. സൂക്ഷ്മവിശകലനത്തിൽ വിശ്വാസികൾക്ക് അത് ഒരു അനുഗ്രഹവുമായിരിക്കും. ജീവിതത്തിൽ എന്തെങ്കിലും രോഗം ബാധിക്കാത്തവർ വിരളമാണ്. ലോക ജനതയിൽ നല്ലൊരു ശതമാനവും രോഗങ്ങളോട് മല്ലടിച്ച് ഔഷധസേവയിൽ ജീവിക്കുന്നവരാണ്. അവരിൽ അധികപേരും അക്ഷമരും രോഗത്തിന്റെ ഭൗതിക-പാരത്രിക നേട്ടങ്ങളെക്കുറിച്ച് അജ്ഞരുമാണ്. ഇരുട്ട് ഉണ്ടെങ്കിൽ മാത്രമെ വെളിച്ചത്തിന്റെ വിലയറിയൂ എന്നതുപോലെ രോഗങ്ങൾ വരുമ്പോൾ മാത്രമെ ആരോഗ്യത്തിന്റെ വില അറിയുകയുള്ളൂ. എന്നാൽ രോഗങ്ങൾ പാപമോചനത്തിന് വഴിയൊരുക്കുമെന്നാണ് ഹദീസുകൾ സൂചിപ്പിക്കുന്നത്.

നബി(സ്വ) പറഞ്ഞു: "ഒരു വിശ്വാസിയെ ബാധിക്കുന്ന എന്ത് ദീനവും ദുഃഖവും ദ്രോഹവും; എന്തിനേറെ മുള്ള് തറക്കുന്നത് പോലും-അതിലൂടെ അല്ലാഹു അവന്റെ പാപങ്ങൾ മായ്ച്ചുകളയുന്നു" (ബുഖാരി, മുസ്‌ലിം). ഇക്കാര്യം സൂചിപ്പിക്കുന്ന വേറെയും ഹദീസുകൾ ഉണ്ട്.

നബി(സ്വ) ഒരിക്കൽ പനി ബാധിച്ച ഒരു ബന്ധുവിനെ സന്ദർശിച്ചു. അദ്ദേഹം ചോദിച്ചു: "അല്ലയോ ഉമ്മു മുസയ്യബ്, നിനക്കെന്തു പറ്റി? നീ എന്താണ് വിറക്കുന്നത്?" അവർ പറഞ്ഞു: "പനി, അല്ലാഹു അതിൽ അനുഗ്രഹിക്കാതിരിക്കട്ടെ." അപ്പോൾ പ്രവാചകൻ(സ്വ) പറഞ്ഞു: "നീ പനിയെ പഴിക്കരുത്. കാരണം അത് ആദമിന്റെ സന്തതിയുടെ പാപങ്ങളെ പോക്കും; ഉല ഇരുമ്പിന്റെ കീടം പോക്കുന്നതു പോലെ" (മുസ്‌ലിം).

രോഗങ്ങളിലൂടെ മാത്രമല്ല, ഒരാളുടെ ശരീരത്തിലും സമ്പത്തിലും സന്താനങ്ങളിലുമുള്ള എന്ത് പരീക്ഷണങ്ങളിലൂടെയും ഒരാളുടെ പാപങ്ങൾ പാടെ ഇല്ലാതാകും എന്ന് സൂചിപ്പിക്കുന്ന പ്രവാചക വചനങ്ങളുമുണ്ട്.

നബി(സ്വ) പറഞ്ഞു: "വിശ്വാസിക്കും വിശ്വാസിനിക്കും തന്റെ ശരീരത്തിലും സന്താനത്തിലും സമ്പത്തിലും പരീക്ഷണം ഉണ്ടായിക്കൊണ്ടേയിരിക്കും. അങ്ങനെ അവൻ തന്റെമേൽ പാപങ്ങൾ ഒന്നും ഇല്ലാത്തരൂപത്തിൽ അല്ലാഹുവിനെ കണ്ടുമുട്ടും" (തിർമുദി).

ഒരു വിശ്വാസിയുടെ പാപങ്ങൾ ദൂരീകരിക്കാൻ വേണ്ടി അല്ലാഹു തന്നെ അവന് നൽകുന്ന മാർഗങ്ങളാണ് അവനെ ബാധിക്കുന്ന രോഗങ്ങൾ എന്നർഥം. പാപങ്ങൾ നിമിത്തമാണ് രോഗങ്ങൾ ബാധിക്കുന്നത് എന്നും രോഗങ്ങളിലൂടെ അല്ലാഹു അധികമായി പൊറുത്തുകൊടുക്കുമെന്നും പ്രവാചക വചനങ്ങളിൽ കാണാം.

നബി(സ്വ) പറഞ്ഞു: "ഒരു നാഡിയും നേത്രവും അസ്വസ്ഥമാകുന്നില്ല; ഒരു പാപം നിമിത്തമല്ലാതെ. അതിനെക്കാൾ കൂടുതൽ അല്ലാഹു പൊറുത്ത് കൊടുക്കുന്നു" (ത്വബ്‌റാനി).

നാം ചെയ്യുന്ന തെറ്റുകൾക്കുള്ള ശിക്ഷ ഇഹലോകത്തുനിന്നു തന്നെ രോഗങ്ങളിലൂടെ ലഭിക്കുകയും അതുമൂലം നമുക്ക് പാരത്രിക ശിക്ഷയിൽനിന്നും രക്ഷപ്പെടുവാൻ സാധിക്കുകയും ചെയ്യും. തെറ്റുകൾക്ക് ദുനിയാവിൽനിന്നുതന്നെ ശിക്ഷ ലഭിക്കുന്നതാണ് ഉത്തമമെന്ന് സൂചിപ്പിക്കുന്ന മറ്റൊരു തിരുവചനവും നമുക്ക് കാണാം.

നബി(സ്വ) പറഞ്ഞു: "അല്ലാഹു തന്റെ ദാസന് നന്മ ഉദ്ദേശിച്ചാൽ അവന് ഇഹലോകത്തു വച്ചുതന്നെ ശിക്ഷ വേഗത്തിൽ നൽകും. അല്ലാഹു ഒരു അടിമക്ക് തിന്മ ഉദ്ദേശിച്ചാൽ അവന്റെ പാപത്തിന് നടപടിയെടുക്കാതിരിക്കുകയും അന്ത്യദിനത്തിൽ അത് അവന് പൂർണമായും നൽകുകയും ചെയ്യും" (തിർമുദി).

ഒരു വിശ്വാസിയെ സംബന്ധി

**ഒരാളുടെ വിശ്വാസത്തിന്റെ ആഴമളക്കുന്നതിനും ദൈവവിധിയിലുള്ള അവന്റെ കാഴ്ചപ്പാട് പരിശോധിക്കുന്നതിനും വേണ്ടി അല്ലാഹു മനുഷ്യരെ പലവിധ രോഗങ്ങൾകൊണ്ടും പരീക്ഷിച്ചേക്കാം. ആരെങ്കിലും തന്നെ ബാധിക്കുന്ന രോഗങ്ങളെ ക്ഷമാപൂർവം നേരിട്ടാൽ അതുമൂലം അവന് തന്റെ പാപങ്ങളിൽനിന്ന് മുക്തിനേടാനും പരലോകത്തുവച്ച് അല്ലാഹുവിന്റെ പ്രതിഫലം കരസ്ഥമാക്കാനും സാധിക്കും. എന്നാൽ മാറാരോഗങ്ങളുടെ പിടിയിലകപ്പെട്ടവർ വിധിയെ പഴിച്ചും മറ്റുള്ളവരെ പഴിചാരിയും കഴിഞ്ഞുകൂടിയാൽ തങ്ങളുടെ രോഗം ശമിപ്പിക്കാനോ വിധിയെ തിരുത്തിക്കുറിക്കാനോ അവർക്കാവുകയില്ല. തന്നെയുമല്ല, ഈലോകത്ത് അവരുടെ ജീവിതം നരകതുല്യമായിത്തീരുകയും അവർ ദൈവകോപത്തിന് പാത്രമാവുകയും ചെയ്യും.**

ച്ചിടത്തോളം രോഗം പോലുള്ള വിപത്തുകളിലൂടെ വൃക്ഷത്തിലെ ഇലകൾ പൊഴിയുന്നതുപോലെ അവന്റെ പാപങ്ങൾ കൊഴിഞ്ഞു പോകും എന്നും തിരുനബി(സ്വ) വ്യക്തമാക്കിയിട്ടുണ്ട്.

നബി(സ്വ) പറഞ്ഞു: "ഒരു മുസ്‌ലിമിന് രോഗം പോലുള്ള ഒരു ഉപദ്രവവും ബാധിക്കുന്നില്ല, അല്ലെങ്കിൽ അതല്ലാത്തത് ബാധിക്കുന്നില്ല; അല്ലാഹു അവന്റെ തെറ്റുകൾ വീഴ്ത്തിയിട്ടല്ലാതെ, വൃക്ഷം അതിന്റെ ഇല പൊഴിക്കുന്നത് പോലെ" (ബുഖാരി).

നമ്മുടെ തന്നെ തെറ്റുകളാണ് പല രോഗങ്ങൾക്കും ഹേതുവാകുന്നത് എന്ന് നാം മനസ്സിലാക്കി. എന്നാൽ പാപരഹിതരായ പ്രവാചകന്മാർക്കും മറ്റു പുണ്യവാന്മാർക്കും രോഗങ്ങൾ വന്നിട്ടുണ്ടല്ലോ, അത് എന്തുകൊണ്ടാണ് എന്ന ചോദ്യത്തിനുള്ള ഉത്തരം, അവർക്ക് അല്ലാഹു രോഗങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും കൂടുതൽ പ്രതിഫലം നൽകാൻ ഉദ്ദേശിക്കുന്നുവെന്നതാണ്.

ഇഹലോകത്ത് യാതൊരു പരീക്ഷണവും കൂടാതെ സൗഖ്യമായി ജീവിക്കുന്നതിനെക്കാൾ ഭേദം പരീക്ഷണങ്ങൾ തരണം ചെയ്ത് ക്ഷമിച്ച് ജീവിക്കുന്നതാണ് പാരത്രിക ജീവിതത്തിന് ഉത്തമമായിട്ടുള്ളത്.

രോഗംകൊണ്ടുള്ള മറ്റൊരു ഗുണം ഒരാളുടെ ക്ഷമ വെളിപ്പെടുത്താനും തന്മൂലം അവന് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനും കഴിയും എന്നതാണ്. ക്ഷമിക്കുന്നവർക്ക് വളരെ വലിയ പ്രതിഫലമാണ് അല്ലാഹു വാഗ്ദാനം ചെയ്യുന്നത്. വല്ല രോഗമോ പരീക്ഷണമോ ബാധിക്കുമ്പോൾ മാത്രമാണ് നമുക്ക് കൂടുതൽ ക്ഷമ പ്രകടിപ്പിക്കാൻ അവസരം ലഭിക്കുന്നത്.

ക്ഷമയിലൂടെ പ്രതിഫലം ആഗ്രഹിക്കുന്നവർ ഗ്രഹിക്കേണ്ട ചില കാര്യങ്ങളുണ്ട്. അതിലൊന്ന് രോഗം അല്ലാഹു കണക്കാക്കിയതാണ് എന്ന തിരിച്ചറിവാണ്. ക്വുർആൻ പറയുന്നു:

"പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്" (9:51).

അല്ലാഹു മറ്റുള്ളവരെക്കാൾ കൂടുതൽ നമ്മെ സ്‌നേഹിക്കുന്നുണ്ട് എന്നും നമുക്ക് വല്ല വിപത്തും ബാധിച്ചിട്ടുണ്ടെങ്കിൽ അതിനുപിന്നിൽ അല്ലാഹുവിന്റെ യുക്തിയുണ്ട് എന്നും നാം മനസ്സിലാക്കണം.

നബി(സ്വ) പറഞ്ഞു: "അല്ലാഹു ആർക്കെങ്കിലും വല്ല നന്മയും ഉദ്ദേശിച്ചാൽ അവന് വിപത്ത് വരുത്തും" (ബുഖാരി).

ഒരു വിശ്വാസിക്ക് വല്ല വിപത്തും ബാധിക്കുന്നുവെങ്കിൽ അത് അല്ലാഹു അവനെ ഇഷ്ടപ്പെടുന്നതിന്റെ അടയാളമാണ്. എന്നാൽ ആപത്തുകളിൽ അക്ഷമ കാണിക്കുന്നവൻ തന്റെ വേദന വർധിപ്പിക്കുകയും പ്രതിഫലം നഷ്ടപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

**രോഗം ഒരു ശാപമല്ല; അത് ഒരു പരീക്ഷണമാണ്. സൂക്ഷ്മവിശകലനത്തിൽ വിശ്വാസികൾക്ക് അത് ഒരു അനുഗ്രഹവുമായിരിക്കും. ജീവിതത്തിൽ എന്തെങ്കിലും രോഗം ബാധിക്കാത്തവർ വിരളമാണ്. ലോക ജനതയിൽ നല്ലൊരു ശതമാനവും രോഗങ്ങളോട് മല്ലടിച്ച് ഔഷധസേവയിൽ ജീവിക്കുന്നവരാണ്. അവരിൽ അധികപേരും അക്ഷമരും രോഗത്തിന്റെ ഭൗതിക-പാരത്രിക നേട്ടങ്ങളെക്കുറിച്ച് അജ്ഞരുമാണ്. ഇരുട്ട് ഉണ്ടെങ്കിൽ മാത്രമെ വെളിച്ചത്തിന്റെ വിലയറിയൂ എന്നതുപോലെ രോഗങ്ങൾ വരുമ്പോൾ മാത്രമെ ആരോഗ്യത്തിന്റെ വില അറിയുകയുള്ളൂ. എന്നാൽ രോഗങ്ങൾ പാപമോചനത്തിന് വഴിയൊരുക്കുമെന്നാണ് ഹദീസുകൾ സൂചിപ്പിക്കുന്നത്.**

പ്രവാചകന്മാരും സജ്ജനങ്ങളും അല്ലാഹുവിന് ഏറെ ഇഷ്ടപ്പെട്ടവരായതുകൊണ്ടാണ് കൂടുതൽ കഠിനമായി പരീക്ഷണങ്ങൾക്ക് വിധേയമായത്. താഴെ വരുന്ന ഹദീസ് ഇക്കാര്യമാണ് സൂചിപ്പിക്കുന്നത്:

"ജനങ്ങളിൽ കഠിനമായി പരീക്ഷണം നേരിടേണ്ടിവരുന്നത് പ്രവാചകന്മാർക്കാണ്. പിന്നീട് ഉത്തമരായവർ... ഉത്തമരായവർ. ഒരു മനുഷ്യന്റെ മതത്തിന്റെ തോത് അനുസരിച്ചാണ് അവൻ പരീക്ഷിക്കപ്പെടുന്നത്. അവൻ മതത്തിൽ കാഠിന്യമുള്ളവനാണെങ്കിൽ പരീക്ഷണത്തിലും കാഠിന്യമുള്ളവനാകും. അവന്റെ മതത്തിൽ നൈർമല്യമുണ്ടെങ്കിൽ മതത്തിന്റെ തോത് അനുസരിച്ച് പരീക്ഷിക്കപ്പെടും. ഒരു ദാസനെ പരീക്ഷണം ബാധിച്ചുകൊണ്ടേയിരിക്കും. അങ്ങനെ അവൻ തന്റെമേൽ തെറ്റുകളൊന്നുമില്ലാതെ ഭൂമിയിലൂടെ നടക്കും" (തിർമുദി).

സൃഷ്ടികളിൽ ഉത്തമരായ അന്ത്യപ്രവാചകന് പോലും കഠിനമായ പരീക്ഷണം നേരിടേണ്ടി വന്നിട്ടുണ്ട്. ആഇശ(റ) പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരെക്കാളും വേദന കഠിനമായ ഒരാളെയും ഞാൻ കണ്ടിട്ടില്ല" (ബുഖാരി).

വിശ്വാസികൾക്ക് പരീക്ഷണങ്ങൾ കഠിനമാകുന്നതിനനുസരിച്ച് പ്രതിഫലവും ഇരട്ടിയാകും.

അബൂസഈദിൽ ഖുദ്‌രി(റ)യിൽനിന്ന് നിവേദനം: "ഞാൻ പ്രവാചകന്റെ(സ്വ) അടുക്കൽ പ്രവേശിച്ചു. അദ്ദേഹം കഠിനമായ പനി കാരണം പ്രയാസപ്പെടുന്നുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ മേൽ കൈ വെച്ചു. അപ്പോൾ പുതപ്പിന് മുകളിലേക്ക് പോലും എന്റെ കയ്യിൽ ചൂട് അനുഭവപ്പെട്ടു. ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അത് താങ്കളുടെ മേൽ എത്ര കഠിനമാണ്.' അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ അപ്രകാരമാണ്. ഞങ്ങൾക്ക് പരീ

ക്ഷണം ഇരട്ടിയാകും. ഞങ്ങൾക്ക് പ്രതിഫലവും ഇരട്ടിയാകും.' ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, പരീക്ഷണങ്ങളിൽ ഏറ്റവും ശക്തമായത് ജനങ്ങളിൽ ആർക്കാണ്?' അദ്ദേഹം പറഞ്ഞു: 'പ്രവാചകന്മാർ.' ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, പിന്നെ ആരാണ്?' അദ്ദേഹം പറഞ്ഞു: 'സജ്ജനങ്ങൾ. അവരിൽ ഒരാൾ ദാരിദ്ര്യംകൊണ്ട് പരീക്ഷിക്കപ്പെടും. എത്രത്തോളമെന്നാൽ അവരിലോരാൾക്ക് ഉടുതുണിയല്ലാതെ ഉണ്ടാകുകയില്ല. അവരിലൊരാൾ പരീക്ഷണം കൊണ്ട് സന്തോഷിക്കും. സമൃദ്ധികൊണ്ട് സന്തോഷിക്കുന്നതുപോലെ" (ഇബ്നുമാജ).

ഒരു സ്ത്രീ നബി(സ്വ)യുടെ അടുക്കൽ വന്നു. എന്നിട്ട് അവർ പറഞ്ഞു: 'എനിക്ക് അപസ്മാരം വരുന്നു. എന്റെ വസ്ത്രം നീങ്ങിപ്പോകുന്നു. അതുകൊണ്ട് താങ്കൾ എനിക്കുവേണ്ടി പ്രാർഥിക്കണം.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'നീ ഉദ്ദേശിക്കുന്നുവെങ്കിൽ-നീ ക്ഷമിക്കുകയാണെങ്കിൽ- നിനക്ക് സ്വർഗമുണ്ട്. നീ ഉദ്ദേശിക്കുന്നുവെങ്കിൽ നിനക്ക് സുഖമാവാൻ ഞാൻ അല്ലാഹുവിനോട് പ്രാർഥിക്കാം.' അപ്പോൾ അവൾ പറഞ്ഞു: 'ഞാൻ ക്ഷമിക്കാം' (ബുഖാരി, മുസ്‌ലിം).

അന്ധനായ ഒരു വിശ്വാസിയെ സംബന്ധിച്ചേടത്തോളം ഇവിടെ വെച്ച് അയാളുടെ കാഴ്ച ശക്തി നഷ്ടപ്പെടുന്നുണ്ടെങ്കിലും ക്ഷമിക്കുകയാണെങ്കിൽ അയാൾക്ക് പരലോകത്ത് സ്വർഗം കരസ്ഥമാക്കാനാകും. ഒരു ക്വുദ്സിയായ ഹദീസിൽ ഇപ്രകാരം വന്നിട്ടുണ്ട്:

"അല്ലാഹു പറയുന്നു: എന്റെ ദാസനെ ഞാൻ അവന്റെ രണ്ട് പ്രിയപ്പെട്ടതുകൊണ്ട് -അതായത് അവന്റെ രണ്ട് കണ്ണുകൾ കൊണ്ട്-പരീക്ഷിച്ചു. എന്നിട്ട് അവൻ ക്ഷമിച്ചു. അവന് അതിന് രണ്ടിനും പകരമായി ഞാൻ സ്വർഗം നൽകും" (ബുഖാരി).

ഒരു വിശ്വാസിക്ക് ക്ഷമയിലൂടെ വമ്പിച്ച പ്രതിഫലമാണ് ലഭിക്കുന്നത്. ക്ഷമ പ്രകടിപ്പിക്കുന്നതിനും

**രോഗം കൊണ്ടുള്ള മറ്റൊരു ഗുണം അത് മനുഷ്യന്റെ അഹങ്കാരവും മതിപ്പും പൊങ്ങച്ചവും ഇല്ലാതാക്കുന്നു എന്നതാണ്. ആരോഗ്യ സുസ്ഥിതി തുടർന്നാൽ അവൻ അതിരുകവിയുകയും ധിക്കാരിയായിത്തീരുകയും ചെയ്യും. രോഗങ്ങൾ വരുന്നതോടുകൂടി അവന്റെ ദൗർബല്യം അവന് ബോധ്യപ്പെടും.**

അതിലൂടെ പ്രതിഫലം കരസ്ഥമാക്കുന്നതിനും രോഗങ്ങൾ നിമിത്തമായിത്തീരും. അയ്യൂബ് നബി(അ)യുടെ ചരിത്രം അതാണ് വ്യക്തമാക്കുന്നത്.

അയ്യൂബ് നബി(അ) പരീക്ഷണത്തിൽ ക്ഷമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. ക്വുർആൻ അക്കാര്യം വിശദീകരിക്കുന്നത് ഇപ്രകാരമാണ്:

"അയ്യൂബിനെയും (ഓർക്കുക). തന്റെ രക്ഷിതാവിനെ വിളിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർഥിച്ച സന്ദർഭം: 'എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽവെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ.' അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റിക്കളയുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും അവരോടൊപ്പം അവരുടെ അത്രയും പേരെ വേറെയും നാം അദ്ദേഹത്തിന് നൽകുകയും ചെയ്തു. നമ്മുടെ പക്കൽനിന്നുള്ള ഒരു കാരുണ്യവും ആരാധനാനിരതരായിട്ടുള്ളവർക്ക് ഒരു സ്മരണയുമാണത്. ഇസ്മാഈലിനെയും ഇദ്‌രീസിനെയും ദുൽകിഫ്‌ലിനെയും (ഓർക്കുക) അവരെല്ലാം ക്ഷമാശീലരുടെ കൂട്ടത്തിലാകുന്നു" (അൻബിയാഅ് 83-85).

നമ്മുടെ കർമങ്ങൾകൊണ്ട് എത്തിപ്പെടാൻ പറ്റാത്ത ഉന്നതമായ പദവികളിൽ പരലോകത്ത് നമുക്ക് എത്തിപ്പെടാൻ രോഗബാധയിൽ ക്ഷമിക്കുന്നതിലൂടെ സാധിക്കും. ഈ വസ്തുത മനസ്സിലാക്കുകയാണെങ്കിൽ രോഗികൾ ഒരിക്കലും ദുഃഖിക്കുകയില്ല. രോഗംകൊണ്ട് പ്രതിഫലം ലഭിക്കും എന്നതിലുപരി ആരോഗ്യമുള്ള സമയത്ത് ചെയ്തിരുന്ന കർമങ്ങൾ അവർക്ക് രേഖപ്പെടുത്തപ്പെടുകയും ചെയ്യും.

നബി(സ്വ) പറഞ്ഞു: "ഒരു ദാസൻ രോഗിയായാൽ, അല്ലെങ്കിൽ യാത്ര പോയാൽ അവൻ ആരോഗ്യത്തോടെ നാട്ടിൽ താമസിക്കുന്ന സമയത്തുള്ള കർമങ്ങൾക്കുള്ള പ്രതിഫലം അവന് രേഖപ്പെടുത്തും" (ബുഖാരി).

രോഗങ്ങൾ മനുഷ്യരെ കൂടുതൽ വിനീതരാക്കുകയും അവരുടെ ദൗർബല്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുകയും തന്മൂലം പ്രാർഥനയിലേക്കും അല്ലാഹുവിലേക്ക് അഭയം തേടുന്നതിലേക്കും എത്തിക്കുകയും ചെയ്യും. രോഗം വരുമ്പോൾ അല്ലാഹുവിലേക്ക് അഭയം തേടുകയാണ് വേണ്ടത്.

"അനന്തരം അവരെ (ആ സമൂഹങ്ങളെ) കഷ്ടപ്പാടും ദുരിതവും കൊണ്ട് നാം പിടികൂടി; അവർ വിനയശീലരായിത്തീരുവാൻവേണ്ടി" (അൽഅൻആം 42).

രോഗം കൊണ്ടുള്ള മറ്റൊരു ഗുണം അത് മനുഷ്യന്റെ അഹങ്കാരവും മതിപ്പും പൊങ്ങച്ചവും ഇല്ലാതാക്കുന്നു എന്നതാണ്. ആരോഗ്യ സുസ്ഥിതി തുടർന്നാൽ അവൻ അതിരുകവിയുകയും ധിക്കാരിയായിത്തീരുകയും ചെയ്യും. രോഗങ്ങൾ വരുന്നതോടുകൂടി അവന്റെ ദൗർബല്യം അവന് ബോധ്യപ്പെടും. രോഗങ്ങൾ വന്നില്ലെങ്കിൽ മനുഷ്യന് ധിക്കാരവും അഹന്തയും വർധിക്കുമെന്നത് ഒരു വസ്തുതയാണ്. രോഗങ്ങളില്ലാതെ ധിക്കാരിയാകുന്നതിലും ഭേദം രോഗബാധ നിമിത്തം അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുന്നതല്ലേ? രോഗം മനുഷ്യരിൽ ഒരു സമത്വബോധവും ഉണ്ടാക്കുന്നുണ്ട്. സമൂഹത്തിലെ എല്ലാ തട്ടിലുമുള്ള വ്യക്തികൾക്കും രോഗം ബാധിക്കുന്നതായി നാം കാണുന്നു. ■



**ഭൗതികതയോടുള്ള മനുഷ്യന്റെ ആർത്തി സകല സീമകളും ലംഘിച്ചിരിക്കുന്നു. തിന്നും കുടിച്ചും രമിച്ചും രസിച്ചും ആസക്തിയുടെ പരകോടിയിലേക്ക് കയറിപ്പോവാനാണ് മനുഷ്യരിൽ ഭൂരിഭാഗവും ശ്രമിച്ച് കൊണ്ടിരിക്കുന്നത്. ആസ്വാദനത്തിന്റെ മാർഗത്തിൽ മൂല്യങ്ങൾക്കും അപരവികാരങ്ങൾക്കും അവർ നൽകുന്ന വില പൂജ്യത്തിന് താഴെയാണ്. എവിടെ ചെന്നാണിത് അവസാനിക്കുക, ആരാണിവർക്ക് നേർവഴി കാണിക്കുക?!**

# മലയാളികൾ: വളരുന്ന ആസക്തി തളരുന്ന മനഃശക്തി

ഉസ്മാൻ പാലക്കാഴി
: 9656292244

വർത്തമാനകാല മനുഷ്യർ വല്ലാതെ ആസക്തികൾക്ക് അടിമപ്പെട്ടുപോകുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. സമ്പത്ത്, ലൈംഗികത, മൊബൈൽ ഫോൺ, ലഹരി വസ്തുക്കൾ, ലോട്ടറി, ടിവി സീരിയലുകൾ, ഫാസ്റ്റ് ഫുഡ്... അങ്ങനെയങ്ങനെ പലതിനോടും!

സാമ്പത്തികാഭിവൃദ്ധിക്കായി രണ്ടു സ്ത്രീകളെ വെട്ടിനുറുക്കിയ കൊടും ക്രൂരതയുടെ ഞെട്ടലിൽനിന്നും കേരളം ഇപ്പോഴും മുക്തമായിട്ടില്ല. കേരളത്തിലെ വിമാനത്താവളങ്ങളിൽ നിത്യേന സ്വർണക്കടത്തു കേസിൽ എത്രയോ പേർ പിടിക്കപ്പെടുന്നു. സ്വർണം നാട്ടിൽ തങ്ങളുടെ ഏജന്റിന്റെ കൈകളിൽ ഭദ്രമായി ഏൽപിച്ചാൽ കിട്ടുന്ന പണം മോഹിച്ചാണ് ഈ ഭാഗ്യപരീക്ഷണത്തിന് ആളുകൾ മുതിരുന്നത്. നിത്യേന പലരും പിടിക്കപ്പെടുന്നതിന്റെ വാർത്തകൾ കേട്ടിട്ടും പണത്തോടുള്ള ആർത്തിയിൽ താൻ പിടിക്കപ്പെടില്ല എന്ന ആത്മവിശ്വാസത്തോടെ ഇവർ ഇറങ്ങിത്തിരിക്കുകയാണ്.

### ഭാഗ്യപരീക്ഷണങ്ങൾ

സമ്പത്തിനോടുള്ള മലയാളിയുടെ അത്യാർത്തിയുടെ മകുടോദാഹരണമാണ് ലോട്ടറി പോലുള്ള ഭാഗ്യപരീക്ഷണങ്ങളോടുള്ള ആസക്തി. ദിനേന ആയിരക്കണക്കിനു രൂപയുടെ ലോട്ടറി ടിക്കറ്റെടുത്ത് ഒടുവിൽ കിടപ്പാടം വിൽക്കേണ്ടിവന്നവരുണ്ട്. കടം പെരുകി ആത്മഹത്യയിൽ അഭയം പ്രാപിച്ചവരുണ്ട്. ഇടയ്ക്ക് ചെറിയ തുകകൾ സമ്മാനമായി ലഭിക്കുമ്പോൾ ഇവരുടെ താൽപര്യം വർധിച്ചുകൊണ്ടിരിക്കും. നാളെ എന്തായാലും എനിക്ക് ബംബറടിക്കും എന്ന പ്രതീക്ഷ കൈവിടാതെ മുന്നോട്ടു പോകുമ്പോൾ അരി വാങ്ങാനുള്ള

കാശെടുത്തും ലോട്ടറി ടിക്കറ്റെടുത്ത് പോക്കറ്റിലിടും.

കേന്ദ്രസർക്കാർ ലോട്ടറിയുടെ വിഷയത്തിൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നതാണ്. എന്നാൽ ഇക്കാര്യം പരിഗണിക്കാതെയാണ് കേരള സർക്കാർ ലോട്ടറി വിൽപനഔദ്യോഗികമായി നടത്തിവരുന്നത്. തന്മൂലം സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ നികുതിയിതര വരുമാനമായി ലോട്ടറി മാറിയിട്ടുണ്ട്.

മദ്യവും ഭാഗ്യക്കുറിയും വഴിയുള്ള വരുമാനമാനത്തിലൂടെയാണ് സംസ്ഥാനം നിലനിന്നു പോകുന്നത് എന്ന ആരോപണം തിരുത്താൻ ധനമന്ത്രി ഏതാനും ദിവസം മുമ്പ് നിയമസഭയിൽ ചില കണക്കുകൾ ഉദ്ധരിക്കുകയുണ്ടായി. ലോട്ടറിയിൽനിന്നുള്ള വരുമാനം 2021-22 ൽ 559.64 കോടി മാത്രമെയുള്ളൂ എന്ന കണക്കും അദ്ദേഹം അവതരിപ്പിച്ചു. എന്നാൽ അദ്ദേഹം തന്നെ 2022 മാർച്ച് മാസത്തെ ബജറ്റിനോടൊപ്പം നിയമസഭയിൽ വെച്ച ബഡ്ജറ്റ് ബ്രീഫ് 2022-2023 എന്ന രേഖയിൽState's Own Non- Tax Revenue എന്നതിൽ Lottaries 2021-22(RE) ആയി കാണിച്ചിരിക്കുന്നത് 6974 കോടി എന്നാണ്. അദ്ദേഹം പറയുന്ന മൊത്ത വരുമാനമായ 1,16,640.24 കോടി എന്നത് ലോട്ടറിയുടെ 6974 കോടികൂടി ചേർന്നതാണ്. അദ്ദേഹം പറയുന്നതുപോലെ ലോട്ടറിയിൽനിന്നുള്ള വരുമാനം 559.64 കോടിയാണെങ്കിൽ മൊത്തം വരുമാനം 1,10,225.88 കോടി മാത്രമെ ഉണ്ടാവുകയുള്ളൂ. അങ്ങനെവരുമ്പോൾ താൻ തന്നെ നിയമസഭയിൽ വെച്ച രേഖകൾ തെറ്റാണെന്നുവരുന്നു.

ലോട്ടറിയോടുള്ള ആസക്തി കാരണം വിഷാദമോ മറ്റു മാനസിക അസ്വസ്ഥതകളോ പ്രകടിപ്പിക്കുന്ന ആളുകൾ ഇടയ്ക്ക് മാനസികരോഗ വിദഗ്ധരെ തേടിയെത്താറുണ്ടെന്ന് തിരുവനന്തപുരം ഗവ. മാനസികരോഗാശുപത്രിയിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. ആർ.എസ് ദിനേഷ് പറയുന്നു. സമൂഹത്തിന്റെ പൊതുവായ ആസക്തിയുടെ ഭാഗമായാണ് ലോട്ടറി ഭ്രാന്തിനെ കാണേണ്ടതെന്നും അദ്ദേഹം പറയുന്നു.

ഇന്റർനെറ്റ് ഉപയോഗിച്ചുള്ള ചൂതാട്ടരീതികളും സമീപകാലത്തായി വ്യാപകമാകുന്നുണ്ട്. റമ്മി കളിയുടെ മോഹിപ്പിക്കുന്ന പരസ്യം എഫ്ബിയിൽ നിറഞ്ഞു നിൽക്കുകയാണ്. അനിയന്ത്രിതമായി ലോട്ടറി ടിക്കറ്റുകൾ എടുത്തുകൂട്ടുക, ഷെയർ മാർക്കറ്റിൽ ഭാഗ്യം പരീക്ഷിക്കുക തുടങ്ങിയ, യുക്തി ചിന്തയ്ക്ക് പ്രാധാന്യം നൽകാതെയുള്ള ഇത്തരം ആസക്തികളുടെ പിന്നാലെ പായുന്ന മലയാളികൾ ദുരന്തം സ്വയം വിളിച്ചുവരുത്തുകയാണ്.

### സ്മാർട്ട് ഫോൺ

ദൈനംദിന ജീവിതത്തിലേക്കുള്ള സ്മാർട്ട്ഫോണിന്റെ കടന്നുവരവ് പല വിപ്ലവകരമായ മാറ്റങ്ങൾക്കുമിടയാക്കിയിട്ടുണ്ട്. അതുകൊണ്ട് ഒട്ടേറെ ഉപകാരങ്ങളുണ്ട്. അതോടൊപ്പം വൻവിപത്തുകളുമുണ്ട്. സ്മാർട്ട് ഫോണുകൾ



**സമ്പത്തിനോടുള്ള മലയാളിയുടെ അത്യാർത്തിയുടെ മകുടോദാഹരണമാണ് ലോട്ടറി പോലുള്ള ഭാഗ്യപരീക്ഷണങ്ങളോടുള്ള ആസക്തി. ദിനേന ആയിരക്കണക്കിനു രൂപയുടെ ലോട്ടറി ടിക്കറ്റെടുത്ത് ഒടുവിൽ കിടപ്പാടം വിൽക്കേണ്ടിവന്നവരുണ്ട്. കടം പെരുകി ആത്മഹത്യയിൽ അഭയം പ്രാപിച്ചവരുണ്ട്. ഇടയ്ക്ക് ചെറിയ തുകകൾ സമ്മാനമായി ലഭിക്കുമ്പോൾ ഇവരുടെ താൽപര്യം വർധിച്ചുകൊണ്ടിരിക്കും. നാളെ എന്തായാലും എനിക്ക് ബംബറടിക്കും എന്ന പ്രതീക്ഷ കൈവിടാതെ മുന്നോട്ടു പോകുമ്പോൾ അരി വാങ്ങാനുള്ള കാശെടുത്തും ലോട്ടറി ടിക്കറ്റെടുത്ത് പോക്കറ്റിലിടും.** **കേന്ദ്രസർക്കാർ ലോട്ടറിയുടെ വിഷയത്തിൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നതാണ്. എന്നാൽ ഇക്കാര്യം പരിഗണിക്കാതെയാണ് കേരള സർക്കാർ ലോട്ടറി വിൽപനഔദ്യോഗികമായി നടത്തിവരുന്നത്. തന്മൂലം സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ നികുതിയിതര വരുമാനമായി ലോട്ടറി മാറിയിട്ടുണ്ട്.**

ക്ക് പുരുഷന്മാരെക്കാൾ സ്ത്രീകളാണ് അടിമകളായിട്ടുള്ളതെന്നാണ് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്. സ്ത്രീകൾ പ്രതിദിനം നാല് മണിക്കൂർ സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നുണ്ടെന്നാണ് കണ്ടെത്തൽ. ഫേസ്ബുക്കും ഇൻസ്റ്റഗ്രാമും ഉൾപ്പെടെയുള്ള സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകളിൽ പ്രവേശിക്കാനാണ് സ്ത്രീകൾ ഏറെ സമയവും സ്മാർട്ട് ഫോണു കളുപയോഗിക്കുന്നത്. ഇതിനുപുറമെ ഫോൺ വിളിക്കാനും ഗെയിമുകൾ കളിക്കുന്നതിനും സെർച്ച് ചെയ്യുന്നതിനുമാണ് സ്മാർട്ട്ഫോൺ ഉപയോഗിക്കുന്നത്. പുരുഷൻമാർക്കിടയിൽ ഇടവേളകളിലാണ് സ്മാർട്ട് ഫോണിന്റെ ഉപയോഗം ക്രമാതീതമായി വർധിക്കുന്നതെന്നും പഠനം ചൂണ്ടിക്കാണിക്കുന്നു. സ്മാർട്ട് ഫോണുകൾ ഉപയോഗിക്കാതിരിക്കുമ്പോൾ തങ്ങൾക്ക് അരക്ഷിതാവസ്ഥ അനുഭവപ്പെടുന്നതായി ഇരുപതുശതമാനം സ്ത്രീകൾ സാക്ഷ്യപ്പെടുത്തുമ്പോൾ എട്ടുശതമാനത്തോളം പുരുഷന്മാരും ഇതേ പ്രശ്നം അനുഭവിക്കുന്നവരാണ്.

### കൗമാരക്കാരുടെ മൊബൈൽ ഫോൺ ആസക്തി


മൊബൈൽ ഫോണുകളുടെ ഉപയോഗം കൗമാരക്കാരുടെ ആസക്തിയായി മാറിക്കൊണ്ടിരിക്കുകയാണ്. ജോൺസൺ എഴുതിയ ‘ആരോഗ്യത്തിന് ഹാനികരം’ എന്ന പുസ്തകത്തിൽ കൊടുത്ത ഒരു ഉദാഹരണം കാണാം: “വളരെ പാവപ്പെട്ട ഒരു കുടുംബത്തിലെ ഏകമകളായിരുന്നു അവൾ. ഫുൾ എ പ്ലസ് വാങ്ങി പ്ലസ്ടു പാസ്സായ അവളെ സയൻസ് ഗ്രൂപ്പെടുത്ത് കോളേജിൽ ചേർത്തു. പഞ്ചായത്തിലെ ഹയർ സെക്കന്ററി സ്കൂളുകളിൽനിന്ന് പ്ലസ് ടു പാസ്സായവരിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ അവൾക്ക് അനുമോദനവും ആശംസകളും അർപ്പിച്ച് ഫ്ളെക്സ് ബോർഡുകളുയർന്നു. അനുമോദനയോഗങ്ങൾ നാട്ടിലെമ്പാടുമുണ്ടായി. കൂലിപ്പണിക്കാരനായ അച്ഛൻ നാട്ടുമ്പു

**സ്മാർട്ട് ഫോണുകൾക്ക് പുരുഷന്മാരെക്കാൾ സ്ത്രീകളാണ് അടിമകളായിട്ടുള്ളതെന്നാണ് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്. സ്ത്രീകൾ പ്രതിദിനം നാല് മണിക്കൂർ സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നുണ്ടെന്നാണ് കണ്ടെത്തൽ. ഫേസ്ബുക്കും ഇൻസ്റ്റഗ്രാമും ഉൾപ്പെടെയുള്ള സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകളിൽ പ്രവേശിക്കാനാണ് സ്ത്രീകൾ ഏറെസമയവും സ്മാർട്ട് ഫോണു കളുപയോഗിക്കുന്നത്. ഇതിനുപുറമെ ഫോൺ വിളിക്കാനും ഗെയിമുകൾ കളിക്കുന്നതിനും സെർച്ച് ചെയ്യുന്നതിനുമാണ് സ്മാർട്ട്ഫോൺ ഉപയോഗിക്കുന്നത്. പുരുഷൻമാർക്കിടയിൽ ഇടവേളകളിലാണ് സ്മാർട്ട് ഫോണിന്റെ ഉപയോഗം ക്രമാതീതമായി വർധിക്കുന്നതെന്നും പഠനം ചൂണ്ടിക്കാണിക്കുന്നു. സ്മാർട്ട് ഫോണുകൾ ഉപയോഗിക്കാതിരിക്കുമ്പോൾ തങ്ങൾക്ക് അരക്ഷിതാവസ്ഥ അനുഭവപ്പെടുന്നതായി ഇരുപതുശതമാനം സ്ത്രീകൾ സാക്ഷ്യപ്പെടുത്തുമ്പോൾ എട്ടുശതമാനത്തോളം പുരുഷന്മാരും ഇതേ പ്രശ്നം അനുഭവിക്കുന്നവരാണ്.**

റത്ത് നാലാളറിയുന്ന ഒരാളായി. ചെറിയ വീട്ടിലെ അടച്ചുറപ്പുള്ള മുറി അവൾക്കുമാത്രമായി ഒഴിഞ്ഞുകൊടുത്തു. ‘അവളെ ഒരു ഡോക്ടറാക്കണം’ പലരോടും അച്ഛൻ തന്റെ അതിയായ ആഗ്രഹം പങ്കുവച്ചു. നാട്ടിൽനിന്നും ഒരു ഡോക്ടറുണ്ടാകുന്നതിനെ എല്ലാവരും സ്വാഗതം ചെയ്തു.

പക്ഷേ, കാര്യങ്ങളെല്ലാം രണ്ടു മാസംകൊണ്ട് അവതാളത്തിലായി. പെൺകുട്ടിക്ക് കലശലായ വയറുവേദന. പ്രായപൂർത്തിയാകുന്നതിനോടനുബന്ധിച്ചുള്ള പ്രശ്നമാകുമെന്നു കരുതി ഗൈനക്കോളജിസ്റ്റിനെ കാണിച്ചു. മരുന്നുകഴിച്ചു. ഫലമില്ല! കുട്ടി വീട്ടിലുള്ളപ്പോൾ ഏതുസമയത്തും പൊടുന്നനെയുണ്ടാകുന്ന വയറുവേദനയെത്തുടർന്ന് കക്കൂസിലേക്കോടും. പത്തും പതിനഞ്ചും മിനിറ്റു കഴിഞ്ഞാൽ നേരിയ ഒരു ശമനം ഉണ്ടാകുമെന്ന് കണ്ടതോടെ വയറ് സംബന്ധിച്ചുള്ള എന്തോ രോഗമായിരിക്കാം എന്ന നിഗമനത്തിൽ ഗ്യാസ്ട്രോ എന്ററോളജിസ്റ്റിനെ കാണിക്കാൻ സമീപത്തെ ഹെൽത്ത് സെന്ററിലെ ഡോക്ടർ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തു. എന്നിട്ടും ഫലമില്ലാതായതോടെ മന്ത്രവാദമടക്കമുള്ള പലവഴികളും തേടി. ‘ഇല്ലാത്ത കാശുവാങ്ങി ചികിത്സയ്ക്കു കൊണ്ടുപോകേണ്ട’ എന്നു മകൾ പലവട്ടം പറഞ്ഞുനോക്കി. ഒരേയൊരു മകളുള്ള ആരെങ്കിലുമത് ചെവിക്കൊള്ളുമോ? മരുന്നും മന്ത്രവും ചെയ്യുന്നതിനിടയിലും കോളേജിൽ പോകാൻ ഉത്സാഹം കാണിച്ചിരുന്ന മകൾ നാലഞ്ചു മാസങ്ങൾക്കുശേഷം അതേ കോളേജിലെ ഒരു ഫ്രീക്ക്





പയ്യനോടൊപ്പം ഒളിച്ചോടിപ്പോയി. അതിനുശേഷമാണ് അവളുടെ അമ്മയ്ക്ക് അവളുടെ വയറുവേദനയുടെ കാരണം മനസ്സിലായത്. ഫ്രീക്ക് പയ്യൻ അവൾക്ക് സമ്മാനിച്ച മൊബൈൽ ഫോണാണ് എല്ലാത്തിനും കാരണം. അച്ഛനും അമ്മയും അറിയാതെ വൈബ്രേഷനിലിട്ട് പാന്റീസിനുള്ളിൽ രഹസ്യമായി സൂക്ഷിച്ചിരുന്ന ഫോണിലേക്ക് അവന്റെ വിളിവരുന്ന നേരത്താണ് അവൾക്ക് വയറുവേദന ഉണ്ടായിരുന്നത്!"

മൊബൈൽ ഫോൺ വാങ്ങിക്കൊടുക്കാത്തതിനാലും ഏതു നേരവും മൊബൈലിൽ കളിക്കുന്നതുകൊണ്ട് വീട്ടുകാർ ചീത്ത പറഞ്ഞതിനാലുമൊക്കെ ആത്മഹത്യ ചെയ്ത കൗമാരക്കാർ നമ്മുടെ നാട്ടിലുണ്ട്.

**സാമൂഹ്യമാധ്യമങ്ങൾ**

കൗമാരക്കാരും യുവതിയുവാക്കളും മാത്രമല്ല മക്കളും പേരമക്കളുമുള്ള വീട്ടമ്മമാർ പോലും അമിതമായ ആസക്തി വച്ചുപുലർത്തുന്ന ഫ്ളാറ്റ്ഫോമാണ് സാമൂഹ്യ മാധ്യമങ്ങൾ. ഫേസ്ബുക്കും വാട്സാപ്പും നവമാധ്യമ രംഗത്തെ തിളങ്ങുന്ന താരങ്ങളാണ്. കയ്യിൽ ഇന്റർനെറ്റ് കണക്ഷനുള്ള ഒരു മൊബൈൽ ഫോണുണ്ടെങ്കിൽ ലോകം കൈവെള്ളയിലായ അവസ്ഥയാണ്. ഗൂഗിളിലൂടെ അന്വേഷിച്ചാൽ കിട്ടാത്ത വിവരങ്ങളില്ല. ഫേസ്ബുക്ക്, വാട്സാപ്പ് എക്കൗണ്ടുണ്ടെങ്കിൽ ഭൂഖണ്ഡങ്ങൾ മറികടന്ന് സൗഹൃദങ്ങൾ സ്ഥാപിക്കാം. വിവരങ്ങൾ വോയ്സായും വീഡിയോ ആയും ഫോട്ടോകളായും നിമിഷങ്ങൾക്കകം കൈമാറാം. ഇവയുടെ ഗുണാത്മക സ്വാധീനവും ഇവകൊണ്ടുള്ള ഗുണഫലങ്ങളും വിശദീകരിക്കേണ്ടാത്തവിധം എല്ലാവരുമിന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്.

**ഫേസ്ബുക്കും വാട്സാപ്പും നവമാധ്യമ രംഗത്തെ തിളങ്ങുന്ന താരങ്ങളാണ്. കയ്യിൽ ഇന്റർനെറ്റ് കണക്ഷനുള്ള ഒരു മൊബൈൽ ഫോണുണ്ടെങ്കിൽ ലോകം കൈവെള്ളയിലായ അവസ്ഥയാണ്. ഗൂഗിളിലൂടെ അന്വേഷിച്ചാൽ കിട്ടാത്ത വിവരങ്ങളില്ല. ഫേസ്ബുക്ക്, വാട്സാപ് എക്കൗണ്ടുണ്ടെങ്കിൽ ഭൂഖണ്ഡങ്ങൾ മറികടന്ന് സൗഹൃദങ്ങൾ സ്ഥാപിക്കാം. വിവരങ്ങൾ വോയ്സായും വീഡിയോ ആയും ഫോട്ടോകളായും നിമിഷങ്ങൾക്കകം കൈമാറാം. ഇവയുടെ ഗുണാത്മക സ്വാധീനവും ഇവകൊണ്ടുള്ള ഗുണഫലങ്ങളും വിശദീകരിക്കേണ്ടാത്തവിധം എല്ലാവരുമിന്ന് അനുഭവിച്ചു കൊണ്ടിരിക്കുന്നുണ്ട്.**

എന്നാൽ ഇവയുടെ ദോഷഫലങ്ങളും ദുഃസ്വാധീനങ്ങളും സമൂഹത്തിലുണ്ടാക്കുന്ന അരാജകത്വം കണ്ടില്ലെന്നു നടിക്കാനാവില്ല. ഗുണപരമായ സംവാദങ്ങളും ചർച്ചകളും നടത്തുന്നതിനെക്കാൾ വ്യക്തിപരമായി ചാറ്റിംഗ് നടത്തുന്നതിനാണ് പലരും ഇവ ഉപയോഗിക്കുന്നത്. എത്രയോ ദാമ്പത്യബന്ധങ്ങളുടെ തകർച്ചക്കും പെൺകുട്ടികളുടെ ചാരിത്രനഷ്ടത്തിനും മറ്റനേകം നാശനഷ്ടങ്ങൾക്കും കുറഞ്ഞ കാലയളവിനുള്ളിൽ ഇവ കാരണമായിട്ടുണ്ടെന്നതിൽ സംശയമില്ല.

ഒരു പരിചയപ്പെടൽ, പ്രായഭേദമില്ലാതെ ഫോൺ നമ്പർ കൈമാറൽ, പിന്നീട് കുറച്ചു ദിവസങ്ങൾ കുശലാന്വേഷണം. പിന്നീട് 'ഗുഡ്മോണിങ്' കാർഡുകളും പൂവുകളും. പിന്നെ നന്മനിറഞ്ഞ വാക്കുകൾ. ഭക്ഷണം കഴിച്ചോ? യാത്രയിലാണെങ്കിൽ 'എങ്ങനെ പോകുന്നു, ഒറ്റക്കാണോ' എന്ന കരുതലുകൾ. പിന്നെ രാത്രിയിലുള്ള ഫോൺവിളികൾ. പെട്ടെന്നുതന്നെ അത് ഫോൺ സെക്സിലേക്കെത്തുന്നു. പിന്നെ കണ്ടുമുട്ടലുകൾ. വൈകാതെ സൗകര്യമുള്ള ഏതെങ്കിലും വീട്ടിലോ റൂമിലോ കൂട്ടിക്കൊണ്ടുപോകൽ. ഒരു പെണ്ണിന് നഷ്ടപ്പെടാൻ പാടില്ലാത്തതെല്ലാം അതോടെ നഷ്ടപ്പെടുന്നു. പിന്നെ ഫോൺവിളികളും ചാറ്റിംഗും കുറഞ്ഞുതുടങ്ങും. ക്രമേണ അതും ഇല്ലാതാകും. എത്രയോ ഭാര്യമാർ ഭർത്താക്കന്മാരെയും മക്കളെയും വേണ്ടെന്നുവെച്ച് ചാറ്റിംഗ് വീരന്മാരുടെ കൂടെ ഇറങ്ങിപ്പോയിട്ടുണ്ട്, ഒടുവിൽ കൊല്ലപ്പെടുകയോ ആത്മഹത്യ ചെയ്യുകയോ മനോരോഗികളായി മാറുകയോ ചെയ്തിട്ടുമുണ്ട്; നമ്മുടെ നാട്ടിൽതന്നെ.

രാപകൽ വ്യത്യാസമില്ലാതെ ഒഴുകിയെത്തുന്ന 'ഹായ്'കളിൽ ഒന്നിന് മറുപടി കൊടുത്തുപോയാൽ പിന്നെ ചോദ്യശരങ്ങളായി. മറ്റുള്ളവരെ പിണക്കാൻ സ്വതവേ മടിയുള്ള സ്ത്രീകൾ ഈ മെസേ

**മലയാള ദൃശ്യമാധ്യമങ്ങൾ കേരളത്തിലെ അനിഷേധ്യ സാന്നിധ്യമായി തീർന്നതോടുകൂടി പലരുടെയും കുടുംബജീവിതംതന്നെ താറുമാറാകാനിടയായിട്ടുണ്ട്. സ്ത്രീപ്രേക്ഷകരെ ആകർഷിക്കുവാനായി തട്ടിക്കൂട്ടിയുണ്ടാക്കാറുള്ള മന്നൂറും നാനൂറും എപ്പിസോഡുകളുള്ള സീരിയലുകൾക്കു മുന്നിലിരുന്ന് അതിലെ കഥാപാത്രങ്ങളുമായി താദാത്മ്യം പ്രാപിച്ച് നിലവിളിക്കുകയും കണ്ണീരൊഴുക്കുകയും വികാരംകൊള്ളുകയും അടുത്ത എപ്പിസോഡിനായി ആകാംക്ഷാഭരിതരായി കാത്തിരിക്കുകയും ചെയ്യുന്ന കുടുംബിനികൾ, അവരറിയാതെ പുതിയൊരു ലഹരിയിൽ ആമഗ്നരായിക്കൊണ്ടിരിക്കുകയാണ്.**

ജുകളുടെ അപകടം അറിയാതെ അകപ്പെടുകയാണ് ചെയ്യുന്നത്. കുടുംബത്തിൽ ഒറ്റപ്പെടുകയും വിഷമം അനുഭവിക്കുകയും ചെയ്യുന്ന സ്ത്രീകൾക്ക് ഈ മെസേജുകളിലൂടെ ലഭിക്കുന്ന ശ്രദ്ധയും പരിഗണനയും തങ്ങൾക്ക് മാത്രം ലഭിക്കുന്നതായി അവർ നെഞ്ചേറ്റുന്നു. 'എത്ര സ്ത്രീകൾ വേറെയുണ്ട്, എന്നിട്ടും എന്തുകൊണ്ട് എന്നെ തിരഞ്ഞെടുത്തു' എന്ന ചോദ്യം അവർ സ്വയം ചോദിക്കുകയും അതിൽ ആശ്വാസവും സംതൃപ്തിയും കണ്ടെത്തുകയും ചെയ്യും.

അജ്ഞാതനായ ആ വ്യക്തിയുടെ വാക്കുകൾ പെണ്ണിന്റെ ജീവിതത്തെ നിയന്ത്രിച്ചുതുടങ്ങും. ഭർത്താവിനോടും കുട്ടികളോടും കള്ളം പറഞ്ഞും വാസ്തവങ്ങൾ ഒളിച്ചുവെച്ചും ഇവർ അവരുടെ കയ്യിലെ പാവകളാകും. ചോദിക്കുന്നതെന്തും നൽകുന്ന പരുവത്തിലേക്ക് അവരെത്തും. 'പറ്റില്ല' എന്ന് പറയാൻ ഇവർക്കാവില്ല. പലതവണ 'പ്ലീസ്' പറഞ്ഞാൽ അലിയുന്ന മനസ്സാണ് പെണ്ണിന്റേത് എന്ന് മെസഞ്ചർ ജാരനറിയാം. ഈ സൗഹൃദത്തിന്റെ സുഖത്തിൽ തകർന്ന വിവാഹബന്ധങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. മൊബൈൽ കമ്പനിയുടെ ഓഫീസിൽ കയറി ഭാര്യയുടെ കോൾ ലിസ്റ്റ് കണ്ട് മനസ്സ് തകർന്ന് ബാറുകൾ കയറിയിറങ്ങുന്ന ഭർത്താക്കന്മാരുടെ എണ്ണവും കുറവല്ലെന്നത് വസ്തുതയാണ്.

പുരുഷന്മാരെ മാറ്റിനിർത്തിയല്ല ഇപ്പറയുന്നത്. തനിക്ക് ഭാര്യയെ ചതിക്കാം, എന്നാൽ ഭാര്യ ചെയ്യുന്ന തെറ്റ് പൊറുപ്പിക്കില്ല എന്ന ചിന്തയിൽനിന്ന് പുരുഷന്മാർ മുക്തരാവേണ്ടതുണ്ട്. കുട്ടികൾക്കും സ്ത്രീകൾക്കും മൊബൈലും ഇന്റർനെറ്റ് കണക്ഷനുമൊക്കെ നൽകുന്നവർ ജാഗ്രത പാലിക്കൽ അനിവാര്യമാണ്. രഹസ്യ പരസ്യങ്ങൾ ഒരുപോലെയറിയുന്ന അല്ലാഹുവിനെക്കുറിച്ചുള്ള ബോധം മനസ്സിൽ നട്ടുപിടിപ്പിക്കുക മാത്രമാണ് ഏത് തെറ്റിൽനിന്നും അകന്ന് നിൽക്കാനുള്ള മാർഗം.

അശ്ലീല വീഡിയോകളും ലൈംഗിക ചർച്ചകളും ഇന്ന് സർവസാധാരണമായിരിക്കുന്നു. വിനോദത്തിനും വിജ്ഞാനത്തിനും ആശയ വിനിമയത്തിനുമെല്ലാം ഇന്റർനെറ്റ് തുറന്നിടുന്ന സാധ്യതകൾ അനന്തമാണ്. എന്നാൽ അധികമായാൽ അമൃതും വിഷം എന്നാണല്ലോ.



### ടിവി സീരിയലുകൾ

മലയാള ദൃശ്യമാധ്യമങ്ങൾ കേരളത്തിലെ അനിഷേധ്യ സാന്നിധ്യമായി തീർന്നതോടുകൂടി പലരുടെയും കുടുംബജീവിതംതന്നെ താറുമാറാകാനിടയായിട്ടുണ്ട്. സ്ത്രീപ്രേക്ഷകരെ ആകർഷിക്കുവാനായി തട്ടിക്കൂട്ടിയുണ്ടാക്കാറുള്ള മന്നൂറും നാനൂറും എപ്പിസോഡുകളുള്ള സീരിയലുകൾക്കു മുന്നിലിരുന്ന് അതിലെ കഥാപാത്രങ്ങളുമായി താദാത്മ്യം പ്രാപിച്ച് നിലവിളിക്കുകയും കണ്ണീരൊഴുക്കുകയും വികാരംകൊള്ളുകയും അടുത്ത എപ്പിസോഡിനായി ആകാംക്ഷാഭരിതരായി കാത്തിരിക്കുകയും ചെയ്യുന്ന കുടുംബിനികൾ, അവരറിയാതെ പുതിയൊരു ലഹരിയിൽ ആമഗ്നരായിക്കൊണ്ടിരിക്കുകയാണ്. അതൊരു ആസക്തിയുടെ തലത്തിലേക്കുയരുന്നതോടെ ജോലികഴിഞ്ഞ് വൈകിട്ട് ക്ഷീണിതനായി തിരിച്ചെത്തുന്ന ഭർത്താവും സ്കൂൾ വിട്ടുവരുന്ന മക്കളും അവർക്ക് അലോസരമാകുന്നു. കുടുംബബന്ധങ്ങളുടെ കൂട്ടായ്മയും ഊഷ്മളഭാവങ്ങളും കെടുത്തിക്കളയുന്ന, വഞ്ചനയുടെയും ക്രൂരതയുടെയും പുതിയ പാഠങ്ങൾ പകർന്നുനൽകുന്ന ഇത്തരം സീരിയലുകളുടെ ലഹരിയിൽ ജീവിക്കുന്നവരുടെ സ്ത്രീകളുടെ എണ്ണം ചെറുതല്ല.




**റിയാലിറ്റി ഷോകൾ**

മറ്റൊരു പ്രധാന ലഹരിയായി മാറിയ ടി.വി. പ്രോഗ്രാമാണ് റിയാലിറ്റി ഷോകൾ. ഒരു കോടിയുടെ ഫ്ളാറ്റുമുതൽ പലതരം സമ്മാനങ്ങൾ ഓഫർ ചെയ്യുന്നു ഇവ. ഏതെങ്കിലും പരിപാടിയിൽ മുഖം കാണിക്കുവാൻ വ്യഗ്രത കാണിക്കുന്നവർ മക്കളോടു ചെയ്യുന്നത് കൊടും ക്രൂരതയാണ്. 'എലിമിനേഷൻ റൗണ്ടെ'ന്ന ക്രൂരമായ അന്ത്യത്തിലൂടെ അതിൽ പങ്കെടുക്കുന്ന കുട്ടികൾക്കുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ ആരും കാര്യമായെടുക്കാറില്ല. ഒരുവശത്ത് വിഡ്ഢിപ്പെട്ടിയെന്ന് വിളിച്ചാക്ഷേപിക്കുന്ന ടെലിവിഷന്റെ മിനിസ്ക്രീനിൽ ഒരുതവണയെങ്കിലും മുഖം കാണിക്കുവാൻ ഏത് കുത്സിതമാർഗവും സ്വീകരിക്കുവാൻ തയ്യാറാകുന്ന മലയാളികൾ തങ്ങൾ മറ്റൊരു ആസക്തിക്ക് അടിമപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന കാര്യം വിസ്മരിക്കുകയാണ്.

**ലഹരി വസ്തുക്കൾ**

കേരളത്തിലെ യുവാക്കളിലും കൗമാരക്കാരിലും കഞ്ചാവിനോടും മറ്റു ലഹരിയുത്പന്നങ്ങളോടുമുള്ള ആസക്തി നാൾക്കുനാൾ വർധിച്ചുവരുന്നുണ്ട് എന്നതൊരു സത്യമാണ്. വൃത്തികെട്ട മണം പരത്തുന്ന മദ്യത്തിന് പകരം കുറഞ്ഞ വിലയ്ക്കു ലഭിക്കുന്നതും രഹസ്യമായി കൊണ്ടുനടന്ന് ഉപയോഗിക്കാവുന്നതും മണത്തിലൂടെ പെട്ടെന്ന് തിരിച്ചറിയാനാകാത്തതുമായ ലഹരിയന്വേഷിച്ചു തുടങ്ങിയ മലയാളികൾക്കു മുമ്പിൽ ഇന്ന് വ്യത്യസ്ത ലഹരിവസ്തുക്കളുടെ ലോകംതന്നെ തുറന്നുകിടക്കുകയാണ്.

കേരളത്തിലെ വിദ്യാർഥികളിന്ന് ലഹരികളുടെ സ്വാധീനവലയത്തിലാണ്. ലഹരിമിഠായികളും ഐസ്ക്രീമുകളും മുതൽ വ്യത്യസ്ത തരത്തിലും വിലയിലുമുള്ള ലഹരിഗുളികകൾവരെ സ്കൂൾ കുട്ടികൾക്കുപോലും അനായാസം ലഭ്യമാക്കാൻ കഴിയുന്ന ഒരു വിതരണശൃംഖല രൂപപ്പെടുത്തിയെടുക്കാൻ ലഹരിമാഫിയകൾക്കു കഴിഞ്ഞിട്ടുണ്ട്. പത്രത്തിൽ വായിച്ചറിയുകയും ടിവിയിൽ കാണുകയും കേൾക്കുകയും ചെയ്യുന്ന കഞ്ചാവുൾപ്പെടെയുള്ള ലഹരിപദാർഥങ്ങൾ ഉപയോഗിച്ച് പരീക്ഷിച്ചു നോക്കണമെന്ന മോഹമുദിക്കുന്ന കൗമാരപ്രായത്തിൽ, ആവശ്യക്കാർക്ക് അത് ലഭ്യമാക്കാൻ സദാ ജാഗരൂകരായി സ്കൂളുകൾക്കും കോളേജുകൾക്കും ചുറ്റും കാത്തിരിക്കുന്ന ഏജന്റുമാർ ഫ്രീയായി നൽകുന്ന ലഹരിയുത്പന്നങ്ങളുടെ ഉപയോഗത്തിലൂടെയാണ് പലരും ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ അകപ്പെടുന്നത്.

> **കേരളത്തിലെ യുവാക്കളിലും കൗമാരക്കാരിലും കഞ്ചാവിനോടും മറ്റു ലഹരിയുത്പന്നങ്ങളോടുമുള്ള ആസക്തി നാൾക്കുനാൾ വർധിച്ചുവരുന്നുണ്ട് എന്നതൊരു സത്യമാണ്. വൃത്തികെട്ട മണം പരത്തുന്ന മദ്യത്തിന് പകരം കുറഞ്ഞ വിലയ്ക്കു ലഭിക്കുന്നതും രഹസ്യമായി കൊണ്ടുനടന്ന് ഉപയോഗിക്കാവുന്നതും മണത്തിലൂടെ പെട്ടെന്ന് തിരിച്ചറിയാനാകാത്തതുമായ ലഹരിയന്വേഷിച്ചു തുടങ്ങിയ മലയാളികൾക്കു മുമ്പിൽ ഇന്ന് വ്യത്യസ്ത ലഹരിവസ്തുക്കളുടെ ലോകംതന്നെ തുറന്നുകിടക്കുകയാണ്.**

അവരിൽ ചിലരെങ്കിലും ഏജന്റുമാരായി മാറുന്നു. ക്ലാസ്സ്മുറികളിൽ ലഹരിവസ്തുക്കൾ എത്തിച്ചുകൊടുക്കുന്നു. സമ്പന്നരായ മാതാപിതാക്കൾ നൽകുന്ന 'പോക്കറ്റുമണി' തികയാതെ വരുമ്പോൾ കൊച്ചുകൊച്ചു മോഷണങ്ങളിൽ ഏർപ്പെടുന്ന പ്രായപൂർത്തിയാകാത്ത വിദ്യാർഥികൾ ക്രിമിനലുകളായി പോലീസിന്റെ പിടിയിലകപ്പെടുന്നു. അപ്പോഴും അവരുടെ മാതാപിതാക്കൾ മക്കൾ ലഹരിക്കടിമകളായ വസ്തുത അംഗീകരിക്കാൻ മടിക്കുന്നവരും അവരെ ചതിയിൽപ്പെടുത്തിയവർ ആരാണെന്ന അന്വേഷണത്തിൽ മുഴുകുന്നവരുമായി മാറുന്ന കാഴ്ചയാണ് കേരളത്തിലിന്ന് പൊതുവെ കാണപ്പെടുന്നത്.

സാമ്പത്തികമായ ഞെരുക്കം മൂലം അവർ ലഹരി ലഭ്യമാക്കാൻ പുതുവഴികൾ തേടും. പ്രയാസപ്പെടുന്ന വേളകളിൽ 'കണ്ടുപിടുത്തങ്ങളുടെ മാതാവായ അത്യാവശ്യം' അവരെ പുതിയ പരീക്ഷണങ്ങളിലേക്കും ഉപയോഗത്തിലേക്കും നയിക്കുന്നതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ് ന്യൂജനറേഷന്റെ കണ്ടെത്തലുകളിൽ പലതും. പെട്രോളും ഫെവിക്കോളും മുതൽ അലക്കുപൊടിയും മണ്ണെണ്ണയും ചേർത്തുണ്ടാക്കുന്ന മിശ്രിതത്തിൽ നിന്നുയരുന്ന വാതകം പോലും ലഹരിയുളവാക്കുന്നവയാണെന്ന് കണ്ടുപിടിക്കാൻ പ്രാപ്തിയുള്ള നമ്മുടെ ന്യൂജനറേഷൻ, ലഹരിയുടെ ആസക്തരായിത്തീരാൻ ഇടയാക്കിയ സാമൂഹികാവസ്ഥയെന്താ

ണ്? എതെങ്കിലും ലഹരിയുപയോഗിച്ച് രാത്രി വീട്ടിൽ വന്നുകയറുന്ന മകന് അത്താഴം വിളമ്പിക്കൊടുത്ത് തിന്നാൻ നിർബന്ധിക്കുന്ന മാതാവ്, ഇതിന് കാരണമന്വേഷിക്കേണ്ടതുണ്ട്.

കുട്ടികളെ എങ്ങനെ വളർത്തണമെന്നറിയാത്തവരായി മാറിയിരിക്കുന്നു രക്ഷിതാക്കൾ. തന്റെ ബാല്യത്തിൽ തനിക്ക് ലഭിക്കാതെപോയ സൗഭാഗ്യങ്ങളെല്ലാം മക്കൾക്കു നൽകണമെന്ന് ആഗ്രഹിക്കുന്ന ഇത്തരക്കാർ സ്വന്തം ഇച്ഛകൾക്കനുസൃതമായി കുട്ടികളെ വളർത്താൻ വെമ്പൽകൊള്ളുമ്പോൾ അവന്റെ/അവളുടെ ഐ.ക്യു പരിശോധിക്കാനോ, താത്പര്യങ്ങളേതെന്നറിയാനോ ശ്രമിക്കാറില്ല. കൃത്യമായ അജണ്ടയിലൂടെ ലക്ഷ്യപ്രാപ്തി കൈവരിക്കുവാൻ മക്കളെ നിർബന്ധിക്കുന്ന മാതാപിതാക്കൾ അവരുടെ മനസ്സിലേൽപിക്കുന്ന സമ്മർദ്ദങ്ങൾ ഒരിക്കലും തിരിച്ചറിയാറില്ല. ഒടുവിൽ അവർ എല്ലാ നിയന്ത്രണങ്ങളും വിലക്കുകളും ലംഘിക്കുവാൻ കിട്ടുന്ന അവസരം വിനിയോഗിക്കുമ്പോൾ മാതാപിതാക്കൾ അതിനു കാരണം ആരൊക്കെയാണെന്ന് തിരിച്ചറിയാൻ ശ്രമിക്കാതെ കൂട്ടുകാരെ പഴിചാരുകയും അവരോടുള്ള സൗഹൃദം അവസാനിപ്പിക്കാൻ ആവശ്യപ്പെടുകയുമാണ് ചെയ്യുക. അതോടെ കുട്ടികൾ അവരെ ശത്രുക്കളായിക്കാണും.

ലഹരിയുടെ പ്രത്യാഘാതം മാനസികം, ശാരീരികം, സാമൂഹികം, സാമ്പത്തികം, ആത്മീയം എന്നീ തലങ്ങളിലെല്ലാം വ്യാപകമാണ്. എല്ലാ ലഹരിവസ്തുക്കളും ഹാനികരങ്ങളാണ്. ഇവ മനുഷ്യനിൽ ശക്തമായ ആസക്തി ജനിപ്പിക്കുന്നു. ക്രമേണ മാനസികവും ശാരീരികവുമായ നാശത്തിലേക്ക് നയിക്കുന്നു. സാമ്പത്തികത്തകർച്ച, കുടുംബ പ്രശ്നങ്ങൾ, തൊഴിൽ പ്രശ്നങ്ങൾ എന്നിവ അഭിമുഖീകരിക്കുന്ന മനുഷ്യൻ ലഹരികൂടി ഉപയോഗിച്ചാൽ അത് റോഡപകടങ്ങൾ, കുറ്റകൃത്യങ്ങൾ, കൊലപാതകം, ആത്മഹത്യ എന്നിവയിലേക്ക് നയിച്ചേക്കാം.

രാജ്യത്തെ ജനങ്ങളിൽ ഭൂരിപക്ഷം ലഹരികൾക്കടിമകളായി മാറിക്കൊണ്ടിരിക്കുകയാണ് എന്ന വസ്തുത തിരിച്ചറിയുവാനോ ഫലപ്രദമായരീതിയിൽ ബോധവത്കരണത്തിലൂടെ തടയുവാനോ ഉള്ള ഭരണകൂട ശ്രമങ്ങൾ കൊട്ടിഘോഷിക്കലോടെ ആരംഭിക്കുകയും അനതിവിദൂരമല്ലാതെ കൊട്ടിക്കലാശമില്ലാതെ അവസാനിക്കുകയുമാണു ചെയ്യുന്നത്.

ലഹരി പദാർഥങ്ങൾ ഉപയോഗിക്കുവാൻ പുതുതലമുറയെ പ്രേരിപ്പിക്കുന്ന പശ്ചാത്തലങ്ങളന്വേഷിച്ച് അതിന്റെ കാരണം കണ്ടെത്തുന്നതിലൂടെയും ബോധവൽക്കരണത്തിലൂടെയും നിയമപരമായ നടപടികളിലൂടെയും ശാശ്വതപരിഹാരം തേടുകയാണ് ഭരണകൂടം ചെയ്യേണ്ടത്.

**വാഹനങ്ങളോടുള്ള ആസക്തി**

ചില ചെറുപ്പക്കാരെ ബാധിച്ചിരിക്കുന്ന മറ്റൊരു ലഹരിയും ആസക്തിയുമാണ് മോട്ടോർ ബൈക്കുകളും ആഡംബ കാറുകളും. എങ്ങനെയും ഏറ്റവും മുന്തിയ ഇനത്തിൽപ്പെട്ട ഒരു ഇഷ്ടവാഹനം സ്വന്തമാക്കുന്നത് ജീവിതത്തിന്റെ പരമമായ ലക്ഷ്യമായി കരുതുന്ന ന്യൂജനറേഷൻ മലയാളി, ആൾട്രേഷൻ വരുത്തിയ വാഹനത്തിൽ അമിതവേഗതയിൽ അമിതശബ്ദം പുറപ്പെടുവിച്ച് പറന്നുപോകുമ്പോൾ അനുഭവിക്കുന്ന ലഹരി ഒന്നുവേറെത്തന്നെയാണ്! സാമൂഹിക പ്രതിബദ്ധത കുറഞ്ഞ അളവിൽ മാത്രമുള്ള ഇത്തരം മനുഷ്യരെ ആഹ്ളാദത്തോടും ഭയത്തോടും വീക്ഷിക്കുന്ന ഒരു വലിയ വിഭാഗത്തിന്റെ കണ്ണുകൾ തന്റെമേൽ പതിക്കുന്നുണ്ടെന്ന വിശ്വാസമാണ് ഈ ലഹരിയുടെ അടിസ്ഥാനം.

ഈ ലഹരിയോടു ചേർന്ന് മറ്റു ചില ലഹരികൾകൂടി ഉപയോഗിച്ചാൽ 'സ്വപ്നതുല്യമായ' അവസ്ഥയിൽ അപ്പൂപ്പൻ താടിപോലെ ആകാശത്തിന്റെ അനന്തതയിലൂടെ പ്രിയ വാഹനമോടിക്കാം എന്ന് കരുതുന്ന പലരും പെരുവഴിയിൽ പിടഞ്ഞുമരിക്കുന്ന ദാരുണമായ ചിത്രം നമ്മളെന്നും കണ്ടുകൊണ്ടിരിക്കുകയാണ്. എന്നിട്ടും ഈ ലഹരിയിൽ മുഴുകുന്നവരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്.

ഏതാനും ചില കാര്യങ്ങളിലുള്ള ആസക്തി മാത്രമാണ് സൂചിപ്പിച്ചത്. എണ്ണിപ്പറയുകയാണെങ്കിൽ ഇനിയും ധാരാളമുണ്ട്.

പലതരം ആസക്തികളും വിവിധയിനം ലഹരികളുമായി നെട്ടോട്ടമോടുന്നവർ സന്തോഷപൂർവം മറ്റുള്ളവർക്കുകൂടി ഉപകാരപ്പെടും വിധം ജീവിക്കുന്നതിനു പകരം സ്വാർഥതയിലൂടെ, ആർത്തികളിലൂടെ പരക്കം പാഞ്ഞ് ഒടുവിൽ



വിഫലതയിലൊടുങ്ങുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

മനുഷ്യനെന്ന നിലയിൽ, 'മനുഷ്യത്വം' എന്ന ഗുണേത്തൊടുകൂടി ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാളും വിനാശകരമായ ലഹരിയും ആസക്തിയും ഒഴിവാക്കിയേ മതിയാകൂ. ഏതെങ്കിലും തരത്തിലുള്ള ആസക്തിയിൽനിന്ന് മുക്തി നേടുന്നതിന് ഒന്നാമതായി ശക്തമായ ഇച്ഛാശക്തി ആവശ്യമാണ്. ഡീഅഡിക്ഷൻ സെന്റർ വഴിയും മറ്റും മയക്കുമരുന്ന് ആസക്തി ഉപേക്ഷിക്കാൻ കഴിയും.

വിഷാദ രോഗികളുടെ എണ്ണവും ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണവും നമ്മുടെ നാട്ടിൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിസന്ധിഘട്ടങ്ങളിൽ സഹിക്കാനും ക്ഷമിക്കാനും പലർക്കും കഴിയുന്നില്ല.

**പരിഹാരമെന്ത്?**

"അതിസമ്പന്നനും അത്രത്തോളംതന്നെ അൽപനും അഹങ്കാരിയുമായ ഒരു സുഹൃത്തിന് സംഭവിച്ച ദുരന്തം ഇത്തരുണത്തിൽ പരാമർശിക്കേണ്ടതുണ്ടെന്ന് തോന്നുന്നു. തന്റെ സാമ്പത്തിക മേൽക്കോയ്മ സ്വന്തം നാട്ടുകാരെ ബോധ്യപ്പെടുത്തുവാനായി കോടികൾ മുടക്കി അദ്ദേഹം ഒരു ആഡംബരകാർ വിദേശത്തുനിന്ന് വാങ്ങി, എറണാകുളം എയർപോർട്ടിലേക്ക് ബുക്ക് ചെയ്തു. കാറിനു മുൻപ് നാട്ടിലെത്തിയ കണ്ണൂർക്കാരന്റെ വാഹനം എറണാകുളത്തെത്തിയിട്ടുണ്ടെന്ന് വിവരമറിഞ്ഞു. സ്വന്തം കാറിൽ ഡ്രൈവറെയും കൂട്ടി മംഗലാപുരത്തെത്തിയ അദ്ദേഹം വിമാന ടിക്കറ്റെടുത്ത് എറണാകുളത്ത് പറന്നിറങ്ങി. വാഹനം റിലീസ് ചെയ്തുവാങ്ങി സ്വയം ഓടിച്ച് കണ്ണൂരിലേക്കു പോരുമ്പോൾ കൂടെ ഡ്രൈവറുമുണ്ടായിരുന്നു. തൃശൂരടുക്കാറായപ്പോൾ അദ്ദേഹത്തിന് ചെറിയൊരു നെഞ്ചുവേദന തോന്നിത്തുടങ്ങി. ഏതായാലുമൊരു ഡോക്ടറെ കണ്ടുകളയാമെന്ന ഡ്രൈവറുടെ അഭിപ്രായം മാനിച്ച്, തൃശൂരിലെ ഒരു പ്രമുഖ ഹോസ്പിറ്റലിൽ കയറി ഇ.സി.ജി പരിശോധിച്ചപ്പോൾ അഡ്മിറ്റാകാൻ നിർദേശിച്ചു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹം ഹൃദയസ്തംഭനംമൂലം ആശുപത്രിയിലെ ഐ.സി.യുവിൽ കിടന്നു മരിച്ചു. ഇനിയേതു വാഹനത്തിലായിരിക്കും അദ്ദേഹത്തിന്റെ മൃതശരീരം കണ്ണൂർക്കു കൊണ്ടുപോവുക?'' (ആരോഗ്യത്തിനു ഹാനികരം-ജോൺസൺ).

ഇഹലോക ജീവിതം ശാശ്വതമല്ല എന്ന തിരിച്ചറിവും തന്നെ സൃഷ്ടിച്ച രക്ഷിതാവിനെക്കുറിച്ചുള്ള ഭയവും മരണാനന്തര ജീവിതത്തിലുള്ള വിശ്വാസവുമാണ് ആസക്തികളിൽനിന്ന് അകന്നുനിൽക്കാനുള്ള യഥാർഥ വഴി. ഇഹലോകത്തിന്റെ നൈമിഷികതയെക്കുറിച്ച് ബോധമുള്ള ഒരു മനുഷ്യൻ ആസക്തികൾക്കു പിന്നാലെ പാഞ്ഞ് താന്തോന്നിയായി ജീവിക്കാൻ തരമില്ല. സകലവിധ അധർമത്തിന്റെയും ആൾരൂപങ്ങളായിരുന്ന ഒരു ജനതയെ നിഷ്കളങ്കരും സദാചാരനിഷ്ഠരുമാക്കിത്തീർക്കുവാൻ നബി(സ)ക്ക് സാധിച്ചതിന്റെ പിന്നിൽ അവരിൽ ഭൗതിക ജീവിതത്തോടുള്ള അമിതകാമന ഇല്ലായ്മ ചെയ്യുവാനും പരലോക വിജയത്തിനായുള്ള അഭിനിവേശം സന്നിവേശിപ്പിക്കുവാനും കഴിഞ്ഞു എന്നുള്ളതാണ്.

**ഇഹലോക ജീവിതം ശാശ്വതമല്ല എന്ന തിരിച്ചറിവും തന്നെ സൃഷ്ടിച്ച രക്ഷിതാവിനെക്കുറിച്ചുള്ള ഭയവും മരണാനന്തര ജീവിതത്തിലുള്ള വിശ്വാസവുമാണ് ആസക്തികളിൽനിന്ന് അകന്നുനിൽക്കാനുള്ള യഥാർഥ വഴി. ഇഹലോകത്തിന്റെ നൈമിഷികതയെക്കുറിച്ച് ബോധമുള്ള ഒരു മനുഷ്യൻ ആസക്തികൾക്കു പിന്നാലെ പാഞ്ഞ് താന്തോന്നിയായി ജീവിക്കാൻ തരമില്ല. സകലവിധ അധർമത്തിന്റെയും ആൾരൂപങ്ങളായിരുന്ന ഒരു ജനതയെ നിഷ്കളങ്കരും സദാചാരനിഷ്ഠരുമാക്കിത്തീർക്കുവാൻ നബി(സ്വ)ക്ക് സാധിച്ചതിന്റെ പിന്നിൽ അവരിൽ ഭൗതിക ജീവിതത്തോടുള്ള അമിതകാമന ഇല്ലായ്മ ചെയ്യുവാനും പരലോക വിജയത്തിനായുള്ള അഭിനിവേശം സന്നിവേശിപ്പിക്കുവാനും കഴിഞ്ഞു എന്നുള്ളതാണ്.**

മരണമെന്ന യാഥാർഥ്യം മറന്നുകൊണ്ട് ഇവിടെ ശാശ്വതനെന്നമട്ടിൽ ജീവിക്കരുത്. നമ്മൾ വെറും വഴിയാത്രക്കാരാണ്. ഇന്നല്ലെങ്കിൽ നാളെ മടങ്ങേണ്ടിവരും. നമുക്ക് ഇഷ്ടമാണെങ്കിലും അല്ലെങ്കിലും നിർബന്ധമായ മടക്കം. നമുക്ക് ഇഷ്ടമുള്ള സമയവും ദിവസവും നോക്കാതെയുള്ള മടക്കം. കാരണം, ആ മടക്കദിവസവും സമയവും തീരുമാനിക്കുന്നത് നമ്മളല്ല; സ്രഷ്ടാവാണ്. ദൈവവിശ്വാസികളും ദൈവനിഷേധികളുമൊക്കെ അവനവന് നിശ്ചയിക്കപ്പെട്ട സമയംവരുമ്പോൾ മടങ്ങിപ്പോയേ തീരൂ.

അല്ലാഹു പറയുന്നു: "ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റി നിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല"(ക്വുർആൻ 3:185).

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഇഹലോകത്തെ സ്നേഹിച്ചാൽ പരലോകത്ത് അത് നഷ്ടമുണ്ടാക്കും. ആരെങ്കിലും പരലോകത്തെ സ്നേഹിച്ചാൽ ഇഹലോകത്ത് അത് നഷ്ടമുണ്ടാക്കും. അതുകൊണ്ട് നശിക്കുന്നതിനെക്കാൾ ശേഷിക്കുന്നതിന് നിങ്ങൾ പ്രാധാന്യം നൽകുക" (അഹ്മദ്, ബൈഹക്വി). ■



# അല്ലാഹുവിന്റെ പദവി ചാർത്തപ്പെടുന്ന വ്യാജ വലിയ്യുകൾ

മൂസ സ്വലാഹി കാര

:97473 45768

ആരാധനയാകുന്ന പ്രാർഥനയും സഹായതേട്ടവും ഭരമേൽപിക്കലുമെല്ലാം ജീവിതത്തിന്റെ ഏത് സന്ദർഭങ്ങളിലും അല്ലാഹുവിനോട് മാത്രമാക്കാൻ കൽപിക്കപ്പെട്ടവരാണല്ലോ വിശ്വാസികൾ. അല്ലാഹു പറയുന്നു: "ആകയാൽ നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെ മുറുകെപിടിക്കുകയും ചെയ്യുക. അവനാണ് നിങ്ങളുടെ രക്ഷാധികാരി. എത്ര നല്ല രക്ഷാധികാരി! എത്ര നല്ല സഹായി!" (ക്വുർആൻ 22:78).

ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ (റഹി) പറയുന്നു: 'നിങ്ങൾ അല്ലാഹുവിനെ ആശ്രയിക്കുകയും അവനോട് സഹായം തേടുകയും അവനിൽ ഭരമേൽപിക്കുകയും അവനെക്കൊണ്ട് കരുത്ത് നേടുകയും ചെയ്യുക.'

പ്രമാണങ്ങൾ പ്രാധാന്യത്തോടെ പഠിപ്പിച്ച ഈ ആശയം മതത്തിന്റെ അടിസ്ഥാന തത്ത്വമായതിനാൽ അതിൽ മായം ചേർക്കാനോ അതിനെ കളങ്കപ്പെടുത്താനോ വിസ്മരിക്കാനോ പാടില്ല.

'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു' എന്ന ക്വുർആൻ വചനത്തെ ജീവിതത്തിൽ അന്വർഥമാക്കാൻ ശ്രമിക്കുന്നവർ മാത്രമെ വിജയം പ്രാപിക്കുകയുള്ളൂ. അല്ലാഹു പറയുന്നു:

"അതുകൊണ്ട് ആർ അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മുറുകെപിടിക്കുകയും ചെയ്യുന്നുവോ, അവരെ തന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും അവൻ പ്രവേശിപ്പിക്കുന്നതാണ്. അവങ്കലേക്ക് അവരെ നേർവഴിയിലൂടെ അവൻ നയിക്കുന്നതുമാണ്" (4:175).

> **ഒരാൾക്ക് നിത്യാവശ്യങ്ങൾവരെ നടന്നുകിട്ടാൻ അല്ലാഹുവിന്റെ സഹായം അനിവാര്യമാണെന്നിരിക്കെ പ്രതിസന്ധിഘട്ടങ്ങളിലുള്ള സഹായതേട്ടം അവനോട് മാത്രമെ ആകാവൂ എന്നതിൽ പോലും സമൂഹത്തെ ആശങ്കയിലകപ്പെടുത്താൻ ശ്രമിക്കുകയാണ് മുസ്‌ലിയാക്കന്മാർ. അത്തരം സന്ദർഭങ്ങളിലെ സഹായതേട്ടം പ്രാർഥനയായതിനാൽ അത് കേൾക്കാനും ഉത്തരം നൽകാനും കഴിവുള്ളവൻ അല്ലാഹു മാത്രമാണെന്ന് സംശയമുക്തമായി ക്വുർആൻ പഠിപ്പിച്ചതാണ്.**
> **ബദ്ർ യുദ്ധമെന്ന കടുത്ത പരീക്ഷണത്തിന് മുമ്പിലും മദീനയിലേക്കുള്ള ഹിജ്‌റയുടെ വേളയിലും പല പ്രശ്നങ്ങൾ അനുചരന്മാർക്കുണ്ടായപ്പോഴും നബി (സ്വ) ക്വുർആനിന്റെ കൽപനയിൽ നിലയുറപ്പിച്ചു എന്നത് ഏറെ മാതൃകാപരമാണ്.**

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) പറഞ്ഞു: "പ്രാർഥന-അതിൽ ഏറ്റവും പ്രധാനപ്പെട്ട ആപത്തുകളിലും അത്യാവശ്യ സന്ദർഭങ്ങളിലുമുള്ള സഹായ തേട്ടം- ആരാധനയിൽപെട്ടതാണ്. അത് അല്ലാഹുവല്ലാത്തവരിലേക്ക് തിരിക്കൽ അവനിൽ പങ്കുചേർക്കലാണെന്നതിൽ മുസ്‌ലിംകൾ ഏകോപിച്ചിട്ടുണ്ട്" (അൽഉബൂദിയ്യ).

ഒരാൾക്ക് നിത്യാവശ്യങ്ങൾവരെ നടന്നുകിട്ടാൻ അല്ലാഹുവിന്റെ സഹായം അനിവാര്യമാണെന്നിരിക്കെ പ്രതിസന്ധിഘട്ടങ്ങളിലുള്ള സഹായതേട്ടം അവനോട് മാത്രമെ ആകാവൂ എന്നതിൽ പോലും സമൂഹത്തെ ആശങ്കയിലകപ്പെടുത്താൻ ശ്രമിക്കുകയാണ് മുസ്‌ലിയാക്കന്മാർ.

അത്തരം സന്ദർഭങ്ങളിലെ സഹായതേട്ടം പ്രാർഥനയായതിനാൽ അത് കേൾക്കാനും ഉത്തരം നൽകാനും കഴിവുള്ളവൻ അല്ലാഹു മാത്രമാണെന്ന് സംശയമുക്തമായി ക്വുർആൻ പഠിപ്പിച്ചതാണ്. അല്ലാഹു പറയുന്നു: "അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർഥിച്ചാൽ ഞാൻ അവന്ന് ഉത്തരം നൽകുകയും വിഷമം നീക്കിക്കൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?). അല്ലാഹുവോടൊപ്പം വേറെ വല്ല ആരാധ്യനുമുണ്ടോ? കുറച്ചു മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (27:62).

'ബുദ്ധിമുട്ടുകളിൽ പ്രാർഥിക്കപ്പെടേണ്ടവനും ആപത്ഘട്ടങ്ങളിൽ പ്രതീക്ഷിക്കപ്പെടേണ്ടവനും അല്ലാഹുവാണെന്ന ഉണർത്തലാണ്' ഈ ആയത്തിന്റെ താൽപര്യമെന്ന് ഇബ്നു കസീർ(റഹി) വിശദീകരിച്ചിട്ടുണ്ട്. ബദ്ർ യുദ്ധമെന്ന കടുത്ത പരീക്ഷണത്തിന് മുമ്പിലും മദീനയിലേക്കുള്ള ഹിജ്‌റയുടെ വേളയിലും പല പ്രശ്നങ്ങൾ അനുചരന്മാർക്കുണ്ടായപ്പോഴും നബി (സ്വ) ക്വുർആനിന്റെ കൽപനയിൽ നിലയുറപ്പിച്ചു എന്നത് ഏറെ മാതൃകാപരമാണ്. അല്ലാഹു പറയുന്നു: "അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർഥിക്കരുത്. നീ അപ്രകാരം ചെയ്യുന്നപക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും" (10:106).

പ്രതിസന്ധികളിൽ വിശ്വാസികൾ പതിവാക്കേണ്ട വ്യത്യസ്ത പ്രാർഥനകൾ നബി(സ)പഠിപ്പിച്ചിട്ടുണ്ട്. ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം: "നബി(സ്വ) ക്ലേശമുണ്ടാകുമ്പോൾ ഇപ്രകാരം പ്രാർഥിച്ചിരുന്നു: 'മഹോന്നതനും സഹനശീലനുമായ അല്ലാഹുവല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല. മഹിത സിംഹാസനത്തിന്റെ രക്ഷിതാവായ അല്ലാഹുവല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല. മഹത്തായ സിംഹാസനത്തിന്റെ നാഥനായ, ഭൂമിയുടെ നാഥനായ, വാനങ്ങളുടെ നാഥനായ അല്ലാഹുവല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ല" (ബുഖാരി).

അനസി(റ)ൽനിന്ന് നിവേദനം: "നബി(സ്വ)ക്ക് വല്ല പ്രയാസവും ഉണ്ടായാൽ 'എന്നെന്നും ജീവിച്ചിരിക്കുന്ന, എല്ലാം നിയന്ത്രിക്കുന്ന അല്ലാഹുവേ, നിന്റെ കാരുണ്യംകൊണ്ട് ഞാൻ നിന്നോട് സഹായം തേടുന്നു' എന്ന് പ്രാർഥിക്കാറുണ്ട്" (തിർമുദി).

പ്രയാസപ്പെടുന്നവന്റെ പ്രാർഥനയായി നബി(സ്വ) പഠിപ്പിച്ചു: "അല്ലാഹുവേ, നിന്റെ കാരുണ്യത്തെ ഞാൻ പ്രതീക്ഷിക്കുന്നു. അതിനാൽ കണ്ണിമവെട്ടുന്ന നേരത്തേക്ക് പോലും എന്നെ നീ എന്നിലേക്ക് ഏൽപിക്കരുത്. എന്റെ എല്ലാ കാര്യങ്ങളും നീ എനിക്ക് ശരിയാക്കിത്തരേണമേ. നീയല്ലാതെ മറ്റൊരാരാധ്യനില്ല" (അബൂദാവൂദ്).

അല്ലാഹു ഇടപെട്ടാൽ മാത്രമെ ബുദ്ധിമുട്ടുകളെ മറികടക്കാനാകൂ എന്നും ജീവിച്ചിരിക്കുന്നവരോ മരിച്ചവരോ ആയ ഒരാളെയും അതിന് കൂട്ടുപിടിക്കേണ്ടതില്ലെന്നും ഈ തെളിവുകൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

വിശ്വാസത്തിന്റെ മഹത്ത്വവും പ്രാധാന്യവും തിരിച്ചറിയാത്ത പണ്ഡിത വേഷധാരികൾ ജനങ്ങളെ പിഴപ്പിക്കുന്ന കാര്യത്തിൽ നന്നായി ഉത്സാഹിക്കുന്നവരാണ്. മക്കാമുശ്‌രിക്കുകളുടെ പുതിയ രൂപമായി ജന്മമെടുത്ത ശിയാക്കളുടെ കേരളോൽപന്നമായ സമ



സ്തക്കാർ ഔലിയാക്കളുടെ വിഷയത്തിൽ സ്വീകരിച്ച വിശ്വാസവും വീക്ഷണവും നമുക്കൊന്ന് പരിശോധിക്കാം.

"ആത്മ സംസ്കരണത്തിന്റെ കഠിനമായ ശിക്ഷാമുറകൾ സ്വീകരിച്ച് ആത്മാവിനെയും മനസ്സിനെയും സ്ഫുടം ചെയ്ത് എടുക്കുന്നതിൽ ഔലിയാക്കൾ പല ഘട്ടങ്ങളും പിന്നിടുന്നു. വഖ്ത്ത്, മഖാം, ഹാൽ ഖബ്ള്, ബസ്ഥ്, ഹൈബത്, ഉൻസ് നുവാജിദ്, വജ്ദ്, വുജൂദ്, ജംഅ്, ഫർഖ്, ഫനാഅ്, ബഖാഅ്, ഗൈബത്, ഹുളൂർ, സഹ്വ്, സുക്റ്, തുടങ്ങിയവ ആ ഘട്ടങ്ങളെ കുറിക്കുന്നതിനുള്ള ആരിഫീങ്ങളുടെ സാങ്കേതിക പ്രയോഗങ്ങളിൽ ചിലതാണ്" (സി.എം സ്മരണിക/പേജ് 35).

"അപ്പോൾ ദുൻയാവുമായോ, ആഖിറവുമായോ ബന്ധപ്പെട്ട ഏതൊരു വിഷയത്തിലും അല്ലാഹുവിന്റെ ഔലിയാക്കളുടെ, രിജാലുൽ ഗൈബിന്റെ സഹായം ആഗ്രഹിക്കുന്ന വ്യക്തി താൻ ഉദ്ദേശിക്കുന്ന ദിവസം ഭൂമിയുടെ ഏതു ഭാഗത്താണ് അന്ന് രിജാലുൽ ഗൈബ് സമ്മേളിക്കുന്നത് എന്ന് വൃത്തം നോക്കി മനസ്സിലാക്കി ശരീരവും വസ്ത്രവും വൃത്തിയുള്ളവനായി വുളുവോടുകൂടെ ആദരവോടും ബഹുമാനത്തോടും കൂടി സമ്മേളന ദിക്കിലേക്ക് തിരിഞ്ഞ് നിശ്ചിത സലാമിന്റെ പദങ്ങൾ കൊണ്ട് അവർക്ക് സലാം പറയുകയും താൻ ഉദ്ദേശിക്കുന്ന വിഷയത്തിൽ അവരുടെ സഹായം ചോദിക്കുകയും ചെയ്താൽ അവന്ന് സഹായം ലഭിക്കുക തന്നെ ചെയ്യും. സംശയം വേണ്ട" (രിസാല, 1998/പേജ് 17).

ഔലിയാക്കൾ അല്ലാഹുവിന്റെ ഇഷ്ടദാസന്മാരും സൂക്ഷ്മതയുടെ നെറുകയിലെത്തിവരുമാണല്ലോ. എങ്കിൽ പുരോഹിതന്മാർ അവരുടെ കൃത്രിമ ഔലിയാക്കൾക്ക് നൽകിയ വിശേഷണങ്ങൾ ഏറ്റവും വലിയ ഔലിയയായ നബി(സ്വ)യുടെ ഗുണങ്ങളായി പഠിപ്പിക്കപ്പെട്ടിട്ടുണ്ടോ? നാല് ഖലീഫമാരിൽ ആരുടെയെങ്കിലും പ്രത്യേകതയായി കാണാമോ? ഉത്തമ തലമുറയിൽ ഉൾപ്പെട്ട ആർക്കെങ്കിലുമുണ്ടോ? അഹ്ലുസ്സുന്ന വൽജമാഅയുടെ, പ്രാമാണികമായി അംഗീകരിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ ഇത് കാണുമോ? ഇല്ലേയില്ല. എല്ലാം സ്വൂഫികളുടെയും ശിയാക്കളുടെയും നിർമിതാശയങ്ങൾ മാത്രം.

'ഖുത്വുബുസ്സമാൻ' എന്ന പദവി നൽകപ്പെട്ട, ഇപ്പോൾ മുസ്‌ലിയക്കളുടെ നാവിലൂടെ അരങ്ങ് തകർക്കുന്ന സമസ്തയുടെ 'വലിയ ഔലിയ' സി.എം മടവൂരാണ് ലോകം നിയന്ത്രിക്കുന്നതെന്ന് പേരുകേട്ട പണ്ഡിതനാണ് സമൂഹമധ്യത്തിൽ വിളിച്ചുപറഞ്ഞത്. ഇത് സ്ഥാപിക്കാൻ സൂറതുന്നാസിആത്തിലെ അഞ്ചാം വചനത്തെ പരസ്യമായി അയാൾ ദുർവ്യാഖ്യാനിച്ചു. വിമർശനങ്ങളും ന്യായീകരണങ്ങളുമായി സോഷ്യൽ മീഡിയ ചർച്ചകൾകൊണ്ട് സജീവമായി. 'സ്തുതി (മുഴുവനും) സർവലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു' എന്ന ഖുർആനിന്റെ പ്രഥമ പാഠം പോലും ഇവർക്കറിയില്ലെന്നും 'കാര്യങ്ങൾ നിയന്ത്രിക്കുന്നത് ആരാണ്' എന്ന ചോദ്യത്തിന് 'അല്ലാഹുവാണെ'ന്ന് മറുപടി നൽകിയ മക്കാ മുശ്‌രിക്കുകളുടെ തിരിച്ചറിവിനെക്കാൾ താഴെയാണിവരെന്നും അതിലൂടെ സമൂഹത്തിന് ബോധ്യമായി.

'അൽ മുദബ്ബിർ' എന്നത് അല്ലാഹുവിന്റെ മാത്രം നാമമാണെന്നും അതിൽ സൃഷ്ടികളെ പങ്കുചേർക്കൽ ശിർക്കാണെന്നുമുള്ള

**വിശ്വാസത്തിന്റെ മഹത്ത്വവും പ്രാധാന്യവും തിരിച്ചറിയാത്ത പണ്ഡിത വേഷധാരികൾ ജനങ്ങളെ പിഴപ്പിക്കുന്ന കാര്യത്തിൽ നന്നായി ഉത്സാഹിക്കുന്നവരാണ്. മക്കാമുശ്‌രിക്കുകളുടെ പുതിയ രൂപമായി ജന്മമെടുത്ത ശിയാക്കളുടെ കേരളോൽപന്നമായ സമസ്തക്കാർ ഔലിയാക്കളുടെ വിഷയത്തിൽ സ്വീകരിച്ച വിശ്വാസവും വീക്ഷണവും നമുക്കൊന്ന് പരിശോധിക്കാം. "ആത്മ സംസ്കരണത്തിന്റെ കഠിനമായ ശിക്ഷാമുറകൾ സ്വീകരിച്ച് ആത്മാവിനെയും മനസ്സിനെയും സ്ഫുടം ചെയ്ത് എടുക്കുന്നതിൽ ഔലിയാക്കൾ പല ഘട്ടങ്ങളും പിന്നിടുന്നു. വഖ്ത്ത്, മഖാം, ഹാൽ ഖബ്ള്, ബസ്ഥ്, ഹൈബത്, ഉൻസ് നുവാജിദ്, വജ്ദ്, വുജൂദ്, ജംഅ്, ഫർഖ്, ഫനാഅ്, ബഖാഅ്, ഗൈബത്, ഹുളൂർ, സഹ്വ്, സുക്റ്, തുടങ്ങിയവ ആ ഘട്ടങ്ങളെ കുറിക്കുന്നതിനുള്ള ആരിഫീങ്ങളുടെ സാങ്കേതിക പ്രയോഗങ്ങളിൽ ചിലതാണ്'' (സി.എം സ്മരണിക/പേജ്35).**

ഇസ്‌ലാമിന്റെ ശാസനയെ ഇവർ ഭയക്കുന്നില്ല. ഈ ജൽപനം തിരുത്തപ്പെടാതെ ഒരപറ്റം മനുഷ്യരുടെ മനസ്സിൽ പറ്റിപ്പിടിച്ച് കിടക്കുന്നതിലൂടെ പുരോഹിതന്മാർക്ക് ചുമക്കേണ്ടി വരുന്ന പാപഭാരം എത്രയാണ്! തനിക്ക് ബാധിച്ച അസുഖത്തെപ്പോലും തടുക്കാൻ സാധിക്കാതെ മരണത്തിന് കീഴ്പെട്ട ഈ വ്യക്തിയെ ഇവർ പ്രശംസിച്ചുയർത്തിയത് കൂടി കാണുക:

"മഹാനവർകളുടെ വഫാത്ത് മനുഷ്യകുലത്തിനു മാത്രമല്ല ലോകത്തിനു തന്നെ സംഭവിച്ച ഏറ്റവും വലിയ നഷ്ടമാണ്" (സി.എം മടവൂർ/പേജ് 91).

"ആന്തിയൂർകുന്നു ചെറിയാപ്പുവിന്റെ വീട്ടിൽ ശൈഖുനാ താമസിക്കുമ്പോൾ നടന്ന ഒരു സംഭവം കൂടി കുറിക്കാം. വാതംപിടിച്ചു ശരീരമാകെ തളർന്നുപോയ ഒരു മനുഷ്യനെ ശൈഖുനയുടെ മുമ്പിൽ കൊണ്ടുവന്നു കിടത്തി. അവർ രോഗിയേ നോക്കി ഇത് ഞാൻ സുഖമാക്കിയിരിക്കുന്നു എന്നു പറഞ്ഞ ഉടനെ രോഗി എഴുന്നേറ്റു. സ്വയം നടന്നാണ് അയാൾ വീട്ടിലേക്ക് പോയത്. ഇങ്ങനെ കഠിനമായ രോഗങ്ങൾ മാറിയത്, രാഷ്ട്രീയ കാര്യങ്ങൾ പ്രവചിച്ചത്, വിവാഹം മുടക്കിയത്, വിമർശകർ തൂങ്ങി മരിച്ചത് തുടങ്ങി പതിനായിരക്കണക്കിന് അത്ഭുത സംഭവങ്ങൾ വിവരിക്കാനുണ്ട്" (സി.എം സ്മരണിക / പേജ് 44).

"കാരണം മടവൂരിലെയും വരക്കലെയും മദീനാമലർവാടിയിലെയും നൂറാനിയ്യത്ത് പലതല്ല. ഒന്നു തന്നെയായിരുന്നല്ലോ. അല്ലാഹുവിന്റെ ദാത്തും നൂറാനിയ്യത്തും രണ്ടാണോ? അല്ല. മുത്തു മുസ്തഫായെന്ന നൂറാനിയ്യത്ത് അല്ലാഹുവിൽനിന്നന്യമാണോ? അല്ല. മുത്തു മുസ്തഫായുടെ നൂറാനിയ്യത്തിൽ നിന്നന്യമാണോ വരക്കലും മടവൂരുമൊക്കെയുള്ള നൂറാനിയ്യത്ത്? അല്ലേ അല്ല. എല്ലാം ഒരേ ഒരു നൂറാനിയ്യത്തു തന്നെ" (മടവൂരിലെ നൂറാനിയ്യത്ത്/പേജ് 12,13).

പ്രമാണങ്ങൾ വ്യക്തമാക്കിത്തന്ന ഇസ്‌ലാമിന്റെ ഋജുവായ ആദർശത്തിന്റെ അരികത്ത് പോലും വെക്കാൻ പറ്റാത്ത ഈ പിഴച്ച ചിന്തക്കാരോട് ക്വുർആൻ നൽകിയ താക്കീതാണ് ഉണർത്താനുള്ളത്. അല്ലാഹു പറയുന്നു: "അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്‌വണക്കം. അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) 'അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്.' അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച" (39:3).

പല കാരണങ്ങളാലും നമുക്ക് രോഗമുണ്ടാകുന്നതും പ്രാർഥന, ശരിയായ ചികിത്സ എന്നിവയിലൂടെ അതിന് ശമനം ലഭിക്കുന്നതും റബ്ബിന്റെ വിധിയിൽപ്പെട്ടതാണ്. അല്ലാഹു പറയുന്നു: "(നബിയേ,) നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തി വെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല. നിനക്ക് അവൻ വല്ല ഗുണവും വരുത്തുകയാണെങ്കിലോ അവൻ ഏതൊരു കാര്യത്തിനും കഴിവുള്ളവനത്രെ" (6:17).

സി.എം മടവൂർ സാക്ഷാൽ

**'ഖുത്വുബുസ്സമാൻ' എന്ന പദവി നൽകപ്പെട്ട, ഇപ്പോൾ മുസ്‌ലിയക്കളുടെ നാവിലൂടെ അരങ്ങ് തകർക്കുന്ന സമസ്തയുടെ 'വലിയ ഔലിയ' സി.എം മടവൂരാണ് ലോകം നിയന്ത്രിക്കുന്നതെന്ന് പേരുകേട്ട പണ്ഡിതനാണ് സമൂഹമധ്യത്തിൽ വിളിച്ചുപറഞ്ഞത്. ഇത് സ്ഥാപിക്കാൻ സൂറതുന്നാസിആത്തിലെ അഞ്ചാം വചനത്തെ പരസ്യമായി അയാൾ ദുർവ്യാഖ്യാനിച്ചു. വിമർശനങ്ങളും ന്യായീകരണങ്ങളുമായി സോഷ്യൽ മീഡിയ ചർച്ചകൾകൊണ്ട് സജീവമായി. 'സ്തുതി (മുഴുവനും) സർവലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു' എന്ന ക്വുർആനിന്റെ പ്രഥമ പാഠം പോലും ഇവർക്കറിയില്ലെന്നും 'കാര്യങ്ങൾ നിയന്ത്രിക്കുന്നത് ആരാണ്' എന്ന ചോദ്യത്തിന് 'അല്ലാഹുവാണെ'ന്ന് മറുപടി നൽകിയ മക്കാ മുശ്‌രിക്കുകളുടെ തിരിച്ചറിവിനെക്കാൾ താഴെയാണിവരെന്നും അതിലൂടെ സമൂഹത്തിന് ബോധ്യമായി.**





കാന്തപുരം മുസ്‌ലിയാരുടെ മാറാത്ത പനി മാറ്റിക്കൊടുത്തതായി അദ്ദേഹം തന്നെ എഴുതിയത് കാണുക: “മൂന്നു ദിവസത്തെ വാദപ്രതിവാദം കഴിഞ്ഞു ഞാൻ നാട്ടിലേക്ക് മടങ്ങി. എന്നിക്കു പനി പിടിച്ചു. ശക്തമായ പനി. മൂന്നു ദിവസം നാലു ഡോക്ടർമാർ പരിശോധിച്ചു, മരുന്നു കഴിച്ചു. 110 ഡിഗ്രിയിൽനിന്ന് പനി കുറഞ്ഞില്ല. അങ്ങനെ വിഷമിക്കുമ്പോൾ രാത്രി ഞാൻ ഔലിയാക്കളുടെ പേരിൽ ഫാതിഹ ഓതി അൽപസമയം ഉറങ്ങി. ഉറക്കത്തിൽ ഞാൻ വലിയ ഒരു മതിലിനു താഴെ നടക്കുന്നു. ഒരാൾ എന്റെ കൂടെ വന്നു പലതും സംസാരിക്കുന്നു. എന്റെ ചുമലിൽ അയാൾ കൈ വെക്കുന്നു. പരിചയമില്ലാത്തതിനാൽ ഞാൻ അയാളെ തട്ടിമാറ്റുന്നു. വീണ്ടും അയാൾ എന്നെ പിന്തുടരുന്നു. ഒരു വളവിൽ എത്തിയപ്പോൾ അവിടെ ഒരു വല നിവർത്തി വെച്ചതായും അതിനടിയിൽ ഒരു വലിയ കുഴിയുള്ളതായും എനിക്കു തോന്നുന്നു. എന്നെ അയാൾ അതിലേക്ക് പിടിച്ചു വലിക്കുന്നു, ഞാൻ അതിൽ വീഴാതെ പുറത്തേക്ക് ചാടി മാറുന്നു വീണ്ടും എന്നെ വലയിലേക്ക് വലിച്ചുകൊണ്ടേയിരിക്കുന്നു. അപ്പോൾ ബഹു: സി.എം പ്രത്യക്ഷപ്പെട്ടു. ഉടനെ അക്രമി ജീവനുംകൊണ്ടോടി. ശൈഖുനാ സി.എം എന്റെ സമീപം എത്തിയപ്പോൾ നടന്ന സംഭവങ്ങളെല്ലാം ഞാൻ വിശദീകരിച്ചുകൊടുത്തു. അപ്പോൾ അവർ എന്റെ വായ തുറക്കാൻ ആജ്ഞാപിച്ചു. ഞാൻ വായ തുറന്നു കൊടുത്തു. അപ്പോൾ എന്റെ വായിൽനിന്നു എന്തോ എടുത്തുകളഞ്ഞു. എന്നിട്ട് താങ്കൾ ഭയപ്പെടരുത് എന്ന് അറബി ഭാഷയിൽ എന്നെ ഉപദേശിച്ചുകൊണ്ട് ശൈഖുന സ്ഥലം വിട്ടു. അന്ന് നേരം പുലർന്നപ്പോഴേക്കും എന്റെ പനി നിശ്ശേഷം മാറിയിരുന്നു. ഡോക്ടർമാർ എല്ലാം കൂടി ശ്രമിച്ചിട്ടും 110 ഡിഗ്രിയിൽനിന്നും ഒട്ടു കുറയാത്ത പനി ശൈഖുന സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞ ഒരൊറ്റ വാക്കു കാരണം അതേ രാവിൽ തന്നെ പൂർണ്ണമായും സുഖമായി. അൽഹംദു ലില്ലാഹ്” (സി.എം സ്മരണിക/പേജ് 16).

കൗതുകമുളവാക്കുന്ന ഇത്തരം സ്വപ്ന കഥകളെ സമൂഹം വിചാരണ ചെയ്തു തുടങ്ങാൻ കാരണമായ സംഭവമാണല്ലോ ആശങ്കകൾ നിറഞ്ഞ കാന്തപുരത്തിന്റെ ആശുപത്രിവാസം. രോഗം മൂർച്ഛിച്ച അവസ്ഥയിൽ നിന്ന് അദ്ദേഹത്തിന് വേഗത്തിൽ ശമനം കിട്ടാൻ എല്ലാവരും അല്ലാഹുവിനോട് മനമുരുകി പ്രാർഥിക്കണമെന്ന് സമസ്ത നേതൃത്വത്തിന്റെ പരസ്യാഹ്വാനമുണ്ടായി. പ്രത്യേക എണ്ണം നിശ്ചയിച്ച് കൊണ്ടുള്ള ക്വുർആൻ പാരായണവും ദിക്റുകളും പ്രാർഥനാ സദസ്സുകളും സംഘടിപ്പിക്കപ്പെട്ടു. അവിടെയൊന്നും ഈ വ്യാജ ഔലിയയുടെ പേര് മുഴങ്ങിക്കേട്ടില്ല. ഉറക്കത്തിൽ അടുത്തേക്കു വന്ന് രോഗ കാരണമായ വസ്തുവിനെ എടുത്തെറിഞ്ഞതുമില്ല.

> **കൗതുകമുളവാക്കുന്ന സ്വപ്ന കഥകളെ സമൂഹം വിചാരണ ചെയ്തു തുടങ്ങാൻ കാരണമായ സംഭവമാണല്ലോ ആശങ്കകൾ നിറഞ്ഞ കാന്തപുരത്തിന്റെ ആശുപത്രിവാസം. രോഗം മൂർച്ഛിച്ച അവസ്ഥയിൽ നിന്ന് അദ്ദേഹത്തിന് വേഗത്തിൽ ശമനം കിട്ടാൻ എല്ലാവരും അല്ലാഹുവിനോട് മനമുരുകി പ്രാർഥിക്കണമെന്ന് സമസ്ത നേതൃത്വത്തിന്റെ പരസ്യാഹ്വാനമുണ്ടായി. പ്രത്യേക എണ്ണം നിശ്ചയിച്ച് കൊണ്ടുള്ള ക്വുർആൻ പാരായണവും ദിക്റുകളും പ്രാർഥനാ സദസ്സുകളും സംഘടിപ്പിക്കപ്പെട്ടു. അവിടെയൊന്നും ഈ വ്യാജ ഔലിയയുടെ പേര് മുഴങ്ങിക്കേട്ടില്ല. ഉറക്കത്തിൽ അടുത്തേക്കുവന്ന് രോഗ കാരണമായ വസ്തുവിനെ എടുത്തെറിഞ്ഞതുമില്ല. അല്ലാഹുവിനോട് കിട പിടിക്കുന്ന നിലയ്ക്ക് വിശേഷണങ്ങളും പോരിശകളും ചാർത്തിക്കൊടുക്കപ്പെട്ട സിഎം മടവൂർ ‘ഇത്തവണ’ ഈ വമ്പൻ നേതാവിന്റെ രോഗമുക്തിക്ക് വേണ്ടി ഇടപെടാതിരുന്നത് ‘മടവൂരിലെ നൂറാനിയ്യത്ത്’ എന്ന പുസ്തകവും ‘മടവൂർ ഖാഫില’യെന്ന യൂട്യൂബ് ചാനലും ചുമന്ന് നടക്കുന്ന അണികൾക്ക് വലിയ ആഘാതമായിട്ടുണ്ടെന്നത് പറയേണ്ടതില്ലല്ലോ!**

രോഗം വേണ്ട, അസുഖം വേണ്ട, ഓപ്പറേഷൻ വേണ്ട, ഭ്രാന്ത് സുഖപ്പെടും, ഇനി രോഗമില്ല, തങ്ങളുടെ രോഗം സുഖപ്പെട്ടു, ഇനി രോഗം ഒരിക്കലും വരില്ല, ആ രോഗം ഇനി വേണ്ട, അത് സാരമില്ല, സുഖമായി, നിന്റെ രോഗം ഞാൻ സുഖമാക്കി എന്നിത്യാദി പെരുമ്പറ പ്രയോഗങ്ങളും കേട്ടില്ല. അല്ലാഹുവിനോട് കിട പിടിക്കുന്ന നിലയ്ക്ക് വിശേഷണങ്ങളും പോരിശകളും ചാർത്തിക്കൊടുക്കപ്പെട്ട സിഎം മടവൂർ 'ഇത്തവണ' ഈ വമ്പൻ നേതാവിന്റെ രോഗമുക്തിക്ക് വേണ്ടി ഇടപെടാതിരുന്നത് 'മടവൂരിലെ നൂറാനിയ്യത്ത്' എന്ന പുസ്തകവും 'മടവൂർ ഖാഫില'യെന്ന യൂട്യൂബ് ചാനലും ചുമന്ന് നടക്കുന്ന അണികൾക്ക് വലിയ ആഘാതമായിട്ടുണ്ടെന്നത് പറയേണ്ടതില്ലല്ലോ!

അല്ലാഹുവിനു പുറമെ ആരാധിക്കപ്പെടുന്നവർക്ക് യാതൊരു വിലയുമില്ല എന്നതിന്റെയും ആരാധിക്കുന്നവർ തങ്ങളുടെ ആരാധ്യന്മാരെ സന്ദർഭാനുസരണം കൈയൊഴിയുമെന്നതിന്റെയും നേർ ചിത്രമാണിതെല്ലാം. നിർമിത ആരാധ്യന്മാരെക്കൊണ്ട് ഫലമില്ലെന്ന് ബോധ്യമാകുമ്പോൾ അവരെ വിട്ട് ഉള്ളഴിഞ്ഞ പ്രാർഥനകൊണ്ട് അല്ലാഹുവിനെ ഏകനാക്കുകയും കാര്യം കൈവിട്ടുപോകുന്ന സന്ദർഭങ്ങളിലും പരീക്ഷണങ്ങളുടെ പിടിയിലമരുന്ന രംഗങ്ങളിലും പങ്കാളികളെ വിസ്മരിച്ച് അല്ലാഹുവിന്റെ മുമ്പിൽ വിനയാന്വിതരാവുകയും ചെയ്ത മക്കാ മുശ്‌രിക്കുകളുടെ വിശ്വാസത്തോട് സമപ്പെട്ടും അവരുടെ സ്വഭാവം പ്രകടിപ്പിച്ചും ഏറ്റവും വലിയ അധഃപതനത്തിലേക്കാണ് പുരോഹിതന്മാർ ആണ്ടുപോയിട്ടുള്ളത്. ക്വുർആനിന്റെ ഓർമപ്പെടുത്തലുകളിൽ ഇവർ ഇടംപിടിക്കുമെന്ന് സാരം.

അല്ലാഹു പറയുന്നു: "...എല്ലായിടത്തുനിന്നും തിരമാലകൾ അവരുടെ നേർക്ക് വന്നു. തങ്ങൾ വലയം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് അവർ ഉറപ്പിച്ചപ്പോൾ കീഴ്‌വണക്കം അല്ലാഹുവിന്ന് നിഷ്‌കളങ്കമാക്കിക്കൊണ്ട് അവനോടവർ പ്രാർഥിച്ചു: 'ഞങ്ങളെ നീ ഇതിൽ നിന്ന് രക്ഷപ്പെടുത്തുന്ന പക്ഷം തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കും" (ക്വുർആൻ 10:22).

**അല്ലാഹുവിനു പുറമെ ആരാധിക്കപ്പെടുന്നവർക്ക് യാതൊരു വിലയുമില്ല എന്നതിന്റെയും ആരാധിക്കുന്നവർ തങ്ങളുടെ ആരാധ്യന്മാരെ സന്ദർഭാനുസരണം കൈയൊഴിയുമെന്നതിന്റെയും നേർ ചിത്രമാണിതെല്ലാം. നിർമിത ആരാധ്യന്മാരെക്കൊണ്ട് ഫലമില്ലെന്ന് ബോധ്യമാകുമ്പോൾ അവരെ വിട്ട് ഉള്ളഴിഞ്ഞ പ്രാർഥനകൊണ്ട് അല്ലാഹുവിനെ ഏകനാക്കുകയും കാര്യം കൈവിട്ടുപോകുന്ന സന്ദർഭങ്ങളിലും പരീക്ഷണങ്ങളുടെ പിടിയിലമരുന്ന രംഗങ്ങളിലും പങ്കാളികളെ വിസ്മരിച്ച് അല്ലാഹുവിന്റെ മുമ്പിൽ വിനയാന്വിതരാവുകയും ചെയ്ത മക്കാ മുശ്‌രിക്കുകളുടെ വിശ്വാസത്തോട് സമപ്പെട്ടും അവരുടെ സ്വഭാവം പ്രകടിപ്പിച്ചും ഏറ്റവും വലിയ അധഃപതനത്തിലേക്കാണ് പുരോഹിതന്മാർ ആണ്ടുപോയിട്ടുള്ളത്. ക്വുർആനിന്റെ ഓർമപ്പെടുത്തലുകളിൽ ഇവർ ഇടംപിടിക്കുമെന്ന് സാരം.**

അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: നിങ്ങളൊന്ന് പറഞ്ഞുതരൂ; അല്ലാഹുവിന്റെ ശിക്ഷ നിങ്ങൾക്ക് വന്നുഭവിച്ചാൽ, അല്ലെങ്കിൽ അന്ത്യസമയം നിങ്ങൾക്ക് വന്നെത്തിയാൽ അല്ലാഹുവല്ലാത്തവരെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുമോ? (പറയൂ;) നിങ്ങൾ സത്യസന്ധരാണെങ്കിൽ. ഇല്ല, അവനെ മാത്രമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുകയുള്ളൂ. അപ്പോൾ അവൻ ഉദ്ദേശിക്കുന്നപക്ഷം ഏതൊരു വിഷമത്തിന്റെ പേരിൽ നിങ്ങളവനെ വിളിച്ച് പ്രാർഥിക്കുന്നുവോ അതവൻ ദൂരീകരിച്ച് തരുന്നതാണ്. നിങ്ങൾ (അവനോട്) പങ്കുചേർക്കുന്നവയെ നിങ്ങൾ (അപ്പോൾ) മറന്നുകളയും. നിനക്ക് മുമ്പ് നാം പല സമൂഹങ്ങളിലേക്കും (ദൂതൻമാരെ) അയച്ചിട്ടുണ്ട്. അനന്തരം അവരെ (ആ സമൂഹങ്ങളെ) കഷ്ടപ്പാടും ദുരിതവും കൊണ്ട് നാം പിടികൂടി; അവർ (അല്ലാഹുവിലേക്ക്) കേണുചെല്ലുവാൻ വേണ്ടി" (6:41,42).

'അനിവാര്യ സമയത്ത് അല്ലാഹുവിന് പുറമെ ഒരാളോടും നിങ്ങൾ പ്രാർഥിക്കുകയില്ലെന്നും നിങ്ങളുടെ ബിംബങ്ങളും പകരക്കാരും നിങ്ങളെ വിട്ടൊഴിയുമെന്നുമാണ്' ഇതിന്റെ താൽപര്യമെന്ന് ഇബ്നു കസീർ(റഹി) പറഞ്ഞിട്ടുണ്ട്.

അഹ്‌ലുസ്സുന്നഃ വൽജമാഅഃയിൽ പെട്ടവർ മതനിയമങ്ങൾക്ക് വിള്ളലേൽപിക്കാതെയും അവിശ്വാസത്തിന് കൂട്ടൊരുക്കാതെയും ശരിയായ നിലപാടെടുക്കുന്നതോടൊപ്പം 'നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ' (2:286) എന്ന പ്രാർഥനയെ പരിചയാക്കുന്നവരുമാണ്.

ഇതിന്റെ വിശദീകരണമായി ഇബ്നു കസീർ പറയുന്നു: 'നീയാണ് ഞങ്ങളുടെ രക്ഷാധികാരിയും സഹായിയും. നിന്നിൽ ഞങ്ങൾ ഭരമേൽപിക്കുന്നു. നീയാണ് സഹായിക്കുന്നവനും ആശ്രയവും. നീയല്ലാതെ യാതൊരു കഴിവും ശക്തിയുമില്ല. നിന്റെ ദീനിനെയും ഏകത്വത്തെയും നുബുവ്വത്തിനെയും എതിർത്ത്, നീയല്ലാത്തവരെ ആരാധിച്ച്, അടിമകളെ നിന്റെ കൂടെ പങ്കുചേർത്തവർക്കുമേൽ നീ ഞങ്ങളെ സഹായിക്കണേ.'

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 43

# അസ്സുഖ്റുഫ്

## (സുവർണാലങ്കാരം)

(മക്കയിൽ അവതരിച്ചത്)

لَكُمْ فِيهَا فَٰكِهَةٌ كَثِيرَةٌ مِّنْهَا تَأْكُلُونَ ﴿٧٣﴾

إِنَّ ٱلْمُجْرِمِينَ فِى عَذَابِ جَهَنَّمَ خَٰلِدُونَ ﴿٧٤﴾

لَا يُفَتَّرُ عَنْهُمْ وَهُمْ فِيهِ مُبْلِسُونَ ﴿٧٥﴾

وَمَا ظَلَمْنَٰهُمْ وَلَٰكِن كَانُوا۟ هُمُ ٱلظَّٰلِمِينَ ﴿٧٦﴾

وَنَادَوْا۟ يَٰمَٰلِكُ لِيَقْضِ عَلَيْنَا رَبُّكَ قَالَ إِنَّكُم مَّٰكِثُونَ ﴿٧٧﴾

لَقَدْ جِئْنَٰكُم بِٱلْحَقِّ وَلَٰكِنَّ أَكْثَرَكُمْ لِلْحَقِّ كَٰرِهُونَ ﴿٧٨﴾

أَمْ أَبْرَمُوٓا۟ أَمْرًا فَإِنَّا مُبْرِمُونَ ﴿٧٩﴾

73. നിങ്ങൾക്കതിൽ പഴങ്ങൾ ധാരാളമായി ഉണ്ടാകും. അതിൽനിന്ന് നിങ്ങൾക്ക് ഭക്ഷിക്കാം.
74. തീർച്ചയായും കുറ്റവാളികൾ നരകശിക്ഷയിൽ നിത്യവാസികളായിരിക്കും.
75. അവർക്ക് അത് ലഘൂകരിച്ച് കൊടുക്കപ്പെടുകയില്ല. അവർ അതിൽ ആശയറ്റവരായിരിക്കും.
76. നാം അവരോട് അക്രമം ചെയ്തിട്ടില്ല. പക്ഷേ, അവർതന്നെയായിരുന്നു അക്രമകാരികൾ.
77. അവർ വിളിച്ചുപറയും; ഹേ, മാലിക്! താങ്കളുടെ രക്ഷിതാവ് ഞങ്ങളുടെ മേൽ (മരണം) വിധിക്കട്ടെ. അദ്ദേഹം (മാലിക്) പറയും: നിങ്ങൾ (ഇവിടെ) താമസിക്കേണ്ടവർ തന്നെയാകുന്നു.
78. (അല്ലാഹു പറയും:) തീർച്ചയായും നാം നിങ്ങൾക്ക് സത്യം കൊണ്ടുവന്ന് തരികയുണ്ടായി. പക്ഷേ, നിങ്ങളിൽ അധിക പേരും സത്യത്തെ വെറുക്കുന്നവരാകുന്നു.
79. അതല്ല, അവർ (നമുക്കെതിരിൽ) വല്ല കാര്യവും തീരുമാനിച്ചിരിക്കയാണോ? എന്നാൽ നാം തന്നെയാകുന്നു തീരുമാനമെടുക്കുന്നവൻ.

73). (നിങ്ങൾക്കതിൽ പഴങ്ങൾ ധാരാളമായി ഉണ്ടാകും) മറ്റൊരു വചനത്തിൽ അല്ലാഹു ഇക്കാര്യം പറയുന്നത് ഇങ്ങനെയാണ്:

فِيهِمَا مِن كُلِّ فَٰكِهَةٍ زَوْجَانِ ﴿٥٢﴾

"അവ രണ്ടിലും ഓരോ പഴവർഗത്തിൽനിന്നുമുള്ള ഈരണ്ട് ഇനങ്ങളുമുണ്ട്" (55:52).

(അതിൽനിന്ന് നിങ്ങൾക്ക് ഭക്ഷിക്കാം) രുചികരവും കൊതിപ്പിക്കുന്നതുമായ ആ പഴങ്ങളിൽനിന്ന് നിങ്ങൾക്ക് ഇഷ്ടമുള്ളത് തെരഞ്ഞെടുത്ത് കഴിക്കാം.

സ്വർഗസുഖങ്ങളെക്കുറിച്ച് പറഞ്ഞയുടനെ നരകശിക്ഷയെക്കുറിച്ചും പറയുന്നു:

74). (തീർച്ചയായും കുറ്റവാളികൾ) നിഷേധവും അവിശ്വാസവുംമൂലം തെറ്റു ചെയ്തവർ. (നരകശിക്ഷയിൽ) അതിൽ മുങ്ങിക്കിടക്കുന്നവർ. എല്ലാ വശത്തുനിന്നും ആ ശിക്ഷ അവരെ വലയം ചെയ്യും. (നിത്യവാസികളായിരിക്കും) അതിൽനിന്ന് ഒരിക്കലും അവർ പുറത്തുപോവുകയില്ല.


75). (അവർക്ക് അത് ലഘൂകരിച്ച് കൊടുക്കപ്പെടുകയില്ല) ഒരൽപസമയംപോലും ശിക്ഷ മാറ്റിനിർത്തപ്പെടുകയോ ലഘൂകരിക്കപ്പെടുകയോ ഇല്ല. (അവർ അതിൽ ആശയറ്റവരായിരിക്കും) എല്ലാ നന്മയിലും നിരാശപ്പെട്ടവർ, ആശ്വാസം ലഭിക്കുമെന്ന യാതൊരു പ്രതീക്ഷയുമില്ലാത്തവർ. അതുകാരണം അവർ തങ്ങളുടെ രക്ഷിതാവിനെ വിളിച്ചുപറയും:

رَبَّنَآ أَخْرِجْنَا مِنْهَا فَإِنْ عُدْنَا فَإِنَّا ظَٰلِمُونَ ﴿١٠٧﴾ قَالَ ٱخْسَـُٔوا۟ فِيهَا وَلَا تُكَلِّمُونِ ﴿١٠٨﴾

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ ഇതിൽനിന്ന് പുറത്തുകൊണ്ടുവരണമേ. ഇനി ഞങ്ങൾ മടങ്ങുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ അക്രമികൾതന്നെയായിരിക്കും" (23: 107,108).

76). ഈ വമ്പിച്ച ശിക്ഷക്ക് കാരണം അവരുടെ കൈകൾ മുൻകൂട്ടി പ്രവർത്തിച്ചതും അവരവരോടുതന്നെ ചെയ്ത അക്രമങ്ങളുമാണ്. (നാം അവരോട് അക്രമം ചെയ്തിട്ടില്ല. പക്ഷേ, അവർ തന്നെയാകുന്നു അക്രമകാരികൾ) ഒരുതെറ്റും കുറ്റവും ചെയ്യാതെ അല്ലാഹു അവരെ ശിക്ഷിക്കുകയോ അവരോട് അനീതി കാണിക്കുകയോ ചെയ്തിട്ടില്ല.

77). (അവർ വിളിച്ചുപറയും) ആശ്വാസം കിട്ടിയേക്കാം എന്ന പ്രതീക്ഷയാൽ നരകത്തിൽവെച്ച്. (ഹേ മാലികേ, താങ്കളുടെ രക്ഷിതാവ് ഞങ്ങളുടെ മേൽ-മരണം-വിധിക്കട്ടെ) അതായത് അവൻ ഞങ്ങളെ മരിപ്പിക്കട്ടെ. അപ്പോൾ ഞങ്ങൾക്ക് ആശ്വാസമാകും. കാരണം ഞങ്ങൾ കഠിനമായ ദുഃഖത്തിലും വേദനയിലുമാണ്. ഞങ്ങൾക്കത് സഹിക്കാൻ പറ്റുന്നില്ല. (അദ്ദേഹം പറയും) അവരെ മരിപ്പിക്കാൻ



അല്ലാഹുവോട് ആവശ്യപ്പെടാൻ അവർ നരകത്തിന്റെ കാവൽക്കാരനായ മലക്കിനോട് പറയുമ്പോൾ മലക്ക് പറയും. (നിങ്ങൾ-ഇവിടെ-താമസിക്കേണ്ടവർ തന്നെയാണ്) അതിൽനിന്ന് ഒരുകാലത്തും പുറത്തുപോകാതെ അതിൽതന്നെ താമസിക്കേണ്ടവർ. അവർ ആഗ്രഹിച്ചത് നടന്നില്ല. നേരെ എതിരായ മറുപടിയാണ് അവർക്ക് ലഭിച്ചത്. ദുഃഖവും വിഷമവും വർധിക്കുകയാണ് ചെയ്തത്.

78). അവർ ചെയ്തതെന്താണെന്ന് അവരെ ഓർമപ്പെടുത്തുന്നു: (തീർച്ചയായും നാം നിങ്ങൾക്ക് സത്യം കൊണ്ടുവന്ന് തരികയുണ്ടായി) നിങ്ങൾ പിൻതുടരേണ്ടതെല്ലാം. അതിനെ നിങ്ങൾ പിൻതുടർന്നിരുന്നുവെങ്കിൽ നിങ്ങൾ വിജയിക്കുകയും സൗഭാഗ്യമടയുകയും ചെയ്യുമായിരുന്നു. (പക്ഷേ, നിങ്ങളിലധികപേരും സത്യത്തെ വെറുക്കുന്നവരാകുന്നു) സൗഭാഗ്യത്തിലേക്ക് തിരിച്ചുവരാൻ പറ്റാത്ത ദുരന്തത്തിൽ നിങ്ങൾ എത്തിച്ചേർന്നതിന്റെ കാരണമിതാണ്.

79). അല്ലാഹു പറയുന്നു (അതല്ല അവർ തീരുമാനിച്ചിരിക്കുകയാണോ?) സത്യത്തെ നിഷേധിക്കുന്നവരും അതിനോട് ധിക്കാരം കാണിക്കുന്നവരും തീരുമാനിച്ചിരിക്കയാണോ? (വല്ലകാര്യവും) സംശയകരമായ, അലങ്കരിച്ച് മോടിപിടിപ്പിച്ച അസത്യങ്ങളെക്കൊണ്ട് സത്യത്തെയും അതുകൊണ്ടുവന്നവനെയും തകർത്തുകളയാൻ കുതന്ത്രങ്ങൾ കാണിക്കുന്നു. (എന്നാൽ നാം തന്നെയാകുന്നു തീരുമാനമെടുക്കുന്നവൻ) അവരുടെ തീരുമാനങ്ങളെ അതിജയിക്കുന്ന, തകർത്ത് നിഷ്ഫലമാക്കുന്നവിധം കാര്യങ്ങൾ തീരുമാനിച്ച് കൈകാര്യം ചെയ്യുന്നവൻ നാം തന്നെയാണ്. അസത്യത്തെ നിരർഥകമാക്കാനും സത്യത്തെ സ്ഥാപിക്കാനും തെളിവുകളും നിമിത്തങ്ങളും അവനുണ്ടാക്കുന്നു. അതാണ് അല്ലാഹു പറഞ്ഞത്:

بَلْ نَقْذِفُ بِٱلْحَقِّ عَلَى ٱلْبَٰطِلِ فَيَدْمَغُهُۥ

"എന്നാൽ നാം സത്യത്തെ എടുത്ത് അസത്യത്തിന്റെ നേർക്ക് എറിയുന്നു. അങ്ങനെ അസത്യത്തെ അത് തകർത്തുകളയുന്നു" (21:18).



ലേഖനം

# ശിരോവസ്ത്ര നിരോധനത്തിന് ഭൂരിപക്ഷാധിപത്യ സ്വഭാവം


സുഫ്‌യാൻ അബ്ദുസ്സലാം

: 81296 17676


**വിധി തേടുന്ന ഹിജാബും കോടതിയിലെ വാദങ്ങളും - 6**

ദൈവിക വചനങ്ങളുടെ സമാഹാരമായ ക്വുർആനിൽ പരാമർശിക്കപ്പെട്ട നിയമങ്ങൾ പാലിക്കൽ ഓരോ ഇസ്‌ലാം മത വിശ്വാസിക്കും നിർബന്ധമാണ് എന്ന അഡ്വ. അബ്ദുൽമജീദ് ധർ സമർപ്പിച്ച വാദങ്ങളും ശിരോവസ്ത്ര നിരോധനത്തിലൂടെ ബാലാവകാശ, വിദ്യാഭ്യാസ ലംഘനങ്ങളാണ് സംജാതമായിട്ടുള്ളത് എന്ന അഡ്വ. മീനാക്ഷി അറോറയുടെ വാദങ്ങളും പുതിയ നിയമം വഴി മുസ്‌ലിം പെൺകുട്ടികളുടെ മേൽ അടിച്ചേൽപിച്ചിട്ടുള്ള അവകാശ നിഷേധങ്ങളെ കുറിച്ചുള്ള അഡ്വ. ശുഐബ് ആലമിന്റെ സമർഥനങ്ങളും അവസാനിച്ച ശേഷം നിയമരംഗത്തും അഭിഭാഷകരംഗത്തും ഏറെ പ്രഗത്ഭരായി അറിയപ്പെടുന്ന കോളിൻ ഗൊൻസാൽവസ്, കപിൽ സിബൽ എന്നിവരാണ് രണ്ടംഗ ബെഞ്ചിന്റെ മുമ്പിൽ മുസ്‌ലിം പെൺകുട്ടികൾക്ക് വേണ്ടി ഹാജരായത്.

### കോളിൻ ഗൊൻസാൽവസ്

ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ്‌വർക്കിന്റെ സ്ഥാപകനും ഇന്ത്യൻ പീപ്പിൾസ് ട്രൈബ്യൂണലിന്റെ കൺവീനറുമായ കോളിൻ ഗൊൻസാൽവസ് ഇന്ത്യയിലെ അറിയപ്പെടുന്ന മനുഷ്യാവകാശ പ്രവർത്തകനാണ്. സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനായ അദ്ദേഹം ഭരണഘടനയിലെ 25ാം അനുച്ഛേദവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ആദ്യമായി ജഡ്ജുമാരുടെ മുമ്പാകെ കൊണ്ടുവന്നത്.

### അവകാശമാവാൻ എസൻഷ്യൽ ആവേണ്ടതില്ല

ശിരോവസ്ത്രം ധരിക്കൽ മതത്തിലെ അത്യന്താപേക്ഷിത വിഷയമാണോ അല്ലേ എന്നതല്ല ഞാൻ പ്രധാനമായും ഇവിടെ ഉന്നയിക്കാൻ പോകുന്ന വിഷയം. മറിച്ച് ഒരു സമുദായത്തിൽ ഒരാചാരം സാമ്പ്രദായികമായി സ്ഥിരപ്പെട്ടുവന്നാൽ അത് മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്ന 25ാം അനുച്ഛേദം നൽകുന്ന അവകാശങ്ങളുടെ പരിധിയിൽ വരും എന്ന കാര്യമാണ് പ്രധാനമായും വിശദീകരിക്കാൻ ഉദ്ദേശിക്കുന്നത്. അറിയപ്പെടുന്ന മൂന്ന് അന്താരാഷ്ട്ര കോടതികളുടെ വിധിന്യായങ്ങൾ കർണാടക ഹൈക്കോടതിക്ക് മുമ്പിൽ വന്നിട്ടുണ്ടായിരുന്നു. പ്രസ്തുത വിധിന്യായ

**ഒരു സമുദായത്തിൽ ഒരാചാരം സാമ്പ്രദായികമായി സ്ഥിരപ്പെട്ടുവന്നാൽ അത് മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്ന 25ാം അനുച്ഛേദം നൽകുന്ന അവകാശങ്ങളുടെ പരിധിയിൽ വരും എന്ന കാര്യമാണ് പ്രധാനമായും വിശദീകരിക്കാൻ ഉദ്ദേശിക്കുന്നത്. അറിയപ്പെടുന്ന മൂന്ന് അന്താരാഷ്ട്ര കോടതികളുടെ വിധിന്യായങ്ങൾ കർണാടക ഹൈക്കോടതിക്ക് മുമ്പിൽ വന്നിട്ടുണ്ടായിരുന്നു. പ്രസ്തുത വിധിന്യായങ്ങളിൽ എവിടെയും കോടതികൾ 'എസൻഷ്യൽ' ആണോ എന്ന പരിശോധനയല്ല നടത്തിയത്, മറിച്ച് അവ നടന്നുവരുന്ന ആചാരങ്ങളാണോ എന്ന് മാത്രമാണ് അവർ പരിശോധിച്ചത്. ഇസ്‌ലാമിൽ അതിരൂഢമായി വേരൂന്നിയ ആചാരമാണ് ശിരോവസ്ത്രം എന്ന അഭിപ്രായമാണ് കെനിയൻ കോടതി പങ്കുവച്ചത്. രണ്ട് ഇന്ത്യൻ കോടതികളും ഇതേ അഭിപ്രായം പങ്കുവച്ചിട്ടുണ്ട്.**

ങ്ങളിൽ എവിടെയും കോടതികൾ 'എസൻഷ്യൽ' ആണോ എന്ന പരിശോധനയല്ല നടത്തിയത്, മറിച്ച് അവ നടന്നുവരുന്ന ആചാരങ്ങളാണോ എന്ന് മാത്രമാണ് അവർ പരിശോധിച്ചത്. ഇസ്‌ലാമിൽ അതിരൂഢമായി വേരൂന്നിയ ആചാരമാണ് ശിരോവസ്ത്രം എന്ന അഭിപ്രായമാണ് കെനിയൻ കോടതി പങ്കുവച്ചത്. രണ്ട് ഇന്ത്യൻ കോടതികളും ഇതേ അഭിപ്രായം പങ്കുവച്ചിട്ടുണ്ട്. പ്രസിദ്ധമായ 1986ലെ ബിജോയ് ഇമ്മാനുവൽ-കേരള സർക്കാർ കേസും 2014 ലെ ജംഷീദ് അൻസാരി ഡൽഹി എൻ.സി.ടി.സർക്കാർ കേസും ഗൊൻസാൽവസ് ഉദ്ധരിച്ചു. എന്നാൽ ഇതൊന്നും ഹൈക്കോടതി പരിഗണിച്ചതേയില്ല. പകരം അവർ 'എസൻഷ്യാലിറ്റി' എന്ന ചർച്ചയിലേക്ക് വിഷയത്തെ പരിമിതപ്പെടുത്തുകയാണുണ്ടായത്.

### അന്താരാഷ്ട്ര വിധികളോട് എന്തിന് വിമുഖത?

ഹൈക്കോടതി പരാമർശങ്ങൾ പൂർണമായും പരിശോധിക്കാതെയാണ് താങ്കൾ ഈ പരാമർശം നടത്തുന്നതെന്ന് ജസ്റ്റിസ് ധൂലിയ ഓർമപ്പെടുത്തിയപ്പോൾ അഡ്വ. ഗൊൻസാൽവസ് അതൊന്നുകൂടി വായിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: 'എസൻഷ്യൽ ആണെന്ന് തെളിയിക്കാൻ പറ്റിയില്ലെങ്കിൽ അതൊരു അവകാശമായി അംഗീകരിക്കാൻ പറ്റില്ലെന്നാണ് ഹൈക്കോടതിയുടെ ഭാഷ്യം. ഇതര രാജ്യങ്ങളിൽ നിന്നുള്ള വിധിന്യായങ്ങൾ ഞങ്ങൾ ഉദ്ധരിച്ചപ്പോൾ അതൊന്നും ഇവിടെ കൊണ്ടുവരേണ്ട എന്നാണ് കോടതി പറഞ്ഞത്. ഈ വിധികളെക്കുറിച്ചുള്ള അപഗ്രഥനമോ ചർച്ചയോ ഹൈക്കോടതി വിധിന്യായത്തിൽ കാണുന്നില്ല. ദക്ഷിണാഫ്രിക്ക, കെനിയ, കാനഡ എന്നീ രാജ്യങ്ങളിലെ ഈ വിധികൾ അന്താരാഷ്ട്ര പ്രസിദ്ധമാണ്.'

പ്രാദേശിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ വിധി നടത്താവൂ എന്ന ഹൈക്കോടതിയുടെ അഭിപ്രായം ശരിയല്ല. ഇന്ത്യൻ കോടതികളിൽനിന്ന് ഇത്തരം വിഷയങ്ങളിൽ അധികം വിധികൾ വരാത്ത സാഹചര്യത്തിൽ ഇന്ത്യക്ക് പുറത്തുള്ള കോടതികളെ പരിഗണിക്കേണ്ടിവരും. ഇന്ത്യൻ നിയമങ്ങൾക്ക് വിരുദ്ധമല്ലാത്ത കാര്യങ്ങളിൽ വിദേശ കോടതികളിൽനിന്നുള്ള വിധിന്യായങ്ങൾ അവലംബിക്കാമെന്നാണ് സ്വകാര്യത നിയമവുമായി ബന്ധപ്പെട്ട പുട്ടസ്വാമി കേസിലെ വിധിന്യായത്തിൽ 148 മുതൽ 154 വരെയുള്ള ഖണ്ഡികകൾ വ്യക്തമാക്കുന്നത്.

### ശിരോവസ്ത്രത്തിന് പ്രത്യേക അപേക്ഷ വേണമെന്നോ?

ഹൈക്കോടതി പ്രധാനമായും രണ്ട് തെറ്റുകൾ വരുത്തിയിരിക്കുന്നു. ഒന്നാമത്തേത് അന്താരാഷ്ട്ര കോടതികളിൽനിന്നുള്ള വിധിന്യായങ്ങൾ ഒട്ടും പരിഗണിക്കേണ്ടതില്ല എന്ന നിലപാട്. രണ്ടാമത്തേത് ശിരോവസ്ത്രം ധരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് മുസ്‌ലിം പെൺകുട്ടികൾ ഇതുവരെ കോടതിസമക്ഷം ഒരപേക്ഷയും സമർപ്പിച്ചിട്ടില്ല എന്നതാണ്. ദശലക്ഷക്കണക്കിന് വിദ്യാർഥികൾ അവരുടെ ജീവിതത്തിന്റെ ഭാഗമായി പുരാതനകാലംതൊട്ട് അനുഷ്ഠിച്ചുവരുന്ന വേഷരീതി അനുവദിച്ചുകിട്ടണമെന്ന് പ്രത്യേകം അപേക്ഷ സമർപ്പിക്കണം എന്ന് പറയുന്നതിൽ എന്ത്



യുക്തിയാണുള്ളത്? ഈ വേഷം സ്വീകരിക്കാത്തവരെ മതത്തിൽ നിന്നും പുറത്താക്കുന്നില്ല എന്ന ന്യായം പറഞ്ഞ് അതിനെ എസൻഷ്യൽ അല്ല എന്ന് വ്യാഖ്യാനിക്കുന്നത് നീതിയല്ല. ഒരാൾ അയാളുടെ മതത്തിന്റെ ഭാഗമാണെന്ന് വിശ്വസിച്ചും മനഃസാക്ഷിക്കനുസരിച്ചും ആത്മാർഥമായി നിർവഹിച്ചുവരുന്ന കാര്യത്തെ 'എസൻഷ്യൽ അല്ല' എന്ന ന്യായം പറഞ്ഞ് എങ്ങനെ നിരോധിക്കാൻ സാധിക്കും?

### വിധിക്ക് ഭൂരിപക്ഷാധിപത്യ സ്വഭാവം

കർണാടക ഹൈക്കോടതിയുടെ വിധി പ്രത്യക്ഷത്തിൽതന്നെ ന്യൂനപക്ഷങ്ങനെ കുറിച്ച് ഭാഗികമായ വീക്ഷണം വച്ചുപുലർത്തുന്ന ഭൂരിപക്ഷ സമുദായത്തിന്റെ കാഴ്ചപ്പാടിൽനിന്ന് രൂപപ്പെട്ടുവന്നതാണ്. ന്യൂനപക്ഷങ്ങളെ കുറിച്ചുള്ള ശരിയായ വീക്ഷണം അതിൽ പ്രതിഫലിക്കുന്നില്ല. വിധി ഒരു ഭൂരിപക്ഷാധിപത്യ സ്വഭാവമുള്ള വിധിയാണ്. അതിന് ഭരണഘടനാപരമായ സ്വയാധികാരമില്ല. ഞെട്ടിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്ന ഖണ്ഡികകൾ വിധിക്കകത്തുണ്ട്.

### വേദനിപ്പിക്കുന്ന പരാമർശങ്ങൾ

ശിരോവസ്ത്രം മതപരമോ സാംസ്കാരികമോ ആയ ആചാരമല്ല എന്നും ശാസ്ത്രീയമായ വസ്ത്രധാരണത്തിനും സ്ത്രീ വിമോചനത്തിനും എതിരാണെന്നും തുടങ്ങിയ വിധിയിലെ പരാമർശം ഒരു സമുദായത്തെ അങ്ങേയറ്റം വേദനിപ്പിക്കുകയും അവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുകയും ചെയ്യുന്നതാണ്. ശിരോവസ്ത്രത്തെ അരാജകത്വവുമായും വിഭാഗീയതയുമായും ബന്ധപ്പെടുത്തിക്കൊണ്ടാണ് ഹൈക്കോടതി പ്രസ്താവന നടത്തിയിരിക്കുന്നത്. ഇന്ത്യയെപ്പോലെ മതനിരപേക്ഷമായ ഒരു രാജ്യത്തെ കോടതിയിൽ നിന്നും ഒരിക്കലും ഉണ്ടാവാൻ പാടില്ലാത്ത പരാമർശമാണത്.



ശിരോവസ്ത്രം വിഭജനം സൃഷ്ടിക്കുന്നു, അശാന്തി പടർത്തുന്നു, ഭിന്നിപ്പും അച്ചടക്കമില്ലായ്മയും പ്രചരിപ്പിക്കുന്നു തുടങ്ങിയ നിരുത്തരവാദപരമായ പ്രസ്താവനകൾ ഒരു

> **ഹൈക്കോടതി പ്രധാനമായും രണ്ട് തെറ്റുകൾ വരുത്തിയിരിക്കുന്നു. ഒന്നാമത്തേത് അന്താരാഷ്ട്ര കോടതികളിൽനിന്നുള്ള വിധിന്യായങ്ങൾ ഒട്ടും പരിഗണിക്കേണ്ടതില്ല എന്ന നിലപാട്. രണ്ടാമത്തേത് ശിരോവസ്ത്രം ധരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് മുസ്‌ലിം പെൺകുട്ടികൾ ഇതുവരെ കോടതിസമക്ഷം ഒരപേക്ഷയും സമർപ്പിച്ചിട്ടില്ല എന്നതാണ്. ദശലക്ഷക്കണക്കിന് വിദ്യാർഥികൾ അവരുടെ ജീവിതത്തിന്റെ ഭാഗമായി പുരാതനകാലംതൊട്ട് അനുഷ്ഠിച്ചുവരുന്ന വേഷരീതി അനുവദിച്ചുകിട്ടണമെന്ന് പ്രത്യേകം അപേക്ഷ സമർപ്പിക്കണം എന്ന് പറയുന്നതിൽ എന്ത് യുക്തിയാണുള്ളത്? ഈ വേഷം സ്വീകരിക്കാത്തവരെ മതത്തിൽനിന്നും പുറത്താക്കുന്നില്ല എന്ന ന്യായം പറഞ്ഞ് അതിനെ എസൻഷ്യൽ അല്ല എന്ന് വ്യാഖ്യാനിക്കുന്നത് നീതിയല്ല. ഒരാൾ അയാളുടെ മതത്തിന്റെ ഭാഗമാണെന്ന് വിശ്വസിച്ചും മനഃസാക്ഷിക്കനുസരിച്ചും ആത്മാർഥമായി നിർവഹിച്ചു വരുന്ന കാര്യത്തെ 'എസൻഷ്യൽ അല്ല' എന്ന ന്യായം പറഞ്ഞ് എങ്ങനെ നിരോധിക്കാൻ സാധിക്കും?**

കോടതിക്ക് എങ്ങനെ നടത്താൻ കഴിയും? ഹൈക്കോടതി വിധി ഏകപക്ഷീയമായ സ്വഭാവം വച്ചു പുലർത്തുന്നതും ന്യൂനപക്ഷ സമുദായങ്ങളെ അപമാനിക്കുന്നതുമാണ്. അതുകൊണ്ടുതന്നെ ഈ വിധി റദ്ദാക്കി ഹൈക്കോടതിയുടെ മറ്റൊരു ബെഞ്ചിന് കൈമാറുകയാണ് വേണ്ടത്.

### നിലവാരമുള്ള പൊതുയിടങ്ങളോ?

ഒരു പൗരന്റെ മൗലികാവകാശങ്ങൾ 'നിലവാരമുള്ള' പൊതുസ്ഥലങ്ങൾക്ക് ബാധകമല്ലെന്നും ഡെറിവേറ്റിവ് അവകാശങ്ങൾ മാത്രമേ ബാധകമാകൂ എന്ന് പറയുന്ന കോടതി നിയമശാസ്ത്ര രംഗത്ത് പുതിയ തത്ത്വങ്ങൾ ആവഷ്കരിക്കുകയാണ്. വിദ്യാലയങ്ങളെ ജയിലുകളുമായി തുലനം ചെയ്തിരിക്കുകയാണ് ഹൈക്കോടതി. 'നിലവാരമുള്ള' പൊതുയിടങ്ങളിൽ മൗലികാവകാശങ്ങൾ ബാധകമല്ലെന്ന് കോടതി പറയുന്നു. ഇങ്ങനെയുള്ള സിദ്ധാന്തങ്ങളും വ്യാഖ്യാനങ്ങളും എവിടെനിന്നാണ് വരുന്നത് എന്നറിയില്ല. ഇന്ത്യൻ നിയമശാസ്ത്രത്തിൽ ഇങ്ങനെ കാണാൻ കഴിയില്ല. നിലവാരമുള്ള പൊതുയിടങ്ങളിൽ ശിരോവസ്ത്രം ഉപയോഗിക്കാൻ പാടില്ല എന്നുപറയുമ്പോൾ കലാലയങ്ങളിൽ മാത്രമാണോ, കോടതികളിൽ പോലും അത് പാടില്ലെന്ന് വരില്ലേ? എന്തുമാത്രം അപകടം നിറഞ്ഞ പ്രസ്താവനയാണ് കോടതി നടത്തിയിരിക്കുന്നത്!

### തലപ്പാവും കൃപാണുമാവാം; ശിരോവസ്ത്രം പാടില്ല!

കോടതിയുടെ ഈ നിലപാട് മനഃസാക്ഷിക്കുള്ള സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുകയാണ് ചെയ്യു

> **ഒരു പൗരന്റെ മൗലികാവകാശങ്ങൾ 'നിലവാരമുള്ള' പൊതുസ്ഥലങ്ങൾക്ക് ബാധകമല്ലെന്നും ഡെറിവേറ്റിവ് അവകാശങ്ങൾ മാത്രമേ ബാധകമാകൂ എന്ന് പറയുന്ന കോടതി നിയമശാസ്ത്ര രംഗത്ത് പുതിയ തത്ത്വങ്ങൾ ആവിഷ്കരിക്കുകയാണ്. വിദ്യാലയങ്ങളെ ജയിലുകളുമായി തുലനം ചെയ്തിരിക്കുകയാണ് ഹൈക്കോടതി. 'നിലവാരമുള്ള' പൊതുയിടങ്ങളിൽ മൗലികാവകാശങ്ങൾ ബാധകമല്ലെന്ന് കോടതി പറയുന്നു. ഇങ്ങനെയുള്ള സിദ്ധാന്തങ്ങളും വ്യാഖ്യാനങ്ങളും എവിടെനിന്നാണ് വരുന്നത് എന്നറിയില്ല. ഇന്ത്യൻ നിയമശാസ്ത്രത്തിൽ ഇങ്ങനെ കാണാൻ കഴിയില്ല. നിലവാരമുള്ള പൊതുയിടങ്ങളിൽ ശിരോവസ്ത്രം ഉപയോഗിക്കാൻ പാടില്ല എന്നുപറയുമ്പോൾ കലാലയങ്ങളിൽ മാത്രമാണോ, കോടതികളിൽ പോലും അത് പാടില്ലെന്ന് വരില്ലേ? എന്തുമാത്രം അപകടം നിറഞ്ഞ പ്രസ്താവനയാണ് കോടതി നടത്തിയിരിക്കുന്നത്!**

ന്നത്. കേവലം പത്ത് കുട്ടികളെ മാത്രം ബാധിക്കുന്ന വിഷയമല്ല ഇത്. ഒരു സംസ്ഥാനത്തെ മുഴുവൻ കുട്ടികളെയും ഇത് ബാധിക്കുന്നുണ്ട്. സിഖുകാരുടെ കൃപാണിന് ഭരണഘടനാപരമായ സംരക്ഷണവും തലപ്പാവിന് നിയമപരമായ സംരക്ഷണവും നൽകിയിരിക്കുന്നു. എന്നാൽ ശിരോവസ്ത്രത്തിന് മാത്രം സംരക്ഷണമില്ല. ഭരണഘടന അനുവദിച്ചിരിക്കുന്നു എന്ന് മാത്രം പറഞ്ഞ് കൈയൊഴിയുന്നത് ശരിയല്ല. മുമ്പ് അനുവദിക്കാത്തത് ഇപ്പോൾ മുതൽ അനുവദിച്ചുതുടങ്ങുന്നതിന് എന്ത് തടസ്സമാണുള്ളത്. മുസ്‌ലിം പെൺകുട്ടികളുടെ ശിരോവസ്ത്രത്തിന് മാത്രം എന്തുകൊണ്ട് പ്രശ്നം സൃഷ്ടിക്കുന്നു?

ഒരു സിഖ് വിദ്യാർഥിക്ക് തലപ്പാവിനോടുള്ള അതേ വികാരമാണ് ഒരു മുസ്‌ലിം പെൺകുട്ടിക്ക് അവളുടെ ശിരോവസ്ത്രത്തിനോടുമുള്ളത്. അതിനെ രണ്ടിനെയും രണ്ടായിക്കാണാൻ കഴിയില്ല. വസ്ത്രം ധരിപ്പിക്കുക, വസ്ത്രം അഴിപ്പിക്കുക തുടങ്ങിയ നടപടികൾ വളരെ മോശമാണ്. മുസ്‌ലിം പെൺകുട്ടികളുടെ ശിരോവസ്ത്രം ബലപ്രയോഗത്തിലൂടെ അഴിപ്പിക്കുന്ന സ്ഥിതിവിശേഷമാണ് സ്കൂളുകളിൽ ഉണ്ടായിട്ടുള്ളത്. ന്യൂനപക്ഷങ്ങളുടെ കണ്ണുകൊണ്ട് ഈ വിഷയത്തെ കാണാൻ കോടതിക്ക് സാധിക്കണം. അങ്ങനെ കാണാൻ സാധിക്കുമ്പോൾ മാത്രമെ ഭരണഘടനാധാർമികത (Constitutional Moraltiy) നിലനിൽക്കുകയുള്ളൂ. ഭൂരിപക്ഷമായ നമുക്ക് ഒരു പക്ഷേ, ഇത് മനസ്സിലായിക്കൊള്ളണമെന്നില്ല. അവരുടെ പ്രശ്നങ്ങൾ നാം ഇനിയും ഏറെ പഠിക്കേണ്ടതുണ്ട്.

### വിദ്യാലയങ്ങളിൽ വേഷവൈവിധ്യം പ്രകടമാവണം

ചിലർ തലപ്പാവണിയുന്നു, ചിലർ ഹിജാബ് അനുസരിച്ചുള്ള ശിരോവസ്ത്രം അണിയുന്നു, ചിലർ ദീപാവലി ആഘോഷിക്കുന്നു, ചിലർ ക്രിസ്മസും മറ്റു ചിലർ ഈദും ആഘോഷിക്കുന്നു. ഇങ്ങനെ വ്യത്യസ്ത മതങ്ങളിലും സംസ്കാരങ്ങളിലും പെട്ട സുഹൃത്തുക്കളുടെ കൂടെ ജീവിക്കാൻ നമ്മുടെ വിദ്യാർഥികൾക്ക് സാധിക്കുമ്പോൾ മാത്രമെ അവർക്ക് വ്യത്യസ്ത സംസ്കാരങ്ങളെ കുറിച്ചും മതങ്ങളെ കുറിച്ചും മനസ്സിലാക്കാനും അതുവഴി മതനിരപേക്ഷതയുടെ പ്രാധാന്യം ഉൾക്കൊള്ളാനും സാധിക്കുകയുള്ളൂ. വിദ്യാർഥികൾക്കിടയിൽ പരസ്പര വിശ്വാസം വളർത്താൻ സാധിക്കുന്ന വിധത്തിൽ വ്യത്യസ്ത മതങ്ങളെ കുറിച്ച് പഠിപ്പിക്കാനുള്ള സാഹചര്യം വിദ്യാലയങ്ങളിൽ സൃഷ്ടിക്കണം. 2002ലെ അരുണാ റോയ് കേസിൽ സുപ്രീംകോടതിതന്നെ ഇക്കാര്യം നിരീക്ഷിച്ചിട്ടുണ്ട്.

ദക്ഷിണാഫ്രിക്കയിലെ ഹിന്ദു പെൺകുട്ടിക്ക് മൂക്കുത്തി ഉപയോഗിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടപ്പോൾ അവിടുത്തെ കോടതി നടത്തിയ നിരീക്ഷണം പ്രസക്തമാണ്. ഹിന്ദു പെൺകുട്ടിക്ക് അത് ഉപയോഗിക്കാനുള്ള അവസരം നിഷേധിക്കുക എന്നതിന്റെ അർഥം അവളെയും അവളുടെ മതത്തെയും രാജ്യം സ്വാഗതം ചെയ്യാതിരിക്കുക എന്നതാണ് എന്നായിരുന്നു കോടതി നിരീക്ഷിച്ചത്.

ഒരു വിദ്യാലയത്തിലെ പ്രിൻസിപ്പാൾ ശിരോവസ്ത്രം ധരിച്ചു വരുന്ന മുസ്‌ലിം പെൺകുട്ടികളെ കവാടത്തിൽ തടയുകയും അവരെ തടയാൻ പോലീസിനെ ഉപയോഗിക്കുകയും ചെയ്യുമ്പോൾ മറ്റു വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ഇത് നൽകുന്ന സന്ദേശം വളരെ ഗുരുതരമാണ്. ഇസ്‌ലാം മതം പോലീസിനാൽ അടിച്ചമർത്തപ്പെടേണ്ട ഒരു മതമാണ് എന്ന സന്ദേശമാണ് ഇത് നൽകുന്നത്. ശിരോവസ്ത്രത്തെ ഒരു ക്രമസമാധാന പ്രശ്നമാക്കി മാറ്റാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നതെന്ന് സുപ്രീം കോടതി രണ്ടംഗ ബെഞ്ചിനെ ഓർമ്മപ്പെടുത്തിക്കൊണ്ടാണ് കോളിൻ ഗൊൻസാൽവസ് വാദം പൂർത്തിയാക്കിയത്.

### കപിൽ സിബൽ

കോളിൻ ഗൊൻസാൽവാസിന് ശേഷം മുസ്‌ലിം വിദ്യാർഥിനികൾക്കായി വാദം തുടർന്നത് മുൻ മാനവ വിഭവശേഷി, ശാസ്ത്ര-സാങ്കേതിക മന്ത്രിയും രാജ്യസഭ എംപിയും ലോകത്തെ അറിയപ്പെടുന്ന നിയമ പണ്ഡിതനുമായ കപിൽ സിബൽ ആയിരുന്നു. വളരെ ചുരുങ്ങിയ വാചകങ്ങളിൽ പ്രസക്തമായ ഒട്ടേറെ നിയമപ്രശ്നങ്ങളാണ് സുപ്രീം കോടതി ബാർ അസോസിയേഷൻ പ്രസിഡണ്ട് കൂടിയായ അദ്ദേഹം രണ്ടംഗ ബെഞ്ചിന്റെ മുമ്പാകെ നിരത്തിയത്.

### അനുച്ഛേദം 19ന്റെ ലംഘനം

അഭിപ്രായസ്വാതന്ത്ര്യം അവ

കാശമായി പ്രഖ്യാപിച്ച ഭരണഘടനയുടെ 19ാം അനുഛേദത്തെ മുൻനിറുത്തിയാണ് സിബൽ വാദങ്ങൾ ആരംഭിച്ചത്. ഭരണഘടനയെ ഗുരുതരമായി ബാധിക്കുന്ന ഒരു വിഷയം എന്ന നിലയ്ക്ക് ഇത് ഒരു ഭരണഘടനാബെഞ്ചിന് വിടുകയാണ് വേണ്ടത്. നാനാത്വം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ പൊതുയിടങ്ങളിൽ ശിരോവസ്ത്രം ധരിക്കുന്നതിനെ അംഗീകരിച്ചിട്ടുള്ള രാജ്യമാണ് നമ്മുടേത്. ഒരു വ്യക്തി അയാൾ ആരാണ് എന്നും ഏത് വിഭാഗത്തിൽ പെടുന്നു എന്നും പ്രകടമാക്കുകയാണ് ശിരോവസ്ത്രം ധരിക്കുന്നതിലൂടെ സംഭവിക്കുന്നത്. സ്വത്വം വെളിപ്പെടുത്താനുള്ള ഉപാധി കൂടിയാണത്. Dress maketh a man എന്ന ഷേക്സ്പിയറിന്റെ വിഖ്യാതമായ ഹാംലെറ്റിലെ വരികൾ ഉദ്ധരിച്ചുകൊണ്ട് കപിൽ സിബൽ പറഞ്ഞു.

വസ്ത്രധാരണം ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തിൽ പെട്ടതാണോ അതോ ഭരണകൂടം നിശ്ചയിക്കേണ്ടതാണോ എന്ന കാര്യമാണ് ബഹുമാനപ്പെട്ട കോടതി ആദ്യം തീരുമാനിക്കേണ്ടത്. വസ്ത്രധാരണം ഒരു വ്യക്തിയുടെ സ്വകാര്യതയുടെയും അതോടൊപ്പം അയാളുടെ അഭിപ്രായ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന ഭരണഘടനയിലെ 19(1)(a) വകുപ്പിന്റെയും കാതലാണ്. എനിക്ക് പൊതുസ്ഥലത്ത് ഒരു വസ്ത്രരീതി തെരഞ്ഞെടുക്കാനുള്ള അവകാശമുണ്ടെങ്കിൽ അതൊരു സ്കൂൾ കവാടത്തിൽ അവസാനിക്കുന്നത് എങ്ങനെയാണ് എന്ന് മനസ്സിലാവുന്നില്ല. ഭരണഘടനയോ 19ാം അനുച്ഛേദമോ അങ്ങനെ പറയുന്നില്ല. 19ാം അനുച്ഛേദത്തിന് ആകെ നിശ്ചയിച്ചിട്ടുള്ള പരിധി ക്രമസമാധാനം, സദാചാരം എന്നിവയാണ്.

കപിൽ സിബലിന്റെ വാദം പുരോഗമിക്കുമ്പോൾ ജസ്റ്റിസ് ധൂലിയ അതിനോട് യോജിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "ഇത് തികച്ചും പുതിയ ആശയമാണ്. 'നിലവാരമുള്ള പൊതുയിടം' എന്ന പദമാണ് പ്രയോഗിച്ചിരിക്കുന്നത്. ഈ ആശയം എവിടെ നിന്നാണ് ലഭിക്കുന്നത്?" സിബൽ പറഞ്ഞു: 'ഒരിടത്ത് നിന്നും ലഭിക്കില്ല. 19ാം അനുച്ഛേദത്തിൽനിന്നും ലഭിക്കില്ല. പലതവണ ചോദിച്ചിട്ടും കോടതി ഇതുവരെ ഉത്തരം പറയാത്ത ചോദ്യമാണിത്. അതുകൊണ്ടാണ് ഇത് ഒരു ഭരണഘടനാ പ്രശ്നമാണെന്ന് നേരത്തെ പറഞ്ഞത്.'

### കുട്ടികളുടെ വ്യക്തിത്വത്തെ അപമാനിക്കൽ

പത്തോ അതിലധികമോ വർഷം ശിരോവസ്ത്രം ധരിച്ച് പുറത്തിറങ്ങി ശീലിക്കുകയും അങ്ങനെ വളർത്തപ്പെടുകയും ചെയ്ത ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം ആ വേഷമാണ് ആ കുട്ടിയുടെ വ്യക്തിത്വം. അത് നിർബന്ധിച്ച് അഴിപ്പിക്കുന്നത് ആ കുട്ടിയുടെ വ്യക്തിത്വത്തെ അപമാനിക്കലാണ്. ആ കുട്ടിയുടെ സാംസ്കാരിക പാരമ്പര്യത്തെ നശിപ്പിക്കാൻ ഭരണഘടന അനുവദിക്കുന്നില്ല. മുസ്‌ലിം കുട്ടികൾ വർഷങ്ങളായി ശീലിച്ചുവന്ന സാംസ്കാരിക രീതി തുടരാൻ അവകാശമുണ്ടോ അതോ അവർ സ്കൂൾ കവാടങ്ങളിൽ അവ ഉപേക്ഷിക്കുകയാണോ വേണ്ടത് എന്ന ചോദ്യമാണ് ഇവിടെ ഉയരുന്നത്. അതിനാണ് ഉത്തരം കാണേണ്ടത്.

**പത്തോ അതിലധികമോ വർഷം ശിരോവസ്ത്രം ധരിച്ച് പുറത്തിറങ്ങി ശീലിക്കുകയും അങ്ങനെ വളർത്തപ്പെടുകയും ചെയ്ത ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം ആ വേഷമാണ് ആ കുട്ടിയുടെ വ്യക്തിത്വം. അത് നിർബന്ധിച്ച് അഴിപ്പിക്കുന്നത് ആ കുട്ടിയുടെ വ്യക്തിത്വത്തെ അപമാനിക്കലാണ്. ആ കുട്ടിയുടെ സാംസ്കാരിക പാരമ്പര്യത്തെ നശിപ്പിക്കാൻ ഭരണഘടന അനുവദിക്കുന്നില്ല. മുസ്‌ലിം കുട്ടികൾ വർഷങ്ങളായി ശീലിച്ചുവന്ന സാംസ്കാരിക രീതി തുടരാൻ അവകാശമുണ്ടോ അതോ അവർ സ്കൂൾ കവാടങ്ങളിൽ അവ ഉപേക്ഷിക്കുകയാണോ വേണ്ടത് എന്ന ചോദ്യമാണ് ഇവിടെ ഉയരുന്നത്. അതിനാണ് ഉത്തരം കാണേണ്ടത്.**

### സാംസ്കാരിക സ്വത്വപ്രകടനം അവകാശം

ഉദാഹരണമായി അമേരിക്കയിലെ സ്കൂളുകളെ എടുക്കാം. അവിടെ കറുത്ത വർഗക്കാരുണ്ട്. അവർ പ്രത്യേക വിധത്തിലാണ് വസ്ത്രം ധരിക്കുന്നതും മുടി വളർത്തുന്നതും. അത്തരം വേഷം ധരിച്ചു അമേരിക്കയിലെ സ്കൂളുകളിൽ പ്രവേശിക്കാൻ പാടില്ലെന്ന് നിയമമുണ്ടാക്കാൻ കഴിയുമോ? ക്രമസമാധാന പ്രശ്നമോ സദാചാര പ്രശ്നമോ ഉണ്ടെങ്കിൽ മാത്രമെ നിയന്ത്രണം കൊണ്ടുവരാൻ സാധിക്കൂ. സദാചാരപരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മിനി സ്കർട്ട് ധരിച്ചുകൊണ്ടാണ് പോവുന്നതെങ്കിൽ അതിനെ വേണമെങ്കിൽ സ്കൂളുകൾക്ക് നിയന്ത്രിക്കാം. ഈ കുട്ടികൾ ധരിക്കുന്നത് സ്കൂൾ യൂണിഫോമാണെന്ന് എല്ലാവർക്കുമറിയാം. സ്കൂൾ യൂണിഫോമിന് പുറമെയാണ് അവർ അവരുടെ സാംസ്കാരിക അടയാളമായ ശിരോവസ്ത്രം ധരിക്കുന്നത്. സഹപാഠികളായ അവരുടെ കൂട്ടുകാർക്ക് ഇത് മനസ്സിലാക്കാൻ കഴിയില്ലെന്നാണോ പറയുന്നത്? നമ്മുടെ ഭരണഘടന സാംസ്കാരിക വൈവിധ്യത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്. ഒരു കുട്ടിക്ക് ആ കുട്ടി ഒരു പ്രത്യേക സാംസ്കാരിക വിഭാഗത്തിൽനിന്നാണ് വരുന്നത് എന്ന് പറയാനുള്ള സ്വാതന്ത്ര്യമില്ലേ?

### ശിരോവസ്ത്രം പണ്ടുമുതലേയുള്ള വേഷം

കർണാടക സംസ്ഥാനം രൂപം കൊണ്ട കാലംതൊട്ടുതന്നെ അവിടെയുള്ള മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിച്ചു തന്നെയല്ലേ ജീവിക്കുന്നത്? ഇന്നുവരെ അതിന്റെ പേരിൽ ഒരു അനിഷ്ട സംഭവവും ഉണ്ടായിട്ടില്ല. ഇങ്ങനെയൊരു

പുതിയ ഉത്തരവ് പുറപ്പെടുവിക്കേണ്ട യാതൊരു സാഹചര്യവും കർണാടകയിൽ ഇല്ലായിരുന്നു. ഹർജിക്കാർ അവർ ഇക്കാലമത്രയും ശിരോവസ്ത്രം ധരിച്ചാണ് ജീവിച്ചിരുന്നത് എന്ന് കോടതി മുമ്പാകെ വാദിക്കുന്നു. എന്നാൽ അങ്ങനെയൊരു വാദം അവർ ഉന്നയിച്ചിട്ടില്ല എന്നാണ് ഹൈക്കോടതി പറയുന്നത്. ഇത് വളരെ വിചിത്രമാണ്. കപിൽ സിബൽ ഇത് പറഞ്ഞതോടെ ഹർജിക്കാരുടെ വാദത്തിന്റെ കോപ്പി കോടതിക്ക് ലഭിച്ചതായി ജസ്റ്റിസ് ഗുപ്ത വെളിപ്പെടുത്തി.

### കാവി ഷോളിന് പിന്നിൽ ഗൂഢോദ്ദേശ്യം

മുസ്‌ലിം പെൺകുട്ടികൾ വിദ്യാലയങ്ങളിൽ ശിരോവസ്ത്രം ധരിക്കുന്നത് മറ്റു വിഭാഗങ്ങൾക്ക് എങ്ങനെയാണ് ഹാനികരമാവുക എന്ന് സിബൽ ചോദിച്ചപ്പോൾ ഇതേ പ്രശ്നം ഉയർത്തിക്കാണിച്ചാണ് ചില കുട്ടികൾ കാവി ഷാൾ അണിഞ്ഞു വന്നതെന്ന് ജസ്റ്റിസ് ധൂലിയ ചൂണ്ടിക്കാട്ടി. അതിന് സിബൽ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: 'ഈ ചോദ്യത്തിന് എനിക്ക് കൃത്യമായ ഉത്തരമുണ്ട്. ഒരു വിഭാഗത്തിന് അവരുടെ അവകാശ പ്രകാരമുള്ള വസ്ത്രം ധരിക്കാൻ സ്വാതന്ത്ര്യമുണ്ടല്ലോ. മറ്റൊരു വിഭാഗത്തിന്റെ അവകാശത്തെ ചോദ്യം ചെയ്തുകൊണ്ടും അവരെ തടസ്സപ്പെടുത്തിയുമാണോ അവകാശങ്ങൾ സ്ഥാപിക്കേണ്ടത്? കാവി ഷാൾ ധരിച്ചവർ പ്രശ്നം സൃഷ്ടിക്കുവാൻ വേണ്ടി മാത്രമാണ് അത് ധരിച്ചത്. മാത്രവുമല്ല, അതവരുടെ അടിസ്ഥാന ആവശ്യമായിരുന്നില്ല. ആയിരുന്നെങ്കിൽ നേരത്തെ ആവശ്യം ഉന്നയിക്കുമായിരുന്നു. ശിരോവസ്ത്രം ധരിക്കുന്നവർക്കെതിരെ ഭരണകൂടം നടപടിയെടുക്കണമെന്ന ഗൂഢോദ്ദേശ്യത്തോടെ മാത്രമാണ് അവരത് ധരിച്ചു വന്നത്. നമ്മുടെ രാജ്യത്തിന്റെ സംയോജിതമായ സാംസ്കാരിക സ്വഭാവത്തെ സംരക്ഷിക്കാനുള്ള നടപടികളാണ് ഭരണകൂടം സ്വീകരിക്കേണ്ടത്. അതിനെ എതിർക്കുവാനും തകർക്കുവാനും ഒരാൾക്കും അവകാശമില്ല.'

**. ഡെക്കാൻ ഹെറാൾഡിന് ലഭിച്ച വിവരാവകാശ മറുപടി പ്രകാരം ദക്ഷിണ കന്നഡയിലെ 900 മുസ്‌ലിം പെൺകുട്ടികളിൽ 145 പേരും ഇതിനകം ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് എടുത്തിട്ടുണ്ട്. ഇത് സമൂഹത്തിൽ ഗുരുതരമായ അസ്വസ്ഥത വളർത്തുമെന്ന കാര്യത്തിൽ സംശയമില്ല. കർണാടകയെ മാതൃകയാക്കി മറ്റു സംസ്ഥാനങ്ങളും നടപടികൾ തുടങ്ങിയേക്കാം. അതുവഴി രാജ്യത്തുടനീളം സംഭവിക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ ഊഹിക്കാവുന്നതേയുള്ളൂ. മുസ്‌ലിം വിദ്യാർഥിനികൾ നമ്മുടെ സർക്കാർ സ്കൂളുകളിൽനിന്നും പുറത്തുപോകുന്ന വിധത്തിലുള്ള ഗുരുതരമായ സാഹചര്യമാണ് വരാൻപോവുന്നത്. ഒരു മതവിഭാഗത്തിൽനിന്ന് മാത്രമുള്ള വിദ്യാർഥികൾ മാത്രമായി നമ്മുടെ വിദ്യാലയങ്ങൾ മാറിയാൽ അത് നമ്മുടെ മതനിരപേക്ഷതയെയും സാംസ്കാരിക വൈവിധ്യത്തെയും 'നാനാത്വത്തിൽ ഏകത്വം' എന്ന നമ്മുടെ അടിസ്ഥാന തത്വത്തെയും അത് ബാധിക്കും.**

### സഹിഷ്ണുതയുടെ സന്ദേശം പ്രചരിപ്പിക്കുക

'സഹിഷ്ണുതയുടെ പാഠം പകർന്നുനൽകുക എന്നതാണ് നമ്മുടെ പാരമ്പര്യം. സഹിഷ്ണുതയുടെ സന്ദേശം പ്രചരിപ്പിക്കുക എന്നതാണ് നമ്മുടെ തത്ത്വശാസ്ത്രം. സഹിഷ്ണുതയെ കൃത്യമായി അനുഷ്ഠിക്കുന്ന വിധത്തിലാണ് നമ്മുടെ ഭരണഘടന പ്രവർത്തിക്കുന്നത്. ഈ സഹിഷ്ണുതയിൽ വെള്ളം ചേർത്തി അതിനെ നേർപ്പിച്ച് ഇല്ലാതാക്കാൻ ആരും ശ്രമിക്കരുത്.' ബിജോയ് ഇമ്മാനുവൽ കേസിന്റെ വിധിന്യായത്തിലെ ഉദ്ധരണികൾ വായിച്ചുകൊണ്ട് സിബൽ കോടതിയെ ഓർമപ്പെടുത്തി. 29ാം അനുച്ഛേദത്തിൽ വ്യക്തമാക്കുന്ന സാംസ്കാരിക അവകാശത്തിന്റെ പരിധിയിൽകൂടി വരുന്നതാണ് ശിരോവസ്ത്രം എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

### കുട്ടികൾ വിദ്യാഭ്യാസം ഉപേക്ഷിക്കുന്ന സ്ഥിതി

മുസ്‌ലിം പെൺകുട്ടികൾക്ക് ശിരോവസ്ത്രത്തിന്റെ പേരിൽ പ്രവേശനം നിരോധിക്കുന്നതുവഴി അവരുടെ വിദ്യഭ്യാസം, സ്വകാര്യത, അന്തസ്സ് തുടങ്ങിയ മൗലികാവകാശങ്ങൾ ഹനിക്കുകയാണ് ഭരണകൂടം ചെയ്യുന്നത്. സർക്കാർ ഉത്തരവിന്റെ അന്തരഫലം മുസ്‌ലിം പെൺകുട്ടികളുടെ സ്കൂളുകളിൽനിന്നുള്ള കൊഴിഞ്ഞുപോക്കാണ്. ഡെക്കാൻ ഹെറാൾഡിന് ലഭിച്ച വിവരാവകാശ മറുപടി പ്രകാരം ദക്ഷിണ കന്നഡയിലെ 900 മുസ്‌ലിം പെൺകുട്ടികളിൽ 145 പേരും ഇതിനകം ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് എടുത്തിട്ടുണ്ട്. ഇത് സമൂഹത്തിൽ ഗുരുതരമായ അസ്വസ്ഥത വളർത്തുമെന്ന കാര്യത്തിൽ സംശയമില്ല. കർണാടകയെ മാതൃകയാക്കി മറ്റു സംസ്ഥാനങ്ങളും നടപടികൾ തുടങ്ങിയേക്കാം. അതുവഴി രാജ്യത്തുടനീളം സംഭവിക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ ഊഹിക്കാവുന്നതേയുള്ളൂ. മുസ്‌ലിം വിദ്യാർഥിനികൾ നമ്മുടെ സർക്കാർ സ്കൂളുകളിൽനിന്നും പുറത്തുപോകുന്ന വിധത്തിലുള്ള ഗുരുതരമായ സാഹചര്യമാണ് വരാൻപോവുന്നത്. ഒരു മതവിഭാഗത്തിൽനിന്ന് മാത്രമുള്ള വിദ്യാർഥികൾ മാത്രമായി നമ്മുടെ വിദ്യാലയങ്ങൾ മാറിയാൽ അത് നമ്മുടെ മതനിരപേക്ഷതയെയും സാംസ്കാരിക വൈവിധ്യത്തെയും 'നാനാത്വത്തിൽ ഏകത്വം' എന്ന നമ്മുടെ അടിസ്ഥാന തത്വത്തെയും അത് തകർക്കും.

**(തുടരും)**

***അടുത്ത ലക്കത്തിൽ:***
***ഐക്യവസ്ത്രരൂപമല്ല, സ്വത്വ വസ്ത്ര സ്വാതന്ത്ര്യമാണ് ഭരണഘടനാപരം***

# കളിക്കളത്തിൽ ഉടയാത്ത മൂല്യങ്ങൾ

അശ്റഫ് ഏകരൂൽ



**കളിവിനോദങ്ങളിൽ ഏർപ്പെടുന്ന വിശ്വാസികളും അതിനായി മക്കൾക്കു പരിസരമൊരുക്കുന്ന രക്ഷിതാക്കളും ഓർത്തിരിക്കേണ്ട പ്രധാന മൂല്യങ്ങളിൽ ഒന്ന് അവ സമയം നിർണയിക്കപ്പെട്ട ആരാധനകൾക്ക് തടസ്സം വരുത്തുന്ന വിധത്തിലാവരുത് എന്നതാണ്. കായിക പരിശീലനത്തിന് കുട്ടികളെ ചേർക്കുമ്പോൾ ഇത് പ്രതേകം ശ്രദ്ധിക്കേണ്ടതാണ്. നിർബന്ധ നമസ്കാരം നഷ്ടപ്പെടുത്തുക, വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിനും ഖുത്വുബ ശ്രവിക്കുന്നതിനും പള്ളിയിൽ എത്താതിരിക്കുക, റമദാനിലെ നോമ്പ് ഒഴിവാക്കേണ്ടിവരിക എന്നിവ പോലുള്ളത് വിനോദങ്ങളിൽ ഏർപ്പെടുന്നതുമൂലം വിശ്വാസിക്ക് സംഭവിച്ചു കൂടാത്തതാണ്.**

ശാരീരിക വളർച്ച, കായിക ശക്തി വർധിപ്പിക്കൽ, ധൈര്യം സംഭരിക്കൽ, മാനസികോല്ലാസം തുടങ്ങിയ അനിവാര്യ താൽപര്യങ്ങൾക്കുവേണ്ടി കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിച്ച ഇസ്‌ലാമിന്റെ അധ്യാപനങ്ങളാണ് കഴിഞ്ഞ ലക്കത്തിൽ നാം മനസ്സിലാക്കിയത്. എന്നാൽ, ഇന്ന് അതിരുകളില്ലാത്ത കായിക വിനോദങ്ങളുടെ ലോകത്ത് അഭിരമിക്കുന്ന വളരുന്ന തലമുറക്ക് മുമ്പിൽ സർവ സ്വാതന്ത്ര്യത്തിന്റെ ആകാശത്തേക്കു തുറന്നിട്ട അനുവാദത്തിന്റെ വാതായനമല്ല ഇതെന്ന് നമ്മളറിയണം. കളിക്കളത്തിലും മൂല്യങ്ങളുടെ സഹസഞ്ചാരിയാവണം മുസ്‌ലിം.

കളികളിലേക്കും വിനോദങ്ങളിലേക്കും മക്കളെ നാം പ്രോത്സാഹിപ്പിക്കുമ്പോൾ തന്നെ, അവ നേരിട്ടോ പൊതുവായോ ഇസ്‌ലാമിക ശരീഅത്തിൽ നിരോധനങ്ങൾ ഇല്ലാത്തവയാവണമെന്നതാണ് ഒന്നാമതായി നാം ശ്രദ്ധിക്കേണ്ടത്. ചൂതാട്ടംപോലെയുള്ള ചില വിനോദങ്ങൾ നബി(സ്വ) നേരിട്ട് നിരോധിച്ചത് നമുക്ക് കാണാൻ കഴിയും.

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും പകിട കളിച്ചാൽ അവൻ പന്നിയുടെ രക്തത്തിലും മാംസത്തിലും കൈ മുക്കിയവനെ പോലെയാണ്" (മുസ്‌ലിം).

"ആരെങ്കിലും പകിടകളിയിലേർപെട്ടാൽ അവൻ അല്ലാഹുവിനെയും റസൂലിനെയും ധിക്കരിച്ചു" (അബൂദാവൂദ്).

പക്ഷികളെയോ മറ്റു ജീവികളെയോ ഉപദ്രവമേൽപിച്ചു കളിക്കുന്നതും നബി(സ്വ) വിരോധിച്ചിട്ടുണ്ട്. സഈദ് ഇബ്നു ജുബൈർ(റ) പറയുകയാണ്: "ഒരിക്കൽ ഞാൻ ഇബ്നു ഉമറിന്റെയും ഇബ്നു അബ്ബാസിന്റെയും കൂടെ പട്ടണത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. അവിടെ കുട്ടികൾ ഒരു കോഴിയെ നാട്ടിവച്ചു അതിനുനേരെ അമ്പെയ്ത് കളിക്കുന്നത് കണ്ടു. അദ്ദേഹം അവരോടു കോപിച്ചു. ഇതാരാണ് ഇങ്ങനെ ചെയ്തതെന്ന് ചോദിച്ചപ്പോൾ കുട്ടികൾ നാലുപാടും ഓടിപ്പോയി. അപ്പോൾ ഇബ്നു ഉമർ(റ) പറഞ്ഞു: 'ജീവികളെ അംഗഛേദം വരുത്തുന്നവരെ നബി(സ്വ) ശപിച്ചിരിക്കുന്നു" (അഹ്മദ്).

പൊതുവായ നിരോധനങ്ങളെ (ഹറാമുകളെ) ഉൾച്ചേർന്നതാവാതിരിക്കുക എന്നതും വിനോദത്തിൽ ശ്രദ്ധിക്കേണ്ടതു തന്നെയാണ്. ആൺ-പെൺ ഇടകലരൽ, ഇസ്‌ലാം നഗ്നതയായി നിജപ്പെടുത്തിയ ശരീര ഭാഗങ്ങൾ വെളിപ്പെടുന്ന വസ്ത്രം ധരിക്കൽ, തന്റെ സഹോദരന്/സഹോദരിക്ക് മുറിവേൽപിക്കുംവിധമുള്ള ആയുധം ഉപയോഗിച്ചുള്ള തമാശ

ക്കളികൾ, പന്നി, നായ തുടങ്ങിയ വയുമായുള്ള ഇടപെടലുകൾ, ശാപവാക്കുകൾ, നീചമായ പദപ്രയോഗങ്ങൾ, കള്ളസത്യം ചെയ്യൽ, കളവുപറയൽ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അകമ്പടിയോടു കൂടിയവ, ചതിപ്രയോഗങ്ങൾ, സ്വന്തത്തിനോ മറ്റുള്ളവർക്കോ ഉപദ്രവകരമാവൽ തുടങ്ങി നിഷിദ്ധങ്ങൾ ചേർന്നുവരുന്ന വിനോദങ്ങളിൽനിന്ന് വിട്ടുനിൽക്കാൻ നമുക്ക് ബാധ്യതയുണ്ട്.

കളിവിനോദങ്ങളിൽ ഏർപ്പെടുന്ന വിശ്വാസികളും അതിനായി മക്കൾക്കു പരിസരമൊരുക്കുന്ന രക്ഷിതാക്കളും ഓർത്തിരിക്കേണ്ട പ്രധാന മൂല്യങ്ങളിൽ ഒന്ന് അവസമയം നിർണയിക്കപ്പെട്ട ആരാധനകൾക്ക് തടസ്സം വരുത്തുന്ന വിധത്തിലാവരുത് എന്നതാണ്. കായിക പരിശീലനത്തിന് കുട്ടികളെ ചേർക്കുമ്പോൾ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിർബന്ധ നമസ്കാരം നഷ്ടപ്പെടുത്തുക, വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിനും ഖുത്വുബ ശ്രവിക്കുന്നതിനും പള്ളിയിൽ എത്താതിരിക്കുക, റമദാനിലെ നോമ്പ് ഒഴിവാക്കേണ്ടിവരിക എന്നിവ പോലുള്ളത് വിനോദങ്ങളിൽ ഏർപ്പെടുന്നതുമൂലം വിശ്വാസിക്ക് സംഭവിച്ചു കൂടാത്തതാണ്. അനുവദനീയമായ കച്ചവടമോ അലങ്കാരമായി നൽകപ്പെട്ട സന്താനങ്ങളോ അല്ലാഹുവിന്റെ സ്മരണയിൽനിന്ന് വിശ്വാസികളെ തടയാവതല്ല. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങളുടെ സ്വത്തുക്കളും സന്താനങ്ങളും അല്ലാഹുവെ പറ്റിയുള്ള സ്മരണയിൽനിന്നും നിങ്ങളുടെ ശ്രദ്ധ തിരിച്ചു വിടാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ അവർതന്നെയാകുന്നു നഷ്ടക്കാർ" (ക്വുർആൻ 63:9).

അനുവദനീയമായ വ്യാപാരവും മറ്റു വ്യവഹാരങ്ങൾപോലും വെള്ളിയാഴ്ച ജുമുഅ സമയത്തു നിർത്തിവയ്ക്കാനും പള്ളിയിലേക്കു പെട്ടെന്ന് പുറപ്പെടാനും കൽപിക്കപ്പെട്ടവരാണ് വിശ്വാസികൾ എന്നിരിക്കെ, ആ സമയത്തു വിനോദങ്ങളിൽ വ്യാപൃതരാകുന്നതോ കായിക പരിശീലനങ്ങൾ നേടുന്നതോ അനുവദനീയമല്ല.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ" (ക്വുർആൻ 62:9).

ടർഫിലെ കളി, കായിക മത്സരങ്ങൾ, ടൂർണമെന്റുകൾ, ക്യാമ്പസുകളിലെ കായികവിനോദാവസരങ്ങൾ, ഇവയിലെല്ലാം നമ്മുടെ മക്കൾക്കും അവസരങ്ങൾ അനുവദിക്കാവുന്നതാണ്. മേൽസൂചിപ്പിച്ചിട്ടുള്ള മൂല്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യില്ലെന്ന നിർബന്ധബുദ്ധിയോടെ ആവണമെന്ന് മാത്രം. മൂല്യങ്ങളെ വിലമതിക്കുന്ന മുസ്‌ലിം കുട്ടികൾക്കുവേണ്ടി ഇത് ഉൾക്കൊള്ളാനും പരിഗണിക്കാനും രക്ഷിതാക്കളും മറ്റ് ഉത്തരവാദപ്പെട്ട അധികാരികളും തയ്യാറാവേണ്ടതുണ്ട്. വീടിന്റെ കളിമുറ്റം മുതൽ എവിടെയും ഇതെല്ലാം മുഖവിലക്കെടുത്തുകൊണ്ടാവണം വിശ്വാസികളുടെ കളി വിനോദങ്ങളോടുള്ള കാഴ്ചപ്പാട് രൂപപ്പെടുത്തേണ്ടത്.

വിനോദങ്ങളോടുള്ള ഇസ്‌ലാമിന്റെ ക്രിയാത്മകസമീപനം കുട്ടികൾക്കു സമയക്രമമില്ലാത്ത ഒരു ജീവിതത്തിനുള്ള അനുവാദമല്ല. മറിച്ച് ഒരു നിക്ഷിതസമയം അതിന്നു നീക്കിവയ്ക്കാവുന്നതാണെന്ന് മാത്രം. സൂര്യാസ്തമയത്തിനു മുമ്പ് വീടണയാൻ മക്കളെ നാം ശീലിപ്പിക്കേണ്ടതുണ്ട്.

ചുരുക്കത്തിൽ, കുട്ടികളുടെ ശാരീരിക വളർച്ചയിൽ കളികൾക്കും കായിക മേഖലക്കും ചെറുതല്ലാത്ത സ്വാധീനവും പങ്കാളിത്തവുമുണ്ട്. അതിന്റെ ഒട്ടനവധി ഗുണങ്ങളെ സ്വാംശീകരിക്കാൻ ഉതകുംവിധം നീണ്ട കുട്ടിക്കാലം അല്ലാഹു നൽകി അനുഗ്രഹിച്ചിട്ടുണ്ട് താനും. അതിനാൽ തന്നെ വിനോദങ്ങളുടെ ക്രിയാത്മക നേട്ടങ്ങൾ നേടാൻ കുട്ടികൾക്കു രക്ഷിതാക്കളുടെ നിരീക്ഷണത്തിൽ അവസരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. വിദ്യാലയ പാഠപുസ്തകങ്ങളിൽനിന്ന് ലഭ്യമല്ലാത്ത ഒട്ടനവധി അധ്യാപനങ്ങൾ ഒറ്റക്കും കൂട്ടായുമുള്ള കായിക വിനോദങ്ങളിൽ ഏർപ്പെടുമ്പോൾ ഒരു കുഞ്ഞിന് ലഭിക്കുന്നുവെന്നതാണ് അതിലെ ശ്രദ്ധിക്കാതെ പോകുന്ന ഒരു നേട്ടം. കളിക്കോപ്പുമായി കളിക്കുന്ന കൊച്ചുകുട്ടി, അതിലൂടെ രൂപങ്ങൾ, നിറങ്ങൾ, വസ്ത്രങ്ങൾ തുടങ്ങി പലതും തിരിച്ചറിയാൻ ശീലിക്കുന്നു. കൂട്ടായി കളിക്കുമ്പോൾ, മറ്റുള്ളവരുമായുള്ള സാമൂഹ്യബന്ധങ്ങളെ നിർമിച്ചെടുക്കുന്നതെങ്ങനെ എന്ന് അവർക്ക് ബോധ്യപ്പെടുകയും വിജയകരമായി ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നു. കൂടാതെ പരസ്പര സഹകരണം, പങ്കുവയ്ക്കൽ, തന്റെ അവസരത്തിനായി കാത്തിരിക്കാനുള്ള മൂല്യബോധവും ക്ഷമയും നേടൽ, തെറ്റും ശരിയും വേർതിരിച്ചു മനസ്സിലാക്കൽ, നീതി, സത്യസന്ധത, സ്വയം നിയന്ത്രിക്കൽ, മത്സരബുദ്ധി, വിജയം മുന്നിൽ കണ്ടു പ്രവർത്തിക്കൽ, സ്വന്തം കഴിവുകളെ കണ്ടെത്തൽ, മറ്റുള്ളവരുമായി തന്റെ കഴിവുകളെ തുലനം ചെയ്യാൻ ശ്രമിക്കൽ, തന്റെ വൈയക്തിക കഴിവുകേടുകളും പോരായ്മകളും തിരിച്ചറിഞ്ഞ് അതിനെ അതിജയിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവൽ തുടങ്ങി നിരവധി പാഠങ്ങളും പരിശീലങ്ങളും വിനോദങ്ങളിൽ നിന്നും കായിക ശീലങ്ങളിൽനിന്നും വളർന്നുകൊണ്ടിരിക്കുന്ന കുട്ടി ആർജിച്ചെടുക്കുന്നു. ആയതിനാൽ നിർമാണാത്മകമായ കായിക വിനോദാവസരങ്ങൾ നൽകി മക്കളുടെ ശാരീരിക-മാനസിക വളർച്ച ശക്തിപ്പെടുത്താൻ മാതാപിതാക്കൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയെന്നതും പാരന്റിംഗിന്റെ അനിവാര്യ ഘടകങ്ങളിൽ പെട്ടതാണ്.

**(തുടരും)**

# ശപിക്കരുതേ!

ഹുസ്‌ന മലോറം



**വെ**യിലിന്റെ ചൂടിൽ
വാടിത്തളരുമ്പോൾ,
ജലാശയങ്ങൾ
വറ്റിവരളുമ്പോൾ,
കണ്ണുകൾ
മുകളിലേക്കുയരുന്നു,
മഴയുടെ ആരവത്തിനായി
മനസ്സ് കൊതിക്കുന്നു.
മഴ പെയ്തു തുടങ്ങുമ്പോൾ,
വെള്ളം ആർത്തിരമ്പി
വരുമ്പോൾ
നശിച്ച മഴയെന്നു
ശപിക്കുന്നു.

ആഗ്രഹിക്കാം,
പ്രാർഥിക്കാം;
മഴ മാറിനിൽക്കാൻ,
കെടുതിയിൽനിന്ന്
രക്ഷ ലഭിക്കാൻ.
എന്നാൽ ശാപമരുതേ,
മഴയില്ലെങ്കിൽ
വറ്റിവരളുന്നത്
ജീവിതമാണ്
ഒട്ടേറെ ജീവനുകളാണ്.
എല്ലാം നൽകുന്നത്
സ്രഷ്ടാവാണ്.


പുറത്തിറങ്ങി...
അടിസ്ഥാനം കാഴ്ച തന്നെ!
കണക്കിനെ അവലംബിക്കാമോ?
എല്ലാ മാസവും നോക്കേണ്ടതുണ്ടോ?
സൗദിയെ അടിസ്ഥാനമാക്കാമോ?
കോപ്പികൾക്ക് ബന്ധപ്പെടുക. : 73567 66478
മാസപ്പിറവി; പ്രാമാണികമായൊരു മാർഗരേഖ
ഹിലാൽ വിംഗ്
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ, കേരള
WISDOM
ISLAMIC ORGANIZATION

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
17 DECEMBER 2022

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹകനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅ്‌വത്തിനെ സംശയത്തോടെയും വിമർശനത്തോടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടിയുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനുഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുതപ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല.

വില: ₹280+₹360+₹420=₹1060
മുൻകൂർ ബുക്ക് ചെയ്യുന്നവർക്ക്:
₹860

**കോപ്പികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478**

മൂന്ന് വാല്യങ്ങൾ




# വഹാബി നവോത്ഥാനം
## വിമർശകരും വസ്തുതകളും
**ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ**

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478